മാസിക
# സുന്നത്ത്

**2026 മെയ്, 1447 ദുൽഖഅ്ദ – ദുൽഹിജ്ജ**
പുസ്തകം 49 / ലക്കം 3, വില 18 രൂപ

Samastha Kerala
Sunni Jam-iyyathul Mu-allimeen
Samastha Islamic Centre,
P.O Eranhippalam, Calicut-6

**Ph: 0495 277 2846**

sunnethmonthly@gmail.com
Sunnethcirculation@gmail.com




## മുഖക്കുറി

# കലാലയങ്ങൾ തെരഞ്ഞെടുക്കുമ്പോൾ

അവധിക്കാലം അവസാനിക്കാറായി. വീട്ടിൽ ഉമ്മയുടെ തണലും പരിചരണവും ലഭിച്ചു വളർന്ന കുഞ്ഞുമക്കൾ സ്കൂളിൽ പോയി ആദ്യാക്ഷരങ്ങൾ പഠിച്ചുതുടങ്ങുകയാണ്. മാതാപിതാക്കളോടും കുടുംബാംഗങ്ങളോടുമൊത്തുള്ള ജീവിതവലയത്തിൽ നിന്ന് അധ്യാപകരും പുതിയ കൂട്ടുകാരുമുള്ള മറ്റൊരു വിദ്യാവലയത്തിലേക്ക് മാറുകയാണ് മക്കൾ. ചെറുതെങ്കിലും ഈ അകൽച്ച കുട്ടികളുടെ മാനസിക നിലയിലും വ്യക്തിത്വവളർച്ചയിലും കാര്യമായ സ്വാധീനം ചെലുത്തും. മാതാപിതാക്കൾ തന്നെയാണതിന് പരിഹാരം കാണേണ്ടത്. മറ്റാരെക്കാളും കുഞ്ഞിന്റെ മനസ്സറിയുന്നവർ മാതാപിതാക്കളാണല്ലോ.

മക്കളുടെ വൈജ്ഞാനികവും ആത്മീയവും ധാർമികപരവുമായ ഭാവി മുന്നിൽ കണ്ടുകൊണ്ടാവണം കലാലയങ്ങളുടെ തെരഞ്ഞെടുപ്പ്. ഉയർന്ന ഫീസോ ഭൗതിക സംവിധാനങ്ങളോ മറ്റോ ആകരുത് അതിന്റെ മാനദണ്ഡം. മദ്റസപഠനത്തിനു തടസ്സമാകാത്ത വിധം സ്കൂൾപഠനം ക്രമീകരിക്കാനാണ് മക്കൾ ഇരുലോകത്തും ഉപകരിക്കണമെന്ന് ആഗ്രഹിക്കുന്ന മാതാപിതാക്കൾ ശ്രമിക്കുക. ഐഹികമായ നേട്ടങ്ങൾ മാത്രം മുന്നിൽകണ്ട് മക്കളെ പഠനത്തിനയയ്ക്കുന്ന മാതാപിതാക്കൾ അതിന്റെ തിക്തഫലം പിന്നീടാണനുഭവിക്കുക. കുട്ടികൾക്കു വേണ്ടി വിദ്യാലയങ്ങൾ തെരഞ്ഞെടുക്കുമ്പോൾ നല്ല ജാഗ്രത വേണമെന്നു സാരം.

**എഡിറ്റർ**

**Managing Editor**
Sayyid Ali Bafaqy Thangal

**Chief Editor**
V.P.M Villyapalli
9446 731 889, 0496 253 4373

**Executive Editor**
Shafeeq Bukhari Kanthapuram
cp222306@gmail.com

**General Manager**
Sulaiman Saqafi Kunhukulam

**Editor**
Muhammed Parannur

**Sub Editor**
E.M Sufyan Bukhari

**Circulation Manager**
Shareef saqafi Edayur

**Design & Layout**
Anvar Sadique Bukhari

കവർസ്റ്റോറി

## ജീവനെടുക്കുന്ന ലോൺആപ്പുകൾ

○ സാലിം ബുഖാരി

ലോൺആപ്പുകളുടെ കെണിയിൽപ്പെട്ട് പണവും അഭിമാനവും നഷ്ടപ്പെട്ട് ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണം ദിനംപ്രതി വർദ്ധിക്കുകയാണ്. ആവശ്യമായ സുരക്ഷാ മുൻകരുതലുകൾ സ്വീകരിച്ചില്ലെങ്കിൽ വലിയ അപകടം സംഭവിച്ചേക്കാം.

06




കവർസ്റ്റോറി

## നമ്മുടെ മക്കൾ സ്കൂളിലേക്ക്

○ കെ.എം ഫാത്തിമ ശമീമ

മാതാപിതാക്കളുടെയും കുടുംബാംഗങ്ങളുടെയും കൂടെ ചിരിച്ചും കളിച്ചും ലാളനയനുഭവിച്ചും ജീവിച്ച മക്കൾക്ക് വിദ്യാലയം പുതിയൊരനുഭവം സമ്മാനിക്കും. മക്കളെ സ്കൂളിൽ അയയ്ക്കുമ്പോൾ ശ്രദ്ധിക്കാൻ ചില കാര്യങ്ങൾ.

10




കവർസ്റ്റോറി

## ഉള്ഹിയ്യത്ത്, വിധികളും മര്യാദകളും

○ സിയാദ് സഖാഫി പാറന്നൂർ

വലിയ പ്രതിഫലം ലഭിക്കുന്ന പുണ്യകർമ്മമാണ് ഉള്ഹിയ്യത്ത്. നിരവധി കർമ്മശാസ്ത്ര നിയമങ്ങളും മര്യാദകളും ഉള്ഹിയ്യത്തിൽ ശ്രദ്ധിക്കാനുണ്ട്. കമ്മിറ്റികളുടെയും സംഘടനകളുടെയും മറ്റും കാർമികത്വത്തിൽ നടക്കുന്ന ബലികർമ്മങ്ങളിൽ വിശേഷിച്ചും.

13





20 **പരിസ്ഥിതിക്ക് കാവലേകാം**
അനസ് പി കാളികാവ്

**ഹജ്ജ് മാനവികതയുടെ സമാഗമം**
സൈനുദ്ദീൻ ശാമിൽ ഇർഫാനി



23



30 **സൂഫികളും വിവാഹവും**
അലി സഖാഫി പുൽപ്പറ്റ

05 തസ്കിയ
41 ശാഫിഈ ഫിഖ്ഹ്
49 വാർത്തകൾ

ചരിത്രാഖ്യായിക 27
നോവൽ 38
ഹനഫീ ഫിഖ്ഹ് 46

34 **ദീവാനുൽ ഹദ്ദാദിലെ പ്രമേയങ്ങൾ**
സൈനുൽആബിദ് ബുഖാരി

41 **വിദേശിയുടെ ഉള്ഹിയ്യത്ത് നാട്ടിലാകാമോ**
ചെറുശ്ശോല അബ്ദുൽജലീൽ സഖാഫി

43 **സൗഭാഗ്യങ്ങളുടെ അളവുകോൽ**
മുഹമ്മദ് ആസിം വിളയൂർ

47 **തഹജ്ജുദിന്റെ മാധുര്യം**
യാസിർ കൊടുവള്ളി

50 **മാഞ്ഞുപോകാത്ത മധുരങ്ങൾ**
റൈഹാൻ

തസ്കിയ

# മനസ്സ് നന്നാവട്ടെ!

തിരുനബി(സ) പറഞ്ഞു: 'മുസ്ലിമായ സഹോദരന്റെ ആവശ്യപൂർത്തീകരണത്തിനായി ഒരാൾ ഇറങ്ങി നടക്കുന്നുവെങ്കിൽ അയാൾക്ക് ഓരോ കാലടിക്കും പകരമായി എഴുപതു നന്മകൾ അല്ലാഹു രേഖപ്പെടുത്തും. എഴുപതു തിന്മകൾ മായ്ച്ചുകളയുകയും ചെയ്യും. എവിടെ നിന്നാണോ അയാൾ പുറപ്പെട്ടത്, അവിടെ തിരിച്ചെത്തുന്നതു വരെ ഇങ്ങനെ തുടരും. ആ സഹോദരന്റെ ആവശ്യം നിറവേറ്റിക്കൊടുത്താൽ നവജാത ശിശുവിനെപ്പോലെ അയാൾ പാപമുക്തനായിത്തീരും. ആ ഉദ്യമത്തിനിടയിൽ അയാൾ മരണപ്പെടാൻ ഇടയായാൽ വിചാരണ കൂടാതെ സ്വർഗ്ഗത്തിലെത്തും.' (അസ്ബഹാനി, അബൂയഅ്ലാ)

സാമൂഹിക സേവന പ്രവർത്തനങ്ങളുടെ മഹത്വം വിളംബരം ചെയ്യുന്ന ഒരു തിരുവചനമാണിത്. ഇബ്നുഅബ്ബാസ്(റ) പള്ളിയിൽ ഇഅ്തികാഫ് ഇരിക്കുകയായിരുന്നു. അതിനിടെ ഒരാൾ വന്നു സലാം പറഞ്ഞ് അവിടെയിരുന്നു. അയാൾ വളരെ പ്രയാസത്തിലും ദുഃഖത്തിലുമാണെന്ന് മനസ്സിലാക്കിയ ഇബ്നുഅബ്ബാസ്(റ) അതിന്റെ കാരണമെന്തെന്നന്വേഷിച്ചു. അയാൾ തന്റെ സാമ്പത്തിക പ്രയാസത്തെക്കുറിച്ചും കടത്തെക്കുറിച്ചും അതു വീട്ടാൻ കഴിയാത്തതിനെക്കുറിച്ചും സങ്കടം പറഞ്ഞു. അപ്പോൾ ഇബ്നുഅബ്ബാസ് അയാളുടെ പ്രശ്നപരിഹാരത്തിനായി പള്ളിയിൽ നിന്നിറങ്ങി. 'പള്ളിയിൽ ഇഅ്തികാഫിരിക്കുന്ന താങ്കൾ അക്കാര്യം മറന്നുപോയോ' എന്നയാൾ ചോദിച്ചപ്പോൾ ഇബ്നുഅബ്ബാസ്(റ) പറഞ്ഞു: 'ഒരാൾ തന്റെ സഹോദരന്റെ ആവശ്യനിർവഹണത്തിനായി പുറത്തിറങ്ങുകയും അക്കാര്യം നിറവേറ്റിക്കൊടുക്കുകയും ചെയ്യുന്നത് പത്തുവർഷം പള്ളിയിൽ ഇഅ്തികാഫ് ഇരിക്കുന്നതിനെക്കാൾ ശ്രേഷ്ഠമാണെന്ന് തിരുനബി(സ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്.' (ബൈഹഖി)

അതിശ്രേഷ്ഠമായ ആരാധനാകർമമാണ് ഇഅ്തികാഫ്. അതിനെക്കാൾ ശ്രേഷ്ഠത സാമൂഹിക സേവന പ്രവർത്തനങ്ങൾക്കുണ്ടെന്നാണ് പ്രസ്തുത വചനങ്ങൾ വ്യക്തമാക്കുന്നത്. സംഘടനാ പ്രവർത്തകർക്ക് സന്തോഷം നൽകുന്നു, പ്രതീക്ഷകൾ നൽകുന്നു ഈ വചനങ്ങൾ. സമാനമായ ആശയമുള്ള വേറെയും വചനങ്ങളുണ്ട്. എന്നാൽ, ഈ പുണ്യം കൈവരിക്കണമെങ്കിൽ നമ്മുടെ മനസ്സിലെ ഉദ്ദേശ്യം നിഷ്കളങ്കമായിരിക്കണം.

ആത്മപരിശോധന നടത്തുക; സാമൂഹിക പ്രവർത്തനത്തിനിറങ്ങുമ്പോൾ മനസ്സിൽ എന്തെല്ലാം വികാരവിചാരങ്ങളാണുള്ളത്? ജനങ്ങൾക്കിടയിൽ പേരും പ്രസിദ്ധിയും, മറ്റുള്ളവരുടെ മുമ്പിൽ ആളാവൽ, ജനങ്ങൾക്കിടയിൽ സ്വാധീനമുണ്ടാക്കൽ, പാർട്ടി വളർത്തൽ, ഹീറോ ആവൽ... ഇങ്ങനെ പലതരം സ്വാർത്ഥ ചിന്തകളായിരിക്കാം പലരെയും സാമൂഹിക പ്രവർത്തനങ്ങൾക്ക് പ്രേരിപ്പിക്കുന്നത്. എങ്കിൽ, അത് പുണ്യകരമാവില്ലെന്നു മാത്രമല്ല, പരലോകത്ത് കഠിന ശിക്ഷക്ക് കാരണമാവുകയും ചെയ്തേക്കാം. അതുകൊണ്ട് മനസ്സ് നന്നാക്കാൻ ആവും വിധം ശ്രമിക്കുക. എങ്കിൽ അതിശ്രേഷ്ഠമായ പുണ്യകർമ്മമാണ് സാമൂഹിക പ്രവർത്തനം എന്ന് തിരിച്ചറിയുക. അല്ലാഹു സഹായിക്കട്ടെ. ആമീൻ

കവർസ്റ്റോറി

സാലിം ബുഖാരി ആമപ്പൊയിൽ

# ജീവനെടുക്കുന്ന ലോൺആപ്പുകൾ

ഏതാനും ദിവസങ്ങൾക്കു മുമ്പാണ് കണ്ണൂരിലെ ഡെന്റൽകോളേജ് വിദ്യാർത്ഥി നിതിൻരാജ് ആത്മഹത്യ ചെയ്തത്. ഒന്നാം വർഷ ബിഡിഎസ് വിദ്യാർത്ഥിയായിരുന്ന നിതിൻ, 'ഇൻസ്റ്റാ പേ' എന്ന ആപ്പിൽ നിന്ന് അമ്മയുടെ ചികിത്സാവശ്യാർത്ഥം 15,000 രൂപ വായ്പയെടുത്തിരുന്നു. 36 ശതമാനം പലിശ നിരക്കിലായിരുന്നു വായ്പ. തിരിച്ചടവ് മുടങ്ങിയതിനെത്തുടർന്ന് ആപ്പ് പ്രതിനിധികൾ നിതിനെ നിരന്തരം ഭീഷണിപ്പെടുത്തുകയും കോൺടാക്റ്റ് ലിസ്റ്റിലുണ്ടായിരുന്ന അധ്യാപകർക്കും സഹപാഠികൾക്കും സന്ദേശങ്ങൾ അയയ്ക്കുകയും ചെയ്തു. നിതിൻ നേരിട്ട കടുത്ത മാനസിക സമ്മർദ്ദവും കോളേജിലെ ചില അധ്യാപകരിൽ നിന്നുണ്ടായ ഒറ്റപ്പെടുത്തലും ആത്മഹത്യയിലേക്ക് നയിച്ചുവെന്നാണ് പോലീസ് കണ്ടെത്തൽ.

തിരുവനന്തപുരം ആര്യനാട് സ്വദേശിയായ യുവാവും പാലക്കാട് കൊഴിഞ്ഞാമ്പാറ സ്വദേശിയും സമാനമായ ലോൺആപ്പ് ഭീഷണികളെത്തുടർന്ന് ജീവനൊടുക്കിയതായുള്ള റിപ്പോർട്ടുകൾ നാം കണ്ടു. പുതിയ കാലത്ത് ലോൺആപ്പുകൾ വഴി വലിയ ചൂഷണങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന സാക്ഷ്യപ്പെടുത്തലാണ് ഇത്തരം വാർത്തകൾ.




## തട്ടിപ്പുകളുടെ പ്രവർത്തനരീതി

ഡിജിറ്റൽ വായ്പകളുടെ വർദ്ധിച്ചുവരുന്ന ആവശ്യകത മുതലെടുത്താണ് നൂറുകണക്കിന് അനധികൃത ലോൺആപ്പുകൾ വിപണിയിൽ കടന്നുകൂടിയിട്ടുള്ളത്. ഇവ മിക്കപ്പോഴും നിയമപരമായ ബാങ്കിംഗ് ഇതര സാമ്പത്തിക സ്ഥാപനങ്ങളുടെ പേരിൽ വ്യാജമായി പ്രവർത്തിക്കുന്നു. ഫിൻടെക് അസോസിയേഷൻ ഫോർ കൺസ്യൂമർ എംപവർമെന്റ് നടത്തിയ പഠനമനുസരിച്ച്, ഇന്ത്യയിൽ ലഭ്യമായ ഏകദേശം 1,100 ലോൺആപ്പുകളിൽ പകുതിയിലേറെയും അനധികൃതമോ സംശയാസ്പദമോ ആണ്. ഈ ആപ്പുകളുടെ പ്രവർത്തനരീതി വളരെ സങ്കീർണ്ണവും വഞ്ചനാപരവുമാണ്. ഇവയെ പ്രധാനമായും

താഴെ പറയുന്ന ഘട്ടങ്ങളിലൂടെ വിശകലനം ചെയ്യാം:

## ഡാറ്റാ ചോർച്ചയും സ്വകാര്യതാ ലംഘന വും

ഒരു ഉപഭോക്താവ് ആപ്പ് ഇൻസ്റ്റാൾ ചെയ്യുന്ന വേളയിൽ തന്നെ അയാളുടെ ഫോണിലെ കോൺടാക്റ്റ് ലിസ്റ്റ്, ഗാലറി, ലൊക്കേഷൻ, എസ്എംഎസ് ലോഗുകൾ എന്നിവ ഉപയോഗിക്കാനുള്ള അനുമതി ആപ്പ് ആവശ്യപ്പെടുന്നു. വായ്പ ലഭിക്കണമെങ്കിൽ ഈ അനുമതി നൽകാൻ ഉപഭോക്താവ് നിർബന്ധിതനാകുന്നു. ഒരിക്കൽ അനുമതി ലഭിച്ചാൽ, ഈ വിവരങ്ങൾ വിദേശങ്ങളിലുള്ള സെർവറുകളിലേക്ക് കൈമാറും. തിരിച്ചടവ് വൈകുകയോ മുടങ്ങുകയോ ചെയ്യുന്ന ഘട്ടത്തിൽ വായ്പക്കാരനെ ഭീഷണിപ്പെടുത്താൻ ഈ വിവരങ്ങളാണ് ഉപയോഗിക്കുന്നത്.

## കൊള്ളപ്പലിശയും ചാർജുകളും

ലോൺആപ്പുകൾ വാഗ്ദാനം ചെയ്യുന്ന പലിശ നിരക്കുകൾ പലപ്പോഴും നിയമാനുസൃതമായ പരിധികൾ ലംഘിക്കുന്നവയാണ്. വർഷത്തിൽ 36 ശതമാനം മുതൽ 100 ശതമാനം വരെ പലിശ ഈടാക്കിയ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വായ്പാ തുക കൈമാറുന്നതിനു മുമ്പുതന്നെ വലിയൊരു തുക പ്രോസസിംഗ് ഫീ ഇനത്തിൽ കുറയ്ക്കുന്നു. ഉദാഹരണത്തിന്, 15,000 രൂപ വായ്പയെടുക്കുന്ന വ്യക്തിക്ക് ലഭിക്കുന്നത് 10,000 രൂപയിൽ താഴെ മാത്രമായിരിക്കും. എന്നാൽ, മുഴുവൻ തുകയ്ക്കും പലിശ നൽകേണ്ടതായും വരും.

## തിരിച്ചടവും കാലാവധിയും

പരസ്യങ്ങളിൽ 90 ദിവസം വരെ കാലാവധി വാഗ്ദാനം ചെയ്യുമെങ്കിലും, യഥാർത്ഥത്തിൽ 7 മുതൽ 14 ദിവസത്തിനുള്ളിൽ തിരിച്ചടയ്ക്കാൻ ഭീഷണി ആരംഭിക്കുന്നു. പണം തിരിച്ചടയ്ക്കാൻ കഴിയാത്തവർക്ക് മറ്റൊരു ആപ്പിൽ നിന്ന് വായ്പയെടുത്ത് ഈ കടം വീട്ടാൻ നിർദ്ദേശം നൽകുന്നു. ഇത് ഉപഭോക്താവിനെ ഒന്നിനുപുറകെ ഒന്നായി കടക്കെണികളിലേക്ക് തള്ളിയിടുന്നു.

തട്ടിപ്പ് തന്ത്രങ്ങൾ വിവിധ രീതികളിൽ നടപ്പാക്കപ്പെടുന്നുണ്ട്. ഇവ ഉപഭോക്താക്കളെ വഞ്ചിക്കുന്നതിനും മാനസികമായി സമ്മർദ്ദത്തിലാക്കുന്നതിനും കാരണമാ

---

⊕ പ്ലസ്പോയിന്റ്

### ലോൺആപ്പുകളും സാമ്പത്തിക മേഖലയും

ഇന്ത്യൻ സാമ്പത്തിക മേഖലയുടെ ഡിജിറ്റലൈസേഷൻ പ്രക്രിയ കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ അഭൂതപൂർവമായ വളർച്ചയ്ക്കാണ് സാക്ഷ്യം വഹിച്ചത്. സ്മാർട്ട്ഫോണുകളുടെ വ്യാപനവും അതിവേഗ ഇന്റർനെറ്റ് സേവനങ്ങളുടെ ലഭ്യതയും സാമ്പത്തിക ഇടപാടുകളെ കൂടുതൽ സുതാര്യമാക്കിയിരിക്കുകയാണ്. ഈ മാറ്റത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണ് ഡിജിറ്റൽ വായ്പാ സംവിധാനങ്ങൾ അഥവാ ലോൺആപ്പുകൾ. പരമ്പരാഗത ബാങ്കിംഗ് സംവിധാനങ്ങൾക്കു പുറത്തുള്ള വലിയൊരു വിഭാഗം ജനങ്ങൾക്ക്, പ്രത്യേകിച്ച് ചെറുകിട സംരംഭകർക്കും സാധാരണക്കാർക്കും വായ്പകൾ എളുപ്പത്തിൽ ലഭ്യമാക്കാൻ ഈ സംവിധാനങ്ങൾ സഹായിച്ചിട്ടുണ്ട്. എന്നാൽ, ഈ സൗകര്യങ്ങളുടെ മറവിൽ വളർന്നുവരുന്ന അനധികൃത ലോൺആപ്പുകളും അവ സൃഷ്ടിക്കുന്ന കടുത്ത സാമൂഹിക, സാമ്പത്തിക പ്രശ്നങ്ങളും ഗൗരവവേറിയ ചർച്ചകൾക്ക് വഴിവെച്ചിട്ടുണ്ട്.

വായ്പയെടുക്കുന്നവരുടെ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റം, കൊള്ളപ്പലിശ, ഭീഷണിപ്പെടുത്തുന്ന രീതിയിൽ തിരിച്ചടവ് സാധ്യമാക്കാനുള്ള തന്ത്രങ്ങൾ എന്നിവ വലിയൊരു വിഭാഗത്തെ ആത്മഹത്യയുടെ വക്കിലേക്കു വരെ എത്തിക്കുന്നു. കേരളം പോലുള്ള ഉയർന്ന സാക്ഷരതയുള്ള സംസ്ഥാനങ്ങളിൽ പോലും ഇത്തരം തട്ടിപ്പുകൾ വർധിച്ചുവരുന്നതായാണ് കാണുന്നത്. ഡിജിറ്റൽ സാക്ഷരതയും സാമ്പത്തിക സാക്ഷരതയും നഷ്ടപ്പെടുന്നതുകൊണ്ടാണിത്.

---

പരസ്യങ്ങളിൽ 90 ദിവസം വരെ കാലാവധി വാഗ്ദാനം ചെയ്യുമെങ്കിലും, യഥാർത്ഥത്തിൽ 7 മുതൽ 14 ദിവസത്തിനുള്ളിൽ തിരിച്ചടയ്ക്കാൻ ഭീഷണി ആരംഭിക്കുന്നു. പണം തിരിച്ചടയ്ക്കാൻ കഴിയാത്തവർക്ക് മറ്റൊരു ആപ്പിൽ നിന്ന് വായ്പയെടുത്ത് ഈ കടം വീട്ടാൻ നിർദ്ദേശം നൽകുന്നു. ഇത് ഉപഭോക്താവിനെ ഒന്നിനുപുറകെ ഒന്നായി കടക്കെണികളിലേക്ക് തള്ളിയിടുന്നു.

കുന്നു. അതിനു പുറമെ, വ്യാജ എൻബിഎഫ്സി അസോസിയേഷൻ രീതിയിൽ, ആർബിഐ അംഗീകാരമുള്ള സ്ഥാപനങ്ങളുടെ പേര് ദുരുപയോഗം ചെയ്ത് ഉപഭോക്താവിനെ വിശ്വസിപ്പിക്കുകയും, അതുവഴി തട്ടിപ്പിൽപ്പെടാനുള്ള സാധ്യത വർധിക്കുകയും ചെയ്യുന്നു. പ്ലേ സ്റ്റോർ ഒഴിവാക്കി ലിങ്കുകൾ വഴി ആപ്പുകൾ ഇൻസ്റ്റാൾ ചെയ്യാൻ നിർബന്ധിതരാക്കുകയാണ് അതിൽ ഒരു രീതി. ഇതിലൂടെ സാധാരണ സുരക്ഷാ മാനദണ്ഡങ്ങൾ മറികടക്കാനുള്ള വഴിയൊരുക്കുകയാണ്. കോൺടാക്റ്റ് ലിസ്റ്റ് ചോർത്തൽ വഴി, ഫോണിലുള്ള എല്ലാ നമ്പറുകളും കൈക്കലാക്കി ബന്ധുക്കളെയും സുഹൃത്തുക്കളെയും വിളിച്ച് ഉപഭോക്താവിനെ അപമാനിക്കുന്നു. ഭീഷണിപ്പെടുത്തുന്ന വിളികൾ വഴി, പ്രതിദിനം 50 മുതൽ 100 വരെ കോളുകൾ ചെയ്ത് ഉപഭോക്താവിൽ ഗുരുതരമായ മാനസികസമ്മർദ്ദം സൃഷ്ടിക്കുന്നു.

**പ്ലേ സ്റ്റോർ ഒഴിവാക്കി ലിങ്കുകൾ വഴി ആപ്പുകൾ ഇൻസ്റ്റാൾ ചെയ്യാൻ നിർബന്ധിതരാക്കുകയാണ് ഒരു രീതി. ഇതിലൂടെ സാധാരണ സുരക്ഷാ മാനദണ്ഡങ്ങൾ മറികടക്കാനുള്ള വഴിയൊരുക്കുകയാണ്. കോൺടാക്റ്റ് ലിസ്റ്റ് ചോർത്തൽ വഴി, ഫോണിലുള്ള എല്ലാ നമ്പറുകളും കൈക്കലാക്കി ബന്ധുക്കളെയും സുഹൃത്തുക്കളെയും വിളിച്ച് ഉപഭോക്താവിനെ അപമാനിക്കുന്നു. ഇത് ഉപഭോക്താവിൽ ഗുരുതരമായ മാനസിക സമ്മർദ്ദം സൃഷ്ടിക്കുന്നു.**

## സാമൂഹിക പ്രത്യാഘാതങ്ങൾ

ലോൺആപ്പുകൾ സൃഷ്ടിക്കുന്ന സാമൂഹികാഘാതങ്ങൾ കേരളത്തിൽ ഏറെ പ്രകടമാണ്. ഉയർന്ന സ്മാർട്ട്ഫോൺ ഉപയോഗവും ഡിജിറ്റൽ സാക്ഷരതയുമുള്ള സംസ്ഥാനമായതുകൊണ്ടുതന്നെ കേരളത്തിലെ യുവാക്കളും വിദ്യാർത്ഥികളും ഇത്തരം തട്ടിപ്പുകളിൽ എളുപ്പത്തിൽ വീണുപോകുന്നു. വായ്പയെടുക്കുന്നവരുടെ ആത്മഹത്യകളും മാനസികപീഡനങ്ങളും സാമൂഹികമായ ഒറ്റപ്പെടലുകളും ഒരു വലിയ പ്രതിസന്ധിയായി മാറിയിരിക്കുന്നു. തുടക്കത്തിൽ പരാമർശിച്ച വാർത്തകൾ അതിനുദാഹരണങ്ങളാണ്.



## യുവാക്കളിലെ സാമ്പത്തികസമ്മർദ്ദം

കേരളത്തിലെ യുവാക്കൾക്കിടയിൽ ലോൺആപ്പുകളുടെ ഉപയോഗം സൃഷ്ടിക്കുന്ന ആഘാതത്തെക്കുറിച്ച് നടത്തിയ പഠനത്തിൽ വായ്പയുടെ ആവൃത്തിയും സാമ്പത്തിക സമ്മർദ്ദവും തമ്മിൽ നേരിട്ടു ബന്ധമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. 200 പേർക്കിടയിൽ നടത്തിയ സർവ്വേയിൽ പേഴ്സൺസ് കോറിലേഷൻ മൂല്യം 0.7618 ആയി രേഖപ്പെടുത്തിയിരിക്കുന്നു. ഇതിനർത്ഥം ലോൺആപ്പുകളുടെ ഉപയോഗം കൂടുന്നതിനനുസരിച്ച് സാമ്പത്തികമായും മാനസികമായുമുള്ള സമ്മർദ്ദം ഗണ്യമായി വർദ്ധിക്കുന്നുവെന്നാണ്. ലളിതമായ വായ്പാ വിതരണം സാമ്പത്തിക സേവനങ്ങൾ ലഭ്യമാക്കാനുള്ള അവസരങ്ങളുടെ ലഭ്യതയും തുല്യതയും സാധ്യമാക്കാൻ സഹായിക്കുമെങ്കിലും, അവയുടെ തെറ്റായ ഉപയോഗം കടക്കെണി, വരുമാനചോർച്ച തുടങ്ങി നിരവധി പ്രശ്നങ്ങൾക്ക് കാരണമാകുന്നു.

ചുരുക്കത്തിൽ, പുതിയ കാലത്ത് ലോൺആപ്പുകൾ സാമ്പത്തിക വളർച്ചയുടെയും സാധ്യതയുടെയും പ്രതീകമായി കാണപ്പെടുമ്പോഴും, അവ സൃഷ്ടിക്കുന്ന സാമൂഹിക, സാമ്പത്തിക പ്രത്യാഘാതങ്ങൾ അവഗണിക്കാൻ കഴിയില്ല. അതിവേഗത്തിൽ പണം ലഭ്യമാക്കാനുള്ള മനുഷ്യന്റെ ആഗ്രഹവും അടിയന്തര സാഹചര്യങ്ങളിലെ സമ്മർദ്ദവുമാണ് പലപ്പോഴും തട്ടിപ്പുകാർ മുതലെടുക്കുന്നത്. റിസർവ് ബാങ്കിന്റെ 2025 ലെ മാർഗ്ഗനിർദ്ദേശങ്ങൾ വായ്പക്കാർക്ക് വലിയൊരു സംരക്ഷണം നൽകുന്നുണ്ട്. എങ്കിലും, നിയമപരമായ നിയന്ത്രണങ്ങൾക്കൊപ്പം തന്നെ പൊതുജനങ്ങളുടെ ജാഗ്രതയും ഡിജിറ്റൽ സാമ്പത്തിക സാക്ഷരതയും വർദ്ധിപ്പിച്ചാൽ മാത്രമേ ഈ വിപത്തിനെ പൂർണ്ണമായും തുടച്ചുനീക്കാൻ കഴിയുകയുള്ളൂ. സുരക്ഷിതമായ ഒരു ഡിജിറ്റൽ സാമ്പത്തിക അന്തരീക്ഷം കെട്ടിപ്പടുക്കുന്നതിൽ സർക്കാരിനും റെഗുലേറ്റർമാർക്കും പോലീസിനുമൊപ്പം ഓരോ പൗരനും ഉത്തരവാദിത്തമുണ്ട്. അശ്രദ്ധമായി കൈമാറുന്ന ഓരോ അനുമതിയും നമ്മുടെ സ്വകാര്യതയിലേക്കും സാമ്പത്തിക സുരക്ഷിതത്വത്തിലേക്കുമുള്ള കടന്നുകയറ്റമാകുമെന്ന് തിരിച്ചറിയണം.

നിയമപരമായ നിയന്ത്രണങ്ങൾക്കൊപ്പം തന്നെ പൊതുജനങ്ങളുടെ ജാഗ്രതയും ഡിജിറ്റൽ സാമ്പത്തിക സാക്ഷരതയും വർദ്ധിപ്പിച്ചാൽ മാത്രമേ ഈ വിപത്തിനെ പൂർണ്ണമായും തുടച്ചുനീക്കാൻ കഴിയുകയുള്ളൂ. സുരക്ഷിതമായ ഡിജിറ്റൽ സാമ്പത്തിക അന്തരീക്ഷം കെട്ടിപ്പടുക്കുന്നതിൽ സർക്കാരിനും പോലീസിനുമൊപ്പം ഓരോ പൗരനും ഉത്തരവാദിത്തമുണ്ട്. അശ്രദ്ധമായി കൈമാറുന്ന ഓരോ അനുമതിയും നമ്മുടെ സ്വകാര്യതയിലേക്കും സാമ്പത്തിക സുരക്ഷിതത്വത്തിലേക്കുമുള്ള കടന്നുകയറ്റമാകുമെന്ന് തിരിച്ചറിയണം.

പ്ലസ്പോയിന്റ്

### സുരക്ഷാ നിർദ്ദേശങ്ങൾ

ഡിജിറ്റൽ വായ്പകൾ സുരക്ഷിതമായി ഉപയോഗിക്കുന്നതിന് ഓരോ ഉപഭോക്താവും താഴെ പറയുന്ന കാര്യങ്ങളിൽ ജാഗ്രത പാലിക്കേണ്ടതുണ്ട്:

1. അംഗീകൃത ആപ്പുകൾ മാത്രം ഉപയോഗിക്കുക: ഒരു ആപ്പ് ഡൗൺലോഡ് ചെയ്യുന്നതിന് മുമ്പ് അതിന്റെ ഡെവലപ്പർ ആരാണെന്നും അത് ഏതെങ്കിലും എൻബിഎഫ്സിയുമായോ ബാങ്കുമായോ ബന്ധപ്പെട്ടതാണോ എന്നും പരിശോധിക്കുക. ആർബിഐ വെബ്സൈറ്റിലെ ഡയറക്ടറി ഇതിനുപയോഗിക്കാം.

2. പെർമിഷനുകൾ സൂക്ഷ്മമായി പരിശോധിക്കുക: വായ്പയുമായി ബന്ധമില്ലാത്ത കാൾലോഗുകൾ, ഗാലറി, കോൺടാക്റ്റുകൾ എന്നിവയുടെ ആക്സസ് ചോദിക്കുന്ന ആപ്പുകൾ ഇൻസ്റ്റാൾ ചെയ്യരുത്.

3. എപികെ ലിങ്കുകൾ ഒഴിവാക്കുക: വാട്സാപ്പിലൂടെയോ എസ്എംഎസ് ലിങ്കിലൂടെയോ വരുന്ന ആപ്പുകൾ ഇൻസ്റ്റാൾ ചെയ്യുന്നത് വലിയ ആഘാതമുണ്ടാക്കും.

4. ഔദ്യോഗിക ആപ്പ് സ്റ്റോറുകൾ മാത്രം ഉപയോഗിക്കുക, എപിആർ പരിശോധിക്കുക: പലിശ നിരക്ക് മാത്രം നോക്കാതെ, പ്രോസസിംഗ് ഫീ ഉൾപ്പെടെയുള്ള മൊത്തം വാർഷിക ചെലവ് എത്രയാണെന്ന് വായ്പാ കരാറിൽ നോക്കുക.

5. പരാതിപ്പെടാൻ മടിക്കരുത്: ഭീഷണികളോ അനാവശ്യകോളുകളോ ഉണ്ടായാൽ ഉടൻ തന്നെ സൈബർ സെല്ലിലോ 1930 എന്ന നമ്പറിലോ വിവരം അറിയിക്കുക. ലജ്ജിച്ചോ പേടിച്ചോ പരാതി നൽകാതിരിക്കുന്നത് തട്ടിപ്പുകാരെ കൂടുതൽ കരുത്തരാക്കും

കവർസ്റ്റോറി

കെ എം ഫാത്വിമ ശമീമ
(കൺസൾട്ടന്റ് സൈക്കോളജിസ്റ്റ്)

# നമ്മുടെ മക്കൾ സ്കൂളിലെത്തുമ്പോൾ

മക്കൾക്ക് നല്ല വിദ്യാഭ്യാസം നൽകലും അതിനായി മികച്ച സ്കൂളിൽ അയയ്ക്കലുമെല്ലാം മാതാപിതാക്കളുടെ സ്വപ്നമാണ്. എന്നാൽ, എത്ര വയസ്സു മുതൽ കുഞ്ഞിനെ സ്കൂളിൽ വിടണമെന്നത് പലപ്പോഴും രക്ഷിതാക്കൾക്കിടയിൽ ആശയക്കുഴപ്പമുണ്ടാക്കാറുണ്ട്. കാണുന്നവരോടെല്ലാം ചോദിച്ച് അഭിപ്രായമാരാഞ്ഞ് വിഷയം കൂടുതൽ സങ്കീർണമാക്കുന്നവരുമുണ്ട്. യഥാർത്ഥത്തിൽ, എപ്പോഴാണ് മക്കളെ സ്കൂളിലേക്കും പ്രീ-സ്കൂളിലേക്കും പറഞ്ഞുവിടേണ്ടതെന്ന് പരിശോധിക്കാം.

മക്കളുടെ വികൃതികളിൽ നിന്ന് വൈകുന്നേരം വരെ ആശ്വാസം ലഭിക്കാനുള്ള ഉമ്മമാരുടെ രക്ഷാമാർഗമായി പലപ്പോഴും പ്രീ-സ്കൂൾ മാറാറുണ്ട്. അംഗൻവാടികളിലെത്തുന്നവരിലുമുണ്ട് ഈ വിഭാഗം കുട്ടികൾ. പ്രീ-സ്കൂളും അംഗൻവാടികളുമെല്ലാം മക്കളുടെ പുരോഗതിക്കുവേണ്ടിയാണെന്നതു ശരി തന്നെ. വീട്ടിൽനിന്നു നൽകാൻ കഴിയാത്ത പോഷകങ്ങളെല്ലാം പലപ്പോഴും മക്കൾക്ക് ലഭിക്കുന്നത് അംഗൻവാടി, പ്രീ-സ്കൂൾ സംവിധാനങ്ങളിലൂടെയാണ്. കുഞ്ഞിനുവേണ്ടി സ്കൂൾ തിരഞ്ഞെടുക്കുമ്പോൾ ആദ്യമായി പരിഗണിക്കേണ്ടത് കുട്ടികളുടെ ജീവിതസാഹചര്യത്തിൽ വരുന്ന മാറ്റമാണ്. ജനിച്ചുവളർന്ന വീടും കുടുംബവും മാത്രമാണ് ലോകമെന്ന് വിചാരിച്ച കുഞ്ഞിന് കിട്ടുന്ന ആദ്യ പുറംലോകമാണ് പ്രീ-സ്കൂൾ. മറ്റുള്ളവരിൽ നിന്ന് പഠിക്കാനും, അധ്യാപകരിൽ നിന്ന് കണ്ടും കേട്ടും മനസ്സിലാക്കാനും കുഞ്ഞുങ്ങൾ തുടങ്ങുന്നത് പ്രീ-സ്കൂളിലൂടെയാണ്. അതിനാൽ, അവർക്കു വേണ്ടി സ്കൂൾ തിരഞ്ഞെടുക്കുമ്പോൾ ഇക്കാര്യങ്ങളെല്ലാം ശ്രദ്ധിക്കണമെന്നു ചുരുക്കം.

ഒരുപക്ഷേ, സ്കൂളിൽ അദ്ധ്യാപകർക്ക് ഒരുപാട് കാര്യങ്ങൾ മക്കൾക്ക് പഠിപ്പിച്ചുകൊടുക്കാനായേക്കും. എന്നാൽ, കുഞ്ഞുങ്ങളിലെ മാനസിക-വൈകാരിക



മക്കളുടെ വികൃതികളിൽ നിന്ന് വൈകുന്നേരം വരെ ആശ്വാസം ലഭിക്കാനുള്ള ഉമ്മമാരുടെ രക്ഷാമാർഗമായി പലപ്പോഴും പ്രീ-സ്കൂൾ മാറാറുണ്ട്. അംഗൻവാടികളിലെത്തുന്നവരിലുമുണ്ട് ഈ വിഭാഗം കുട്ടികൾ. പ്രീ-സ്കൂളും അംഗൻവാടികളുമെല്ലാം മക്കളുടെ പുരോഗതിക്കുവേണ്ടിയാണെന്നതു ശരി തന്നെ. വീട്ടിൽനിന്നു നൽകാൻ കഴിയാത്ത പോഷകങ്ങളെല്ലാം പലപ്പോഴും മക്കൾക്ക് ലഭിക്കുന്നത് അംഗൻവാടി, പ്രീ-സ്കൂൾ സംവിധാനങ്ങളിലൂടെയാണ്.

വളർച്ചക്കനുസരിച്ച് എല്ലാവരെയും പ്രത്യേകം പരിഗണിക്കാൻ അധ്യാപകർക്ക് കഴിയണമെന്നില്ല. ഓരോ കുഞ്ഞിന്റെയും ബൗദ്ധികവളർച്ച വ്യത്യസ്തമാണെന്നിരിക്കെ ക്ലാസിൽ മൊത്തത്തിൽ ശ്രദ്ധ കൊടുക്കാനെ അദ്ധ്യാപകന് സാധിക്കൂ. അതേ സമയം, കുഞ്ഞിന്റെ പെരുമാറ്റം, ശാരീരികവും മാനസികവുമായ വളർച്ച തുടങ്ങിയവ സംബന്ധിച്ച് മാതാപിതാക്കൾക്കാണ് കൂടുതലറിയുക. അഥവാ, ഒരു കാര്യം ടീച്ചർ പഠിപ്പിച്ചുകൊടുക്കുന്നത് ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും ഒരുപോലെയായിരിക്കും. എന്നാൽ, മക്കൾക്ക് ആ കാര്യം എങ്ങനെ മനസ്സിലാക്കിക്കൊടുക്കണമെന്ന് മാതാപിതാക്കൾക്ക് നന്നായറിയാം.

അതിനാൽ, കുഞ്ഞിനെ പ്രീ-സ്കൂളിൽ അയയ്ക്കുന്നതോടെ മാതാപിതാക്കളുടെ റോൾ കുറയുകയല്ല; കൂടുകയാണ് ചെയ്യുന്നത്. സ്കൂളിൽ നിന്ന് കണ്ടും കേട്ടും വരുന്ന കാര്യങ്ങളിലെ നന്മയും തിന്മയും വേർതിരിച്ചു കൊടുക്കുന്നതു മുതൽ കുഞ്ഞിന്റെ ശാരീരികവും മാനസികവുമായ വളർച്ചയിൽ പോലും കൂടുതൽ ശ്രദ്ധിക്കണം. മക്കളെ സ്കൂളിലേക്കയയ്ക്കുമ്പോൾ ശ്രദ്ധിക്കേണ്ട ചില പ്രധാന കാര്യങ്ങൾ വായിക്കാം:



**വികസനസന്നദ്ധത (Developmental Readiness)**: എല്ലാ കുട്ടികളും സ്കൂളിനെയും ചുറ്റുവട്ടത്തെയും ഉൾക്കൊള്ളാൻ മാനസികമായി തയ്യാറാകണമെന്നില്ല. ചില കുട്ടികൾക്ക് മാതാവിനോടുള്ള അടുപ്പം കൂടുതലായിരിക്കും. ചിലർക്കാവട്ടെ, പുതിയ സാഹചര്യങ്ങളുമായി എളുപ്പത്തിൽ ഇണങ്ങാൻ കഴിയും. കുട്ടിയുടെ സംസാരശേഷി, സാമൂഹിക ഇടപെടൽ, സ്വന്തമായി കാര്യങ്ങൾ ചെയ്യാനുള്ള ശേഷി എന്നിവ വിലയിരുത്തി മാത്രമേ സ്കൂളിലേക്കയയ്ക്കാനുള്ള തീരുമാനമെടുക്കാവൂ. ബലമായി അയക്കുന്നത് കുട്ടിയിൽ ഭയം, ആശങ്ക, സ്കൂൾ നിരസിക്കൽ (School refusal) പോലുള്ള പ്രശ്നങ്ങൾ സൃഷ്ടിച്ചേക്കാം.

**വൈകാരിക സുരക്ഷ (Emotional security):** പ്രീ-സ്കൂൾ കുട്ടികൾക്ക് മാതാപിതാക്കളിൽ നിന്ന് വേർപിരിയുന്നത് വലിയ മാനസിക സമ്മർദ്ദമായി മാറിയേക്കാം. ഒരുപാട് നിർബന്ധിച്ചോ കരയിപ്പിച്ചോ കുഞ്ഞിനെ പറഞ്ഞുവിടാതെ ശ്രദ്ധിക്കണം. കാര്യങ്ങൾ പറഞ്ഞുമനസ്സിലാക്കി പ്രോത്സാഹനം നൽകി മാത്രമേ ആദ്യനാളുകളിൽ കുഞ്ഞിനെ സ്കൂളിൽ അയയ്ക്കാവൂ. കുഞ്ഞ് കരയുന്നുണ്ടെങ്കിൽ അല്പം സമയമൊക്കെ കൂടെയിരുന്ന് പുതിയ സാഹചര്യങ്ങളുമായി ഇണങ്ങാനുള്ള സാഹചര്യം ഉറപ്പു വരുത്തിയ ശേഷമേ രക്ഷിതാക്കൾ വീട്ടിലേക്ക് തിരിച്ചുപോകാവൂ, അല്ലാത്ത പക്ഷം അത് കുഞ്ഞുങ്ങളിൽ ഉത്കണ്ഠ യുണ്ടാകാൻ കാരണമാകും.

**സ്കൂളിന്റെ പരിസ്ഥിതി (School Environment):** കുട്ടികൾക്ക് സുരക്ഷിതവും സ്നേഹപൂർണ്ണവുമായ അന്തരീക്ഷം നൽകുന്ന പ്രീ-സ്കൂൾ ആയിരിക്കണം തിരഞ്ഞെടുക്കേണ്ടത്. അധ്യാപകരുടെ സമീപനം, കുട്ടികളോട് കാണിക്കുന്ന കരുതൽ, ക്ലാസ്മുറികളിലെ സൗകര്യങ്ങൾ, ആസ്വാദനങ്ങൾക്കായുള്ള സൗകര്യങ്ങൾ, പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സൗകര്യങ്ങൾ എന്നിവ വിലയിരുത്തണം. കുട്ടികൾക്ക് പാഠപുസ്തകപഠനത്തോ

**പ്രീ-സ്കൂൾ അനിവാര്യമാണെങ്കിലും, അതൊരിക്കലും മാതാപിതാക്കളുടെ ഉത്തരവാദിത്വം കുറയ്ക്കുന്നതല്ലെന്ന് മനസ്സിലാക്കണം. കുഞ്ഞിന്റെ മാനസികവളർച്ചയെയും വ്യക്തിത്വരൂപീകരണത്തെയും സ്വാധീനിക്കുന്ന ഒരു പ്രധാനഘട്ടമാണത്. രക്ഷിതാക്കൾ സൈക്കോളജിക്കൽ ഘടകങ്ങൾ മനസ്സിലാക്കി, സഹിഷ്ണുതയോടെയുള്ള സമീപനം സ്വീകരിക്കുമ്പോൾ കുട്ടിക്ക് സ്കൂളനുഭവം സന്തോഷകരവും ഫലപ്രദവുമായിത്തീരും.**



ടൊപ്പം കളിയിലൂടെയുള്ള പഠനവും (Play based learning) ലഭിക്കേണ്ടതുണ്ട്. ഇത് ബുദ്ധിവളർച്ച, സർഗാത്മകത എന്നിവയ്ക്ക് സഹായകരമാണ്.

**കുട്ടിയുടെ ബന്ധരീതി (Attachment pattern):**

സുരക്ഷിതബന്ധമുള്ള (Secure attachment) കുട്ടികൾക്ക് പുതിയ സാഹചര്യങ്ങളോട് ഇണങ്ങാൻ എളുപ്പമാണ്. എന്നാൽ അരക്ഷിതബന്ധമുള്ള (Insecure attachment) കുട്ടികൾക്ക് ഇതിന് കൂടുതൽ സമയം വേണ്ടിവരും. അതിനാൽ, രക്ഷിതാക്കൾ കുട്ടിയോടൊത്ത് കൂടുതൽ സമയം ചെലവഴിക്കുകയും സുരക്ഷിതബന്ധം വികസിപ്പിക്കുകയും വേണം.

സ്കൂളിൽപോയിത്തുടങ്ങുന്നതിനു മുമ്പു തന്നെ ശ്രദ്ധിക്കേണ്ട ഒരു കാര്യം ക്രമബദ്ധമായ രീതിയിൽ (Routine) കുട്ടിയെ തയ്യാറാക്കുക എന്നതാണ്. സ്കൂൾ തുടങ്ങുന്നതിനുമുമ്പു തന്നെ രാവിലെ എഴുന്നേൽക്കൽ, ഭക്ഷണസമയം, ഉറക്കസമയം തുടങ്ങിയവ ക്രമീകരിക്കുന്നത് കുട്ടിക്ക് പുതിയ സാഹചര്യവുമായി വേഗത്തിൽ ഇണങ്ങിച്ചേരാൻ സഹായിക്കും. പെട്ടെന്ന് രാവിലെ എഴുന്നേൽക്കാൻ തുടങ്ങുന്നതും വേണ്ടത്ര ഉറങ്ങാൻ കഴിയാതിരിക്കുന്നതും സ്കൂൾപഠനം മടുപ്പായിത്തീരാൻ കാരണമായേക്കും.

**മാതാപിതാക്കളുടെ പ്രതീക്ഷകൾ (Parental expectations):** ചില രക്ഷിതാക്കൾ കുട്ടി വളരെവേഗം പഠിക്കണം, എഴുത്തും വായനയും തുടങ്ങണം എന്നിങ്ങനെ അമിതപ്രതീക്ഷകൾ വയ്ക്കാറുണ്ട്. എന്നാൽ, പ്രീ-സ്കൂൾഘട്ടത്തിൽ പ്രധാനമായും സാമൂഹ്യശേഷികൾ (Social skills), വൈകാരിക നിയന്ത്രണം (Emotional regulation), അടിസ്ഥാന സ്വഭാവരീതികൾ എന്നിവയാണ് കുട്ടികളിൽ വളർത്തേണ്ടത്. അക്കാദമിക് സമ്മർദ്ദം കുട്ടിയുടെ താൽപര്യം കുറയ്ക്കാനും, ഉത്കണ്ഠ വർധിപ്പിക്കാനും കാരണമായേക്കാം.

കൂടാതെ, കുട്ടിയുടെ പെരുമാറ്റത്തിൽ വരുന്ന മാറ്റങ്ങൾ ശ്രദ്ധിക്കലും പ്രധാനമാണ്. സ്കൂളിൽ പോകാൻ മടി, കരച്ചിൽ, ഉറക്കപ്രശ്നങ്ങൾ, ഭക്ഷണരീതിയിലുള്ള മാറ്റം തുടങ്ങിയവ ക്രമീകരണ പ്രതിസന്ധിയുടെ (Adjustment difficulty) സൂചനയാകാം. ഇത്തരം സാഹചര്യങ്ങളിൽ കുട്ടിയെ ശാസിക്കുന്നതിനു പകരം, മനസ്സിലാക്കാനും പിന്തുണ നൽകാനും ശ്രമിക്കണം. രക്ഷിതാക്കൾക്കും സ്കൂളിനുമിടയിൽ ഫലപ്രദമായ ആശയവിനിമയം (Parent - Teacher communication) ഉണ്ടാകണം. കുട്ടിയുടെ പുരോഗതി, പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് സ്ഥിരമായി ആശയവിനിമയം നടത്തുന്നത് കുട്ടിയുടെ സമഗ്ര വികസനത്തിന് സഹായകരമാണ്.

പ്രീ-സ്കൂൾ അനിവാര്യമാണെങ്കിലും, അതൊരിക്കലും മാതാപിതാക്കളുടെ ഉത്തരവാദിത്വം കുറയ്ക്കുന്നതല്ലെന്ന് മനസ്സിലാക്കണം. കുഞ്ഞിന്റെ മാനസികവളർച്ചയെയും വ്യക്തിത്വരൂപീകരണത്തെയും സ്വാധീനിക്കുന്ന ഒരു പ്രധാനഘട്ടമാണത്. രക്ഷിതാക്കൾ സൈക്കോളജിക്കൽ ഘടകങ്ങൾ മനസ്സിലാക്കി, സഹിഷ്ണുതയോടെയുള്ള സമീപനം സ്വീകരിക്കുമ്പോൾ കുട്ടിക്ക് സ്കൂളനുഭവം സന്തോഷകരവും ഫലപ്രദവുമായിത്തീരും.

കവർസ്റ്റോറി

സിയാദ് സഖാഫി പാറന്നൂർ

# ഉള്ഹിയ്യത്ത്; വിധികളും മര്യാദകളും

ഇബ്റാഹീംനബി(അ)ന്റെയും കുടുംബത്തിന്റെയും ത്യാഗം നിറഞ്ഞ ജീവിത സ്മരണകളാണ് ഓരോ ബലി പെരുന്നാളും. ദീർഘനാളത്തെ പ്രാർത്ഥനകൾക്ക് ശേഷം വാർദ്ധക്യസമയത്ത് ലഭിച്ച പൊന്നുമോൻ ഇസ്മാഈലിനെ ബലിയർപ്പിക്കണമെന്ന സ്രഷ്ടാവിന്റെ നിർദ്ദേശം ശിരസാവഹിക്കാൻ ഇബ്റാഹീംനബി(അ) തയ്യാറായി. ഈ അർപ്പണബോധത്തിൽ സന്തുഷ്ടനായ അല്ലാഹു മകനു പകരം മറ്റൊരു മൃഗത്തെ നൽകി അതിനെ ബലിയറുക്കാനാവശ്യപ്പെട്ടു. ഇതിന്റെ പാവനസ്മരണയാണ് ഉള്ഹിയ്യത്ത്. എല്ലാവർഷവും ഈ ചരിത്രം ആവർത്തിച്ച് സ്മരിക്കപ്പെടുന്നു.

## ഉള്ഹിയ്യത്തിന്റെ മഹത്വം

ഉള്ഹിയ്യത്തിന്റെ മഹത്വം വിശദീകരിക്കുന്ന ധാരാളം ഹദീസുകളുണ്ട്. ഹസനുബ്നു അലി(റ) നിവേദനം. നബി(സ) പറഞ്ഞു: 'നല്ല മനസ്സോടെ അല്ലാഹുവിന്റെ പ്രതിഫലം ആഗ്രഹിച്ച് ഒരാൾ ഉള്ഹിയ്യത്തറുത്താൽ അതവനെ നരകപ്രവേശത്തിൽ നിന്ന് തടയുന്നതാണ്.' (ത്വബ്റാനി) അബൂഹുറയ്റ(റ) നിവേദനം. നബി(സ) പറഞ്ഞു: 'ഉള്ഹിയ്യത്ത് നിർവഹിക്കാൻ ആവശ്യമായ ധനം ഉണ്ടായിട്ടും അത് നിർവഹിക്കാത്തവർ നമ്മുടെ മുസല്ലയോടടുക്കരുത്.' (ഇബ്നുമാജ, ബൈഹഖി)

ആഇശ(റ) പറയുന്നു: 'ജനങ്ങളേ, നിങ്ങൾ ഉള്ഹിയ്യത്ത് നിർവഹിക്കുക. കാരണം, നബി(സ) ഇങ്ങനെ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: 'ഒരാൾ ഉള്ഹിയ്യത്ത് നിർവഹിച്ചാൽ അതിന്റെ രക്തവും കൊമ്പും രോമങ്ങളുമെല്ലാം അന്ത്യനാളിൽ പ്രതിഫലം ലഭിക്കുന്നതുവരെ അല്ലാഹുവിങ്കൽ സുരക്ഷിതമായിരിക്കും. അവയെല്ലാം അന്ത്യനാളിൽ അവന്റെ മീസാനിൽ സൽകർമ്മങ്ങളായെത്തും.' അവിടുന്ന് തുടർന്നു: 'ലളിതമായ കർമ്മം, കൂടുതൽ പ്രതിഫലം.' (ഇബ്നുഅബ്ദിൽബർറ്)

## എന്താണ് ഉള്ഹിയ്യത്ത്?

ദുൽഹിജ്ജ പത്തിന് സൂര്യനുദിച്ച ശേഷം ലളിതമായ രണ്ടു റക്അത്ത് നിസ്കാരത്തിനും ഖുതുബക്കും ആവശ്യമായ സമയം കഴിഞ്ഞതുമുതൽ ദുൽഹിജ്ജ പതിമൂന്നിന്റെ സൂര്യാസ്തമയം വരെയുള്ള കാലയളവിൽ അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ച് ബലിയറുക്കപ്പെടുന്ന ഒട്ടകം, മാട്, ആട് എന്നീ മൃഗങ്ങളെക്കുറിച്ചാണ് ഉള്ഹിയ്യഃ എന്ന് പറയുന്നത്. (മുഗ്നി 4/355) ഉള്ഹിയ്യത്, ഉള്ഹിയത്, ഇള്ഹിയ്യത്, ഇള്ഹിയത്ത്, അള്ഹാത്, ഇള്ഹാത്, ളഹിയ്യത്, ളിഹിയ്യത് എന്നിങ്ങനെ എട്ടുരൂപത്തിൽ ഈ വാക്ക് പറയപ്പെടാറുണ്ട്. ഹിജ്റ രണ്ടാം വർഷത്തിലാണിത് നിയമമാക്കപ്പെട്ടത്. പെരുന്നാൾ നിസ്കാരം, സമ്പത്തിന്റെ സകാത്ത്, ഫിത്വർ സകാത് തുടങ്ങിയവ നിർബന്ധമാക്കപ്പെട്ടതും ഇതേ വർഷത്തിൽ തന്നെയാണ്. (ഖൽയൂബി 4/249)

അറവ് നടത്തുന്ന സമയവുമായി ബന്ധപ്പെട്ടാണ് 'ഉള്ഹിയ്യത്ത്' എന്ന പേരു ലഭിച്ചത്. സാധാരണ ളുഹാ സമയത്താണല്ലോ ബലിയറുക്കാറുള്ളത്. ഖാളി ഹുസൈൻ(റ) ഇങ്ങനെ പറഞ്ഞിട്ടുണ്ട്. (ശറഹുമുസ്‌ലിം 7/127) നബി(സ) ആദ്യമായി ഈ കർമ്മം നിർവഹിച്ചത് ളുഹാസമയത്താണ്. നല്ല കാര്യങ്ങൾക്കെല്ലാം പ്രഭാത സമയം അവിടുന്ന് തെരഞ്ഞെടുത്തിരുന്നുവെന്ന് ഹദീസുകളിൽ കാണാം. പ്രഭാതസമയത്തിൽ ബറകത്തിനു വേണ്ടി അവിടുന്ന് ദുആ ചെയ്യാറുമുണ്ടായിരുന്നു.

## ബലികർമ്മത്തിന്റെ വിധി

- ബലിപെരുന്നാൾ ദിനത്തിൽ തന്റെയും ആശ്രിതരുടെയും ഭക്ഷണം, വസ്ത്രം, വീട് തുടങ്ങിയ ആവശ്യങ്ങൾ കഴിഞ്ഞ് ഉള്ഹിയ്യത്ത് നിർവഹിക്കാൻ ആവശ്യമായ സമ്പത്ത് ബാക്കിവരുന്ന പ്രായപൂർത്തിയും വിവേകവുമുള്ള സ്വതന്ത്രനായ എല്ലാ മുസ്‌ലിമിനും ഉള്ഹിയ്യത്ത് ശക്തമായ സുന്നത്താണ്.
- ശാഫിഈ മദ്ഹബിലെ ചില പണ്ഡിതർ ഉള്ഹിയ്യത്ത്കർമ്മം നിർബന്ധമാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. അതിനാൽ, ഇത് ഉപേക്ഷിക്കൽ കറാഹത്താണ്. (തുഹ്ഫ: 9/544)
- ഇമാം അബൂഹനീഫ(റ), ഇമാം റബീഅ(റ), ഔസാഈ(റ) തുടങ്ങിയ പണ്ഡിതന്മാർ കഴിവുള്ളവർക്ക് ഉള്ഹിയ്യത്ത് നിർബന്ധമാണെന്ന് അഭിപ്രായപ്പെട്ടവരാണ്. മാലികീ മദ്ഹബിലെ ചില പണ്ഡിതരും നിർബന്ധമാണെന്ന് പറഞ്ഞിട്ടുണ്ട്.

▼ ബലിപെരുന്നാൾ ദിനത്തിൽ സുന്നത്തായ സ്വദഖയെക്കാൾ ഉത്തമം ബലികർമ്മമാണ്. (തുഹ്ഫ: 9/344) കാരണം, ഇത് നിർബന്ധമാണോ എന്ന വിഷയത്തിൽ അഭിപ്രായ വ്യത്യാസമുണ്ട്. എന്നാൽ സ്വദഖ സുന്നത്താണെന്നതിൽ വീക്ഷണ വ്യത്യാസങ്ങളില്ല.

▼ ഒരു വീട്ടിൽ ഒന്നിലധികം പേരുണ്ടെങ്കിൽ ഓരോ വ്യക്തിക്കും ഉള്ഹിയ്യത്ത് സുന്നത്ത് കിഫായയും അങ്ങനെയില്ലെങ്കിൽ വ്യക്തിപരമായ സുന്നത്തുമാണ്. സുന്നത്ത് കിഫായയാകുമ്പോൾ വീട്ടിൽ ഒരാൾ ഈ കർമ്മം നിർവഹിച്ചാൽ അവരുടെ വീട്ടുകാർക്കെല്ലാം സുന്നത്ത് കിഫായ ലഭിക്കും.

▼ അബൂഅയ്യൂബുൽ അൻസ്വാരി(റ) പറയുന്നു: 'ഞങ്ങൾ ഒരു ആടിനെ ഉള്ഹിയ്യത്തറുക്കാറുണ്ടായിരുന്നു. ഒരാൾ തനിക്കുവേണ്ടിയും വീട്ടുകാർക്കുവേണ്ടിയുമാണ് അതിനെ അറുത്തിരുന്നത്. (തുർമുദി 1425)

▼ ഹദീസിൽ പരാമർശിച്ച വീട്ടുകാർ എന്നതിന്റെ വിവക്ഷ അടുത്ത ബന്ധുക്കളായ സ്ത്രീപുരുഷന്മാരാണെന്നാണ് ഒരഭിപ്രായം. ആശ്രിതരായിക്കഴിയുന്നവർ മാത്രമേ അതിൽ ഉൾപ്പെടുകയുള്ളൂ എന്നാണ് മറ്റൊരു വീക്ഷണം. (ചെലവ് നൽകൽ സൗജന്യമായാണെങ്കിലും ശരി.) ഇമാം റംലി(റ) ഈ അഭിപ്രായമാണ് പ്രബലമാക്കിയത്. പരസ്പരം കുടുംബബന്ധമില്ലെങ്കിലും ഒരേ വീട്ടിൽ താമസിക്കുന്നവരെല്ലാം ഉൾപ്പെടും എന്നാണ് മറ്റൊരു വിശദീകരണം.

▼ സുന്നത്ത് കിഫായ ലഭിക്കുമെന്നതിന്റെ ഉദ്ദേശ്യം, അതു സംബന്ധമായ നിർദ്ദേശം മാനിച്ചവരായി അവരെ പരിഗണിക്കും എന്നു മാത്രമാണ്; ഉള്ഹിയ്യത്ത് നിർവഹിച്ച പ്രതിഫലം എല്ലാവർക്കും ലഭിക്കുമെന്നല്ല. പരിപൂർണ്ണ പ്രതിഫലം അത് നിർവഹിച്ചവർക്ക് മാത്രമേ ലഭിക്കുകയുള്ളൂ. (തുഹ്ഫ 9/345)

▼ ഒരാൾ മക്കൾക്കോ പേരമക്കൾക്കോ വേണ്ടി സ്വന്തം ധനം ഉപയോഗിച്ച് അറുക്കൽ അനുവദനീയമാണ്. അവരുടെ ധനം ഉപയോഗിച്ച് അറുക്കരുത്. വലിയ്യ് തന്റെ അധികാരപരിധിയിലുള്ളവരുടെ സമ്പത്തിൽ കൂടുതൽ സൂക്ഷ്മത പാലിക്കണമെന്നതിനാൽ സുന്നത്തായ ധർമ്മങ്ങൾ അതുപയോഗിച്ച് ചെയ്യാൻ പാടില്ല. ഉള്ഹിയ്യത്ത് സുന്നത്താണല്ലോ. (മുഗ്നി 4:357)

▼ ഗർഭസ്ഥ ശിശുവിനു വേണ്ടി ഉള്ഹിയ്യത്ത് അറുക്കാനോ ഫിത്ർ സകാത്ത് കൊടുക്കാനോ പാടില്ല. (മുഗ്നി)

▼ കുട്ടിക്കു വേണ്ടി ഉള്ഹിയ്യത്ത് അറുക്കുമ്പോൾ അതിന്റെ പ്രതിഫലം കുട്ടിക്കും അത് നൽകിയ പ്രതിഫലം പിതാവിനും ലഭിക്കും.

**ആഇശ(റ) പറയുന്നു: 'ജനങ്ങളേ, നിങ്ങൾ ഉള്ഹിയ്യത്ത് നിർവഹിക്കുക. കാരണം, നബി(സ) ഇങ്ങനെ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: 'ഒരാൾ ഉള്ഹിയ്യത്ത് നിർവഹിച്ചാൽ അതിന്റെ രക്തവും കൊമ്പും രോമങ്ങളുമെല്ലാം അന്ത്യനാളിൽ പ്രതിഫലം ലഭിക്കുന്നതുവരെ അല്ലാഹുവിങ്കൽ സുരക്ഷിതമായിരിക്കും. അവയെല്ലാം അന്ത്യനാളിൽ അവന്റെ മീസാനിൽ സൽകർമ്മങ്ങളായെത്തും.' അവിടുന്ന് തുടർന്നു: 'ലളിതമായ കർമ്മം, കൂടുതൽ പ്രതിഫലം.' (ഇബ്നുഅബ്ദിൽബർറ്)**

## മരണപ്പെട്ടവർക്ക് വേണ്ടി

▼ ജീവിച്ചിരിക്കുന്നവർ മരിച്ചവർക്ക് വേണ്ടി ചെയ്യുന്ന സൽകർമ്മങ്ങൾ മരണപ്പെട്ടവർക്ക് ലഭിക്കുന്നതാണ്. ഇത് ഖുർആൻ, ഹദീസ് ഉൾപ്പെടെയുള്ള പ്രമാണങ്ങൾ കൊണ്ട് സ്ഥിരപ്പെട്ടതാണ്. ഇതനുസരിച്ച്, മരണപ്പെട്ടവർക്കുവേണ്ടി ജീവിച്ചിരിക്കുന്നവർ



ഉള്ഹിയ്യത്ത് അറുക്കൽ അനുവദനീയമാണ്. സ്വദഖ ചെയ്താൽ ലഭിക്കുന്നതുപോലെ അവർക്കത് ഉപകരിക്കുന്നതുമാണ്. (റൗളതുത്വാലിബീൻ 5:185)

▼ ജീവിച്ചിരിക്കുന്ന ഒരാൾക്കു വേണ്ടി മറ്റൊരാൾ ഉള്ഹിയ്യത്ത് അറുക്കുമ്പോൾ അവരുടെ സമ്മതം ആവശ്യമാണ്. കാരണം, ഇതൊരു ആരാധനയാണല്ലോ.

▼ മരിക്കുന്നതിനു മുമ്പ് തനിക്കുവേണ്ടി ഉള്ഹിയ്യത്തറുക്കണമെന്നു വസ്വിയ്യത്ത് ചെയ്തവർക്കേ മരണാനന്തരം

**ജീവിച്ചിരിക്കുന്നവർ മരിച്ചവർക്ക് വേണ്ടി ചെയ്യുന്ന സൽകർമ്മങ്ങൾ മരണപ്പെട്ടവർക്ക് ലഭിക്കുന്നതാണ്. ഇത് ഖുർആൻ, ഹദീസ് ഉൾപ്പെടെയുള്ള പ്രമാണങ്ങൾ കൊണ്ട് സ്ഥിരപ്പെട്ടതാണ്. ഇതനുസരിച്ച്, മരണപ്പെട്ടവർക്കു വേണ്ടി ജീവിച്ചിരിക്കുന്നവർ ഉള്ഹിയ്യത്ത് അറുക്കൽ അനുവദനീയമാണ്. സ്വദഖ ചെയ്താൽ ലഭിക്കുന്നതുപോലെ അവർക്കത് ഉപകരിക്കുന്നതുമാണ്. (റൗളതുത്വാലിബീൻ 5:185)**



ഉള്ഹിയ്യത്തറുക്കാവൂ. വസ്വിയ്യത്തില്ലെങ്കിൽ, അത് ഉള്ഹിയ്യത്തായി പരിഗണിക്കുകയില്ല. (തുഹ്ഫ)

▼ എന്നാൽ, ശാഫിഈ മദ്ഹബിലെ ചില പണ്ഡിതന്മാർ വസ്വിയ്യത്ത് ചെയ്തില്ലെങ്കിലും ഉള്ഹിയ്യത്ത് അനുവദനീയമാണെന്ന് പ്രസ്താവിച്ചിട്ടുണ്ട്. ഇമാം ബുഖാരി(റ)വിന്റെ ഗുരുവര്യരായ പ്രമുഖപണ്ഡിതൻ മുഹമ്മദ് ബിൻ ഇസ്ഹാഖ് നൈസാബൂരി(റ) നബി(സ)ക്കു വേണ്ടി പതിനായിരക്കണക്കിന് അറവ് നടത്തിയത് പ്രസിദ്ധമാണല്ലോ. ഇമാം നവവി(റ) പറയുന്നു: 'മരിച്ചവർക്കു വേണ്ടിയുള്ള ഉള്ഹിയ്യത്ത് നിരുപാധികം അനുവദനീയമാണെന്ന് അബുൽഹസൻ അൽഇബാദി(റ) പറഞ്ഞിട്ടുണ്ട്. കാരണം, അത് സ്വദഖയുടെ മറ്റൊരു ഇനമാണ്. മയ്യിത്തിനുവേണ്ടി സ്വദഖ ചെയ്യുമെന്നതും അത് മയ്യിത്തിന് ഉപകരിക്കുമെന്നതും അവിതർക്കിതമായ കാര്യമാണല്ലോ.' (ശറഹുൽമുഹദ്ദബ് 8:406)

▼ മരിച്ചയാൾക്കുവേണ്ടി അവരുടെ സമ്മതത്തോടെ ബലിയറുത്താൽ അത് മുഴുവൻ ധർമ്മം ചെയ്യണം. ബലിയറുത്ത വ്യക്തി അതിൽ നിന്ന് അല്പം പോലും ഭക്ഷിക്കാൻ പാടില്ല. അനന്തരാവകാശിയാണെങ്കിലും അല്ലെങ്കിലും സ്വന്തം സമ്പത്തിൽ നിന്നാണെങ്കിലും അല്ലെങ്കിലും ഇതേ നിയമം തന്നെയാണുള്ളത്. കൊടുക്കുന്നവനും സ്വീകരിക്കുന്നവനും ഒരാൾ തന്നെയാവാതിരിക്കാനാണിത്. (തുഹ്ഫ 9:367)

## ബലിമൃഗങ്ങൾ

▼ ആട്, മാട്, ഒട്ടകം എന്നിവയാണ് ഉള്ഹിയ്യത്തിനു യോഗ്യമായ മൃഗങ്ങൾ. കാള, പോത്ത്, മൂരി, പശു, എരുമ എന്നിവ മാടിൽ പെട്ടതാണ്. മറ്റുള്ള ജീവികൾ പറ്റില്ലെന്നതിൽ പണ്ഡിതന്മാർക്കിടയിൽ ഏകാഭിപ്രായമാണുള്ളത്.

▼ ഒട്ടകത്തിന് അഞ്ചു വയസ്സ് പൂർത്തിയായിരിക്കണം. മാട്, കോലാട് എന്നിവയ്ക്ക് രണ്ടു വയസ്സ് പൂർത്തിയാവണം. നെയ്യാടിന് ഒരു വയസ്സ് പൂർത്തിയാവുകയോ ആറുമാസത്തിനുശേഷം പല്ല് കൊഴിയുകയോ വേണം. (തുഹ്ഫ 9:348)

▼ ചന്ദ്രവർഷപ്രകാരമാണ് കാലഗണന പരിഗണിക്കുക.

▼ ഉള്ഹിയ്യത്ത് മൃഗങ്ങൾക്കെല്ലാം ഒരേ സ്ഥാനമല്ല ഉള്ളത്. കൂടുതൽ എണ്ണത്തെ അറുക്കലും മാംസത്തിന്റെ വർദ്ധനവും നിറവ്യത്യാസവുമെല്ലാം ശ്രേഷ്ഠതയിൽ പരിഗണനീയമാണ്.

▼ ഒട്ടകം, മാട് എന്നിവയിലൊന്നിൽ ഷെയറാകുന്നതിനെക്കാൾ ഉത്തമം ഒരാടിനെ സ്വന്തമായി അറുക്കലാണ്. ആടിന്റെ മാംസം കൂടുതൽ നല്ലതാണെന്നതും സ്വന്തമായി ഒരു അറവ് നടത്തുക എന്നതുമാണ് പണ്ഡിതർ ഇതിനു കാരണമായി പറഞ്ഞത്.

## നിറങ്ങളിലെ ശ്രേഷ്ഠത

▼ വെളുപ്പ്, മഞ്ഞ, മങ്ങിയ വെളുപ്പ്, ചുവപ്പ്, വെളുപ്പും കറുപ്പും കലർന്നത്, കറുപ്പ് എന്നീ ക്രമത്തിലാണ് മൃഗത്തിന്റെ നിറങ്ങളിലെ ശ്രേഷ്ഠത. ഇമാം

നവവി(റ) പറയുന്നു: 'ശാഫീഈ ഇമാമിന്റെ ശിഷ്യന്മാർ പറഞ്ഞു: 'മൃഗങ്ങളിൽ ഏറ്റവും ഉത്തമം വെള്ളനിറത്തിലുള്ളതാണ്. പിന്നെ മഞ്ഞ നിറത്തിലുള്ളതും പിന്നെ മങ്ങിയ വെള്ള നിറത്തിലുള്ളതും പിന്നെ കറുപ്പും വെളുപ്പും നിറമുള്ളതും പിന്നീട് കറുപ്പ് നിറത്തിലുള്ളതുമാണ്. (ശറഹുമുസ്‌ലിം 7/135)

- ഉത്തമനിറമുള്ളതും കൂടുതൽ മാംസമുള്ളതുമുണ്ടെങ്കിൽ കൂടുതൽ മാംസമുള്ളതിനെയാണ് മുന്തിക്കേണ്ടത്. കറുത്തുതടിച്ച പോത്തും വെളുത്തുമെലിഞ്ഞ കാളയുമുണ്ടെങ്കിൽ തടിച്ച പോത്താണ് നല്ലത്.
- കൊമ്പുള്ള മൃഗത്തിന് മുൻഗണന കൊടുക്കണം.
- നെയ്യാടാണ് കോലാടിനെക്കാൾ നല്ലത്. കാരണം നെയ്യാടിന്റെ ഇറച്ചിയാണ് മുന്തിയത്.
- ആൺമൃഗവും പെൺമൃഗവും ഉള്ഹിയ്യത്തിന് യോഗ്യമാണ്. എന്നാൽ കൂടുതൽ ഇണ ചേർന്നിട്ടില്ലാത്ത ആൺമൃഗമാണ് പെൺമൃഗത്തെക്കാൾ ഉത്തമം.
- രണ്ടാം സ്ഥാനം തീരെ പ്രസവിച്ചിട്ടില്ലാത്ത പെൺമൃഗത്തിനാണ്.
- ആണോ പെണ്ണോ എന്ന് നിശ്ചിതമല്ലാത്ത നപുംസകവും ഉള്ഹിയ്യത്തിനു പറ്റും. എന്നാൽ, പെണ്ണാകാനുള്ള സാധ്യത പരിഗണിച്ച് ആൺമൃഗമാണ് അതിനെക്കാൾ ഉത്തമം. ആൺമൃഗമാവാനുള്ള സാധ്യത പരിഗണിച്ച് പെൺമൃഗത്തെക്കാൾ ഇത് ഉത്തമമാണ്. (തുഹ്ഫ)
- മണിയുടയ്ക്കപ്പെട്ടതിനെയും ബലിയറുക്കാൻ പറ്റും. അതിന്റെ മാംസം കൂടുതൽ രുചിയുള്ളതാണ്. എന്നാൽ, വൃഷ്ണങ്ങൾ ഭക്ഷിക്കുന്നത് ഹറാമാണെന്ന് ധാരാളം പണ്ഡിതന്മാർ പ്രസ്താവിച്ചിട്ടുണ്ട്. (തുഹ്ഫ)



## സങ്കരജീവികൾ

- ഉള്ഹിയ്യത്തിനു യോഗ്യമായ ഒട്ടകം, മാട്, ആട് എന്നീ ജീവികൾ പരസ്പരം ഇണചേർന്നുണ്ടാവുന്ന സങ്കരജീവികളും ഉള്ഹിയ്യതിനു പറ്റും. ഉള്ഹിയ്യത്തിനു പറ്റുന്ന ജീവികളും അല്ലാത്തവയും ഇണചേർന്നുണ്ടായ ജീവികൾ ബലിയറുക്കാൻ പറ്റില്ല.
- പ്രബലാഭിപ്രായമനുസരിച്ച് ഇങ്ങനെ ഇണ ചേർന്നുണ്ടായവയിൽ ഉയർന്ന പദവിയുള്ള മൃഗത്തിന്റെ വയസ്സാണ് പരിഗണിക്കപ്പെടുന്നത്. നെയ്യാടും പശുവും ഇണചേർന്നുണ്ടായതാണെങ്കിൽ രണ്ടു വയസ്സ് പൂർത്തിയാവണം.
- ഏഴാളുകൾക്ക് അറുക്കാവുന്ന പശുവും ഒരാൾക്കു മാത്രം മതിയാകുന്ന ആടും തമ്മിൽ ഇണചേർന്നുണ്ടായ സങ്കരജീവിക്ക് പശുവിന്റെ രൂപമാണുള്ളതെങ്കിലും ഷെയർ പറ്റുകയില്ല. (തുഹ്ഫ)
- ഒട്ടകം, പശു പോലുള്ള ഏഴുപേർക്ക് മതിയാകുന്ന മൃഗങ്ങൾ തമ്മിൽ ഇണചേർന്നുണ്ടായത് ഏഴുപേർക്ക് മതിയാവുന്നതാണ്.

## ബലിമൃഗത്തിന്റെ ന്യൂനതകൾ

- ബലിമൃഗം അന്യൂനമായിരിക്കണം. മാംസം നിലവിൽ കുറവ് വരുന്നതോ ഭാവിയിൽ കുറവുവരാനിടയുള്ളതോ ആയ

ന്യൂനതകൾ അതിനുണ്ടാവാൻ പാടില്ല.

▼ വയറു നിറയ്ക്കാൻ മേയുന്നതിനു തടസ്സമാകുന്ന വ്യക്തമായ വൈകല്യമുള്ളത് ന്യൂനതയാണ്. മൃഗത്തിൽ നിന്ന് ഭക്ഷ്യയോഗ്യമായതെല്ലാം മാംസ മായാണ് പരിഗണിക്കുക.

▼ പിൻഭാഗത്തു നിന്നോ ചെവിയിൽ നിന്നോ അല്പം മു റിച്ചുമാറ്റപ്പെട്ടതും ഉള്ഹിയ്യത്തിനു പറ്റില്ല.

▼ മൃഗത്തെ അറുക്കാൻ കിടത്തുന്നതു വരെ ന്യൂനതകൾ ഉണ്ടാവരുത്. ഉള്ഹിയ്യത്തറുക്കാൻ വേണ്ടി ന്യൂനതകളില്ലാത്ത ഒരു മൃഗത്തെ കിടത്തിയപ്പോൾ കാല് ഒടിയുകയോ കത്തി മൃഗത്തി ന്റെ താഴെയായിപ്പോയതിനാൽ വല്ല വൈകല്യങ്ങളും സംഭവി ക്കുകയോ ചെയ്താൽ ആ മൃഗം ഉള്ഹിയ്യതിന് മതിയാവുകയില്ല. കാരണം, അറുക്കുമ്പോൾ അതി ന് ന്യൂനതയുണ്ടല്ലോ. (റൗളതു ത്താലിബിൻ 2/463)

▼ അപകടത്തിൽ ഒരു മൃഗത്തിന്റെ കാൽ ഒടിയുകയും ഉടനെത്തന്നെ അതിനെ ഉള്ഹിയ്യ ത്തറുക്കുകയും ചെയ്താൽ മതി യാവുകയില്ല.

▼ മാംസ താല്പര്യക്കാർ ഇഷ്ടപ്പെടാത്തവിധം മെലിഞ്ഞ ത്, ചെവി, വാൽ, നാവ്, അകിട് തുടങ്ങിയവയിൽ നിന്ന് അല്പ മെങ്കിലും മുറിച്ചുനീക്കപ്പെട്ടത്, ഭ്രാന്തുള്ളത്, കാഴ്ച്ചയില്ലാത്തത്, ഒരു കാലിനെങ്കിലും വ്യക്തമായ മുടന്തുള്ളത്, കഠിനമായ രോഗമു ള്ളത്, കുറഞ്ഞ തോതിലെങ്കിലും ചൊറി ബാധിച്ചത്, എല്ല് പൊട്ടി യത്, പല്ലുകൾ മുഴുവൻ നഷ്ടപ്പെ ട്ടത്, ജന്മനാ ചെവിയില്ലാത്തത്, ഗർഭിണി തുടങ്ങിയവയൊന്നും ബലികർമ്മത്തിന് യോഗ്യമല്ല.

▼ ഒരു ചെവിക്കു മാത്രം ഭാഗികമായി ന്യൂനതയുണ്ടെങ്കിൽ അത് പൊറുക്കപ്പെടുന്നതാണെ ന്ന് ഇബ്നുഖാസിം(റ)വിൽ നിന്ന് ഇമാം ബർമ്മാവി ഉദ്ധരിച്ചിട്ടുണ്ട്. അല്പഭാഗം പോലും നഷ്ടപ്പെടാ ത്തവിധം ചെവിക്കോ മറ്റോ ദ്വാര മോ കീറലോ ഉള്ളത് മതിയാകു ന്നതാണ്. (തുഹ്ഫ 9/353)

**ഇമാം നവവി(റ) പറയുന്നു: 'മരിച്ചവർക്കു വേണ്ടിയുള്ള ഉള്ഹിയ്യത്ത് നിരുപാധികം അനുവദനീയമാണെന്ന് അബുൽഹസൻ അൽഇബാദി(റ) പറഞ്ഞിട്ടുണ്ട്. കാരണം, അത് സ്വദഖയുടെ മറ്റൊരു ഇനമാണ്. മയ്യി ത്തിനുവേണ്ടി സ്വദഖ ചെയ്യുമെന്നതും അത് മയ്യിത്തിന് ഉപകരിക്കുമെന്നതും അവിതർക്കി തമായ കാര്യമാണല്ലോ.'**

▼ ലിംഗം ഭക്ഷ്യവസ്തു വല്ലാത്തതിനാൽ ലിംഗനഷ്ടം ന്യൂനതയായി ഗണിക്കുകയില്ല. (ഹാശിയത്തുശർഖാവി)

▼ പല്ല് മുഴുവനും നഷ്ടപ്പെ ട്ടുപോയതും ഉള്ഹിയ്യത്തിന് പറ്റു കയില്ല.

## മാംസവിതരണം

▼ സുന്നത്തായ ഉള്ഹിയ്യ ത്ത് മാംസത്തിൽ നിന്ന് ചെറുത ല്ലാത്ത ഒരു ഭാഗം സകാത്തിന്റെ അവകാശികളായ ഫഖീർ, മിസ് കീൻ വിഭാഗങ്ങൾക്ക് നൽകൽ നിർബന്ധമാണ്.

▼ മാംസം വേവിക്കാതെ നൽകണം. ഒരാൾക്ക് നൽകിയാ ലും മതിയാകും. ബാക്കിയുള്ളത് അറുത്തവൻ തന്നെ എടുക്കുന്ന തിനു വിരോധമില്ല.

▼ ബറകത്തിനുവേണ്ടി അല്പം മാത്രമെടുത്ത് ബാക്കി മു ഴുവനും ഫഖീർ, മിസ്കീനുകൾ ക്ക് സ്വദഖ ചെയ്യലാണ് ഉത്തമം. ബറകത്തിനെടുക്കുന്നത് കരളാവ ലാണ് നല്ലത്.

▼ ആകെ മാംസം മൂന്നായി ഭാഗിച്ച് മൂന്നിലൊന്ന് സ്വന്തം ഉപ യോഗിക്കലും ഒരു ഭാഗം ഫഖീർ മിസ്കീനുകൾക്ക് സ്വദഖ ചെയ്യ ലും ഒരു ഭാഗം ധനികർക്ക് നൽക ലും നമ്മുടെ നാട്ടിൽ പതിവുണ്ട്; ഇതിനു വിരോധമില്ല.

▼ ഫഖീർ, മിസ്കീനുകൾ ക്ക് ലഭിച്ച മാംസം അവരുടെ സ്വന്തമാണ്. അതിൽ വിൽപ്പനയ ടക്കമുള്ള എല്ലാ ഇടപാടുകളും അവർക്ക് നടത്താവുന്നതാണ്.

▼ നേർച്ചകൊണ്ടോ മറ്റോ നിർബന്ധമായ ഉള്ഹിയ്യത്താണെ ങ്കിൽ മുഴുവനും സകാത്തിന്റെ അവകാശികളായ ഫഖീർ മിസ് കീനുകൾക്ക് സ്വദഖ ചെയ്യൽ നിർബന്ധമാണ്. തനിക്കോ തന്റെ ആശ്രിതർക്കോ അതിൽ നിന്ന് അല്പംപോലും എടുക്കാൻ പാടില്ല.

▼ സുന്നത്തായ ഉള്ഹിയ്യ ത്ത് മാംസംത്തിൽ നിന്ന് ധനികർ ക്ക് നൽകാം. 'സകാത്തിന്റെ അവ കാശികളായ ഫഖീർ, മിസ്കീൻ വിഭാഗങ്ങളിൽ ഉൾപ്പെടാത്തവരാ ണ് ധനികർ.' (ശർവാനി 9/363)

▼ എന്നാൽ ധനികർക്ക് ലഭിച്ചതിൽ അവർക്ക് ഉടമസ്ഥാ വകാശമില്ല. സ്വന്തം ആവശ്യത്തി നുപയോഗിക്കുകയോ ധനികരോ ഫഖീറോ ആയ മറ്റു മുസ്ലിം കൾക്ക് ഭക്ഷിപ്പിക്കുകയോ സ്വദഖ ചെയ്യുകയോ ആവാം. (തുഹ്ഫ: 9/363)

## അവിശ്വാസികൾക്ക് നൽകാമോ?

▼ ദാനധർമ്മങ്ങൾ അമു സ്ലിംകൾക്ക് നൽകൽ ഇസ്ലാം പ്രോത്സാഹിപ്പിച്ചതും പ്രതി ഫലാർഹവുമാണ്. എന്നാൽ, ഉള്ഹിയ്യത്ത് മാംസം അവർക്കു നൽകാൻ പാടില്ല. ഇബ്നുഹ ജർ(റ) (തുഹ്ഫ 9:364) ഇക്കാര്യം പരാമർശിച്ചിട്ടുണ്ട്. ഉള്ഹിയ്യത്ത് മാംസത്തിന്റെ പ്രത്യേകനിയമം പരിഗണിച്ചാണിത്. എന്നല്ല, മുസ്

**വീട്ടിൽ ഒന്നിലധികം പേരുണ്ടെങ്കിൽ ഓരോ വ്യക്തിക്കും ഉള്ഹിയ്യത്ത് സുന്നത്ത് കിഫായയും ഇല്ലെങ്കിൽ വ്യക്തിപരമായ സുന്നത്തുമാണ്. സുന്നത്ത് കിഫായയാകുമ്പോൾ വീട്ടിൽ ഒരാൾ ഈ കർമ്മം നിർവഹിച്ചാൽ അവരുടെ വീട്ടുകാർക്കെല്ലാം സുന്നത്ത് കിഫായ ലഭിക്കും. അബൂഅയ്യൂബുൽ അൻസ്വാരി(റ) പറയുന്നു: 'ഞങ്ങൾ ഒരു ആടിനെ ഉള്ഹിയ്യത്തറുക്കാറുണ്ടായിരുന്നു. ഒരാൾ തനിക്കുവേണ്ടിയും വീട്ടുകാർക്കുവേണ്ടിയുമാണ് അതിനെ അറുത്തിരുന്നത്. (തുർമുദി 1425)**

ലിംകളിൽ പെട്ട ചിലർക്കു തന്നെ ഉള്ഹിയ്യത്ത് മാംസം നൽകുന്നതിന് വിലക്കുണ്ട്. ഉദാഹരണത്തിന്, നിർബന്ധമായ ഉള്ഹിയ്യത്ത് നിർവഹിച്ചവർക്കോ നബികുടുംബത്തിനോ അത് സ്വീകരിക്കാൻ പാടില്ലല്ലോ.

▼ പെരുന്നാൾ ദിവസങ്ങളിൽ അമുസ്‌ലിം സുഹൃത്തുക്കളെ സൽക്കരിക്കുന്നതിന് വിരോധമില്ല. എന്നാൽ ഉള്ഹിയ്യത്ത് മാംസം നൽകരുത്.

## ഉള്ഹിയ്യത്തിന്റെ തോൽ

▼ സുന്നത്തായ ഉള്ഹിയ്യത്താണെങ്കിൽ കൊമ്പ്, തോല് തുടങ്ങിയവ ഉള്ഹിയ്യത്ത് നിർവഹിച്ചവർക്ക് ഉപയോഗിക്കുകയോ സ്വദഖ ചെയ്യുകയോ ആവാം. സ്വദഖ ചെയ്യലാണ് ഉത്തമം. നിർബന്ധമായതാണെങ്കിൽ സ്വയം ഉപയോഗിക്കാൻ പാടില്ല. സ്വദഖ ചെയ്യണം.

▼ നിർബന്ധമായതാണെങ്കിലും സുന്നത്തായതാണെങ്കിലും തോൽ, കൊമ്പ് തുടങ്ങിയവയൊന്നും അറവു നടത്തിയവർ വിൽക്കുവാനോ അറവുതൊഴിലാളികൾക്ക് കൂലിയായി നൽകാനോ പറ്റില്ല. 'ഒരാൾ തന്റെ ഉള്ഹിയ്യത്തിന്റെ തോൽ വിറ്റാൽ അവന് ഉള്ഹിയ്യത്ത് ലഭിക്കുകയില്ല' എന്ന് ഹദീസിലുണ്ട്. ഉള്ഹിയ്യത്ത് അറുക്കപ്പെടുന്നതോടെ അതിന്റെ ഉടമാവകാശം നഷ്ടപ്പെട്ടുവെന്നതാണ് കാരണം. (തുഹ്ഫ 9:365)

▼ ഈ തോൽ ഫഖീർ, മിസ്കീൻ വിഭാഗത്തിൽപ്പെട്ടവർക്ക് നൽകാം. അവർക്കത് വിൽക്കാൻ അവകാശമുണ്ടല്ലോ. അവരത് വിൽപ്പന നടത്തി പണം ഉപയോഗിച്ചുകൊള്ളട്ടെ.

▼ പള്ളി മദ്റസയുടെ നടത്തിപ്പിനായും ചിലർ തോൽ നൽകാറുണ്ട്. അതും അനുവദനീയമല്ല. വ്യക്തികൾക്കു മാത്രമേ ഇത് നൽകാൻ പാടുള്ളൂ.

▼ ഉള്ഹിയ്യത്ത് മൃഗത്തെ വാങ്ങാനും നിയ്യത്ത് വെക്കാനും അറവ് നടത്തി വിതരണം ചെയ്യാനുമെല്ലാം മറ്റൊരാളെ വകാലത്താക്കാവുന്നതാണ്.

▼ എന്നാൽ, അമുസ്‌ലിമിനെയോ വകതിരിവത്താത്ത കുട്ടിയെയോ നിയ്യത്ത് ചെയ്യാൻ ഏൽപ്പിക്കാൻ പറ്റില്ല. (തുഹ്ഫ 9/361)

▼ ഉള്ഹിയ്യത്ത് മാംസം വിതരണം ചെയ്യാൻ ഏൽപ്പിക്കപ്പെട്ടവർക്കും ആശ്രിതർക്കും ആ മാംസം എടുക്കാൻ പറ്റുമോ എന്ന ചർച്ച കർമശാസ്ത്ര പണ്ഡിതർക്കിടയിലുണ്ട്. ഷെയർ ചേർന്നുകൊണ്ടുള്ള അറവ് വ്യാപകമായ ഇക്കാലഘട്ടത്തിൽ ഇതിനു വലിയ പ്രസക്തിയുമുണ്ട്.

▼ ഇമാം മുഹമ്മദ് റംലി(റ) നിഹായയിൽ പറയുന്നു: 'ഒരു വസ്തു പാവങ്ങൾക്ക് വിതരണം ചെയ്യാൻ ഒരാൾ മറ്റൊരാളെ വകാലത്താക്കിയാൽ പ്രസ്തുത വിതരണത്തിന് ഏൽപ്പിക്കപ്പെട്ടവനും ആശ്രിതരും അതിന്റെ സ്വീകർത്താക്കളിൽ ഉൾപ്പെടില്ല; ഏൽപ്പിക്കുന്നവൻ അവരോട് എടുത്തുകൊള്ളാൻ വ്യക്തമായി പറഞ്ഞാലും ശരി. (നിഹായ 6/169)

▼ വകാലത്താക്കപ്പെട്ടവൻ എടുക്കാൻ പാടില്ലെന്ന് പറയാൻ കാരണം നൽകുന്നവനും വാങ്ങുന്നവനും ഒരാൾ തന്നെ ആകുമെന്നതാണ്. എന്നാൽ, വിതരണത്തിന് ഏൽപ്പിച്ചവൻ അതിൽ നിന്ന് അല്പം ഏൽപ്പിക്കപ്പെട്ടവന് നൽകുകയും ബാക്കിയുള്ളത് വിതരണം ചെയ്യാൻ ഏൽപ്പിക്കുകയും ചെയ്താൽ ഏൽപ്പിക്കപ്പെട്ടവന് നൽകപ്പെട്ടത് അനുവദനീയമാണ്. (ഹാശിയതുന്നിഹായ 6/169) വല്ല വസ്തുവും മിസ്കീൻമാർക്ക് വിതരണം ചെയ്യാൻ ഏൽപ്പിക്കപ്പെടുന്നതു സംബന്ധമായാണ് ഫുഖഹാഅ് ഈ നിയമം ചർച്ച ചെയ്യുന്നത്. ഉള്ഹിയ്യത്ത് മാംസം ഇതിൽ പെടുമോ എന്നതാണ് മറ്റൊരു വിഷയം.

▼ അല്ലാമാ ബാജൂരി(റ) വകാലത്തിന്റെ അദ്ധ്യായത്തിൽ പറയുന്നു: 'സകാത്തും ഉള്ഹിയ്യതും വിതരണത്തിന് ഏൽപ്പിക്കുന്നവൻ ഒരു നിശ്ചിത അളവ് നിർണയിച്ചുകൊടുത്താൽ അത്രയും അളവ് ഏൽപ്പിക്കപ്പെട്ടവന്



അനുവദനീയമാണ്.' (ഹാശിയതുൽ ബാജൂരി 2/755)

▼ ഉള്ഹിയ്യത്ത് മാംസം വിതരണത്തിന് ഏൽപ്പിക്കപ്പെട്ടവർക്ക് ഏൽപ്പിച്ചവരുടെ (ഷെയറുകാരുടെ) അനുവാദത്തോടെ അവർ നിർണ്ണയിച്ചുകൊടുക്കുന്ന അളവ് അനുവദനീയമാകുമെന്നാണ് പ്രസ്തുത വിവരണങ്ങളിൽ നിന്നു മനസ്സിലാവുന്നത്.

## ഉള്ഹിയ്യത്തിലെ ഷെയർ

▼ മഹല്ല് കമ്മിറ്റികൾക്കു കീഴിലും സംഘടനകൾക്കു കീഴിലും ഷെയർ സ്വീകരിച്ചുകൊണ്ട് സംഘടിതമായി ബലികർമ്മം നടത്തുന്ന സമ്പ്രദായം ഇന്ന് വ്യാപകമാണ്. സ്വന്തമായി ഒരു മൃഗത്തെ അറുക്കാൻ കഴിയാത്തവർക്ക് പങ്കാളികളാവാമെന്നതിനാലും നടത്തിപ്പിലും മറ്റുമുള്ള അധ്വാനം കമ്മിറ്റി ഏറ്റെടുക്കുമെന്നതിനാലും ജനങ്ങളുടെ അംഗീകാരം ഇതിന് ലഭിച്ചിട്ടുമുണ്ട്. മാംസം പ്രദേശത്തെ മുഴുവൻ ആളുകൾക്കും ലഭിക്കാനും ഇത് കാരണമാകുന്നു. ഈ നിലക്ക് ഇത് പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. എന്നാൽ നേതൃത്വം കൊടുക്കുന്നവരുടെ അജ്ഞതയും അശ്രദ്ധയും കാരണം പലപ്പോഴും ഉള്ഹിയ്യത്തിന്റെ പ്രതിഫലം നഷ്ടപ്പെടാൻ പോലും ഇത് നിമിത്തമാകാറുണ്ട്. അതുകൊണ്ട്, നേതൃത്വം കൊടുക്കുന്നവർ പണ്ഡിതന്മാരിൽ നിന്ന് കൃത്യമായ വിധികൾ മനസ്സിലാക്കി മാത്രമേ ഇത് കൈകാര്യം ചെയ്യാൻ പാടുള്ളൂ. അല്ലെങ്കിൽ നേതൃത്വം നൽകിയവർ ഇതിന് ഉത്തരവാദികളവുകയും ചെയ്യും.

▼ ഏഴുപേർ ചേർന്ന് ഒരു മൃഗത്തെ അറുക്കുമ്പോൾ ഓരോരുത്തരും ഏഴിലൊന്നിന്റെ ഉടമകളായിരിക്കും.

▼ ധാരാളം മൃഗങ്ങളും ഷെയറുകാരും ഉണ്ടാകുമ്പോൾ ഏഴുപേർ അടങ്ങിയ ഓരോ ഗ്രൂപ്പിനും ഒരു മൃഗം നിർണയിച്ചു കൊടുക്കണം.

▼ 14 പേർ ചേർന്ന് രണ്ടു മൃഗത്തെ വാങ്ങുകയും ഓരോ ഏഴു പേർക്കും മൃഗത്തെ നിർണയിച്ചുകൊടുക്കാതിരിക്കുകയും ചെയ്താൽ ആർക്കും ഉള്ഹിയ്യത്ത് ലഭിക്കുകയില്ല. കാരണം, ഇവിടെ ഒരാളുടെ അവകാശം ഏഴിലൊന്നല്ല. മറിച്ച് പതിനാലിൽ ഒന്നാണല്ലോ. രണ്ടു മൃഗത്തിൽ നിന്നുമായി പതിനാലിൽ ഒരു വിഹിതം അവകാശമുണ്ടെന്നത് രണ്ടു മൃഗത്തിലും കൂടിയാകുമ്പോൾ ഏഴിലൊന്നുണ്ടാകുമല്ലോ എന്ന ന്യായം പരിഗണിക്കപ്പെടില്ല. ഓരോ മൃഗത്തിന്റെയും ഏഴിലൊന്ന് തന്നെ ലഭിക്കണം. (മുഗ്നി, ശർവാനി 9/349)

▼ ഷെയറായി അറുക്കുമ്പോൾ ഓരോരുത്തരുടെയും വിഹിതത്തിൽ നിന്ന് സ്വദഖ നിർബന്ധമാണ്.

▼ അറവിനു ശേഷം മൃഗത്തിന്റെ മൊത്തം മാംസം ഏഴു ഷെയറാക്കി ഓഹരി ചെയ്താൽ എല്ലാവരും തങ്ങളുടെ ഓഹരിയിൽ നിന്ന് സ്വദഖ ചെയ്യൽ നിർബന്ധമാണ്.

▼ ആകെ മാംസത്തിൽ നിന്നു ഷെയറുകാർ ഓഹരി ചെയ്തെടുക്കുന്നതിനു മുമ്പ് സ്വദഖ നൽകിയാലും മതിയാകും. ഇങ്ങനെ ചെയ്താൽ എല്ലാവരുടെയും വിഹിതത്തിൽ നിന്ന് സ്വദഖയുണ്ടാകുമല്ലോ. പിന്നീട് ഓരോരുത്തരുടെ വിഹിതത്തിൽ നിന്ന് സ്വദഖ ഉണ്ടാവണമെന്ന് നിർബന്ധമില്ല.

## ഉള്ഹിയ്യത്തും അഖീഖത്തും

ഒരു മൃഗത്തിലെ ഷെയറുകാർ മുഴുവനും ഉള്ഹിയ്യത്ത് തന്നെ കരുതുന്നവരാവണമെന്നില്ല. ഒരാൾ ഉള്ഹിയ്യതും രണ്ടാമൻ അഖീഖത്തും മറ്റൊരാൾ മാംസവിൽപ്പനയും കരുതിയാലും അനുവദനീയമാണ്. ഇബ്നുഹജർ(റ) തുഹ്ഫയിൽ ഇക്കാര്യം പ്രബലമാക്കിയിട്ടുണ്ട്. ഒരു മൃഗം പൂർണ്ണമായി അഖീഖയറുക്കാൻ കഴിയാത്തവർക്ക് ഈ നിയമം ഉപയോഗപ്പെടുത്താവുന്നതാണ്.

▼ ആടിനെയാണ് അറുക്കുന്നതെങ്കിൽ രണ്ടു നിയ്യത്തും കൂടി പറ്റില്ല. അപ്രകാരം ഒട്ടകത്തിലോ മാടിലോ ഏഴിലൊന്ന് പങ്കുചേർന്നവർ അതിൽ രണ്ടും ഒന്നിച്ച് നിയ്യത്ത് ചെയ്യാനും പറ്റില്ല. ഏഴിൽ രണ്ട് ഓഹരിയുണ്ടെങ്കിൽ ഒന്ന് ഉള്ഹിയ്യതും ഒന്ന് അഖീഖത്തും കരുതാം.



പരിസ്ഥിതി

അനസ് പി കാളികാവ്

# പരിസ്ഥിതിക്ക് കാവലേകാം



ആധുനിക ലോകം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയായി പരിസ്ഥിതി സംരക്ഷണം മാറിക്കഴിഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ നൂറ്റാണ്ടുകൾക്കു മുമ്പ് ഇസ്‌ലാം മുന്നോട്ടുവെച്ച പരിസ്ഥിതി ദർശനങ്ങൾ ഇക്കാലത്ത് ഏറെ ശ്രദ്ധേയമാണ്. പ്രപഞ്ചത്തിലെ സകല ചരാചരങ്ങളും സ്രഷ്ടാവായ അല്ലാഹുവിന്റെ കൃത്യമായ ആസൂത്രണത്തിന്റെയും അത്യപൂർവ്വമായ സൃഷ്ടിവൈഭവത്തിന്റെയും അടയാളങ്ങളാണ്. പ്രകൃതിയെ അല്ലാഹുവിന്റെ വലിയ ദൃഷ്ടാന്തമായും മനുഷ്യന് ഏൽപ്പിക്കപ്പെട്ട പവിത്രമായ ഉത്തരവാദിത്തമായുമാണ് ഇസ്‌ലാം പരിചയപ്പെടുത്തുന്നത്. പ്രപഞ്ചത്തിലെ ഓരോ കണികയും അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കുന്നുവെന്ന് ഖുർആൻ ആവർത്തിച്ചു വ്യക്തമാക്കുന്നുണ്ട്.

## മനുഷ്യനും ഉത്തരവാദിത്ത ബോധവും

പർവ്വതങ്ങളും സമുദ്രങ്ങളും നദികളും കാടുകളുമെല്ലാമടങ്ങുന്ന ഈ പ്രകൃതിവ്യവസ്ഥയിൽ മനുഷ്യൻ ഒരു അതിഥി മാത്രമാണ്. ഭൂമിയിലെ വിഭവങ്ങളുടെ യഥാർത്ഥ ഉടമസ്ഥാവകാശം അല്ലാഹുവിനാണ്. ഈ ഭൂമിയിൽ അല്ലാഹുവിന്റെ പ്രതിനിധികളാണ് മനുഷ്യർ. അതുകൊണ്ടുതന്നെ, ഉടമസ്ഥനെന്നപോലെ ഭൂമിയോട് പെരുമാറാനോ തന്നിഷ്ടപ്രകാരം വിഭവങ്ങൾ നശിപ്പിക്കാനോ മനുഷ്യർക്ക് അവകാശമില്ല. ഉടമസ്ഥന്റെ താല്പര്യങ്ങൾക്കനുസൃതമായി പ്രകൃതിയെ കാത്തുസൂക്ഷിക്കുകയും വരുംതലമുറയ്ക്കത് സുരക്ഷിതമായി കൈമാറുകയും ചെയ്യേണ്ട വലിയ ബാധ്യതയാണ് മനുഷ്യനുള്ളത്. ഈ ഉത്തരവാദിത്തത്തിൽ വീഴ്ച വരുത്തുന്നത് അല്ലാഹുവിനോടുള്ള കടുത്ത നന്ദികേടായാണ് ഇസ്‌ലാമിക നിയമങ്ങൾ പഠിപ്പിക്കുന്നത്.

ഭൂമിയിലെ വിഭവങ്ങളുടെ യഥാർത്ഥ ഉടമസ്ഥാവകാശം അല്ലാഹുവിനാണ്. ഈ ഭൂമിയിൽ അല്ലാഹുവിന്റെ പ്രതിനിധികളാണ് മനുഷ്യർ. അതുകൊണ്ടുതന്നെ, ഉടമസ്ഥനെന്നപോലെ ഭൂമിയോട് പെരുമാറാനോ തന്നിഷ്ടപ്രകാരം വിഭവങ്ങൾ നശിപ്പിക്കാനോ മനുഷ്യർക്ക് അവകാശമില്ല. ഉടമസ്ഥന്റെ താല്പര്യങ്ങൾക്കനുസൃതമായി പ്രകൃതിയെ കാത്തുസൂക്ഷിക്കുകയും വരുംതലമുറയ്ക്കത് സുരക്ഷിതമായി കൈമാറുകയും ചെയ്യേണ്ട വലിയ ബാധ്യതയാണ് മനുഷ്യനുള്ളത്.



**വിശ്വാസി നട്ടുപിടിപ്പിക്കുന്ന മരത്തിൽ നിന്ന് പക്ഷിയോ മനുഷ്യനോ മൃഗമോ ഭക്ഷിച്ചാൽ അതൊരു വലിയ ദാനധർമ്മമായി രേഖപ്പെടുത്തപ്പെടുമെന്ന് പ്രവാചകർ(സ) പഠിപ്പിച്ചു. ലോകാവസാനത്തിന്റെ സൂചനകൾ കണ്ടുതുടങ്ങിയാൽ പോലും കൈയിലുള്ള വൃക്ഷത്തൈ മണ്ണിൽ നടാൻ അവിടുന്ന് വിശ്വാസികളോട് ആഹ്വാനം ചെയ്തു. പരിസ്ഥിതി പ്രവർത്തനങ്ങളിൽ വിശ്വാസികൾ കാണിക്കേണ്ട  പ്രതിബദ്ധതയെയാണിത് സൂചിപ്പിക്കുന്നത്.**

## സന്തുലിതാവസ്ഥ

പ്രപഞ്ചത്തിന്റെ നിലനിൽപ്പ് അല്ലാഹു നിശ്ചയിച്ച സന്തുലിതാവസ്ഥയിൽ അധിഷ്ഠിതമാണ്. സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും അവയുടെ നിശ്ചിത ഭ്രമണ പഥത്തിലൂടെ സഞ്ചരിക്കുന്നതും സമുദ്രങ്ങളും കരയും കൃത്യമായ അനുപാതത്തിൽ നിലകൊള്ളുന്നതും ഈ സന്തുലിതാവസ്ഥയുടെ ഭാഗമാണ്. ഖുർആനിലെ സൂറതു റഹ്മാനിൽ അല്ലാഹു ഇക്കാര്യം ഉണർത്തുന്നുണ്ട്: 'അവൻ ആകാശത്തെ ഉയർത്തുകയും സന്തുലിതാവസ്ഥ (മീസാൻ) നിലനിർത്തുകയും ചെയ്തിരിക്കുന്നു; നിങ്ങളതിൽ അതിക്രമം കാണിക്കാതിരിക്കാൻ വേണ്ടി.' പ്രകൃതിയുടെ ബാലൻസ് തെറ്റിക്കുന്ന തരത്തിലുള്ള മനുഷ്യന്റെ അനിയന്ത്രിതമായ ഇടപെടലുകൾ വലിയ ദുരന്തങ്ങൾക്ക് വഴിവെക്കുമെന്ന് ഖുർആൻ മുന്നറിയിപ്പ് നൽകുന്നു. നാം ഇന്ന് നേരിടുന്ന ആഗോളതാപനം, ഓസോൺപാളിയുടെ തകർച്ച, പ്രളയങ്ങൾ, ഭൂകമ്പങ്ങൾ എന്നിവയെല്ലാം മനുഷ്യന്റെ പരിധിലംഘനത്തിന്റെ പരിണതഫലങ്ങളാണ്. 'മനുഷ്യന്റെ കൈകടത്തലുകൾ മൂലം കരയിലും കടലിലും നാശങ്ങൾ പ്രത്യക്ഷപ്പെട്ടിരിക്കുന്നു' എന്ന ഖുർആനിക വചനം ആധുനിക ലോകത്തെ പാരിസ്ഥിതിക തകർച്ചയുടെ മുഖ്യഹേതുവിലേക്ക് വിരൽ ചൂണ്ടുന്നു.

## മിതത്വവും ജലസംരക്ഷണവും

വിഭവങ്ങൾ ഉപയോഗിക്കുന്നതിൽ മിതത്വം പാലിക്കൽ ഇസ്‌ലാമിന്റെ അടിസ്ഥാനപാഠങ്ങളിലൊന്നാണ്. അമിതവ്യയം പൈശാചികവൃത്തിയാണെന്നാണ് ഖുർആൻ വിശദീകരിക്കുന്നത്. ഈ മിതത്വദർശനം പരിസ്ഥിതി സംരക്ഷണത്തിന്റെ അടിത്തറയാണ്. നിറഞ്ഞൊഴുകുന്ന പുഴയുടെ തീരത്തിരുന്നാണ് വുളൂഅ് ചെയ്യുന്നതെങ്കിലും വെള്ളം പാഴാക്കരുതെന്ന് തിരുനബി(സ) അനുയായികൾക്ക് കർശനമായി ഉപദേശങ്ങൾ നൽകിയിരുന്നു. ജലസംരക്ഷണത്തിന് ഇതിലും വലിയൊരു മാതൃക ലോകത്ത് മറ്റൊന്ന് കാണാനാവില്ല.

## ഹരിതവൽക്കരണം

സസ്യലതാദികളും വനങ്ങളും പ്രകൃതിയുടെ ശ്വാസകോശങ്ങളാണ്. മരം നടൽ ഒരു പുണ്യകർമ്മമായി ഇസ്‌ലാം ഉയർത്തിക്കാട്ടുന്നു. വിശ്വാസി നട്ടുപിടിപ്പിക്കുന്ന മരത്തിൽ നിന്ന് പക്ഷിയോ മനുഷ്യനോ മൃഗമോ ഭക്ഷിച്ചാൽ അതൊരു വലിയ ദാനധർമ്മമായി രേഖപ്പെടുത്തപ്പെടുമെന്ന് പ്രവാചകർ(സ) പഠിപ്പിച്ചു. ലോകാവസാനത്തിന്റെ സൂചനകൾ കണ്ടുതുടങ്ങിയാൽ പോലും കൈയിലുള്ള വൃക്ഷത്തൈ മണ്ണിൽ നടാൻ അവിടുന്ന് വിശ്വാസികളോട് ആഹ്വാനം ചെയ്തു. പരിസ്ഥിതി പ്രവർത്തനങ്ങളിൽ വിശ്വാസികൾ കാണിക്കേണ്ട നിരന്തരമായ പ്രതിബദ്ധതയെയാണിത് സൂചിപ്പിക്കുന്നത്.

യുദ്ധഘട്ടങ്ങളിൽ പോലും ഫലവൃക്ഷങ്ങൾ മുറിക്കരുതെന്നും പച്ചപ്പുള്ള നാടുകൾ നശിപ്പിക്കരുതെന്നും മുസ്‌ലിം സൈന്യത്തിന് കർശനമായ നിർദ്ദേശങ്ങൾ ലഭിച്ചിരുന്നു. ഊഷരഭൂമിയെ ജീവസ്സുറ്റതാക്കുന്നവർക്ക് വലിയ പ്രതിഫലം ലഭിക്കുമെന്ന് ഇസ്‌ലാം ഉറപ്പുനൽകുന്നു. തരിശുഭൂമികൾ കൃഷിയോഗ്യമാക്കി മാറ്റുന്നതിനെ ഇസ്‌ലാം വലിയ തോതിൽ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്.

വഴികളിൽ മാലിന്യങ്ങൾ തള്ളുന്നതും പൊതുജനങ്ങൾ ഉപയോഗിക്കുന്ന ജലാശയങ്ങളിൽ മലമൂത്രവിസർജ്ജനം നടത്തുന്നതും പ്രവാചകർ(സ) കർശനമായി നിരോധിച്ചു. വഴികളിൽ നിന്ന് കല്ലും മുള്ളും മാലിന്യങ്ങളും നീക്കം ചെയ്യുന്നത് വിശ്വാസത്തിന്റെ ഭാഗമാണെന്നും അത് ഓരോരുത്തരും നിർവഹിക്കേണ്ട ബാധ്യതയാണെന്നും പഠിപ്പിച്ചു. ഇത് കേവലം ഒരു ശുചീകരണ പ്രവൃത്തിയല്ല, മറിച്ച് സമൂഹത്തോടുള്ള പ്രതിബദ്ധതയും പ്രകൃതിയോടുള്ള കടമയുമാണ്.

## ജീവജാലങ്ങളോടുള്ള കരുതൽ

മനുഷ്യനെപ്പോലെ ഭൂമിയിലെ വിഭവങ്ങളിൽ ഇതരജീവജാലങ്ങൾക്കും അവകാശമുണ്ടെന്ന് ഇസ്‌ലാം അടിവരയിടുന്നു. ഖുർആൻ പറയുന്നു: 'ഭൂമിയിലുള്ള ഏതൊരു ജീവിയും, ചിറകുകൾ കൊണ്ട് പറക്കുന്ന ഏതൊരു പക്ഷിയും നിങ്ങളെപ്പോലെ ചില സമൂഹങ്ങൾ തന്നെയാകുന്നു.' മനുഷ്യർക്ക് ലഭിക്കുന്ന പരിഗണനയും കാരുണ്യവും ഇതരജീവികൾക്കും അർഹതപ്പെട്ടതാണ്. ഒരു പൂച്ചയെ ഭക്ഷണവും വെള്ളവും നൽകാതെ കെട്ടിയിട്ടു പ്രയാസപ്പെടുത്തിയ സ്ത്രീക്ക് നരകം ലഭിച്ചുവെന്നും ദാഹിച്ചുവലഞ്ഞ നായയ്ക്ക് കിണറ്റിലിറങ്ങി വെള്ളം കോരിക്കൊടുത്ത വ്യക്തി സ്വർഗ്ഗാവകാശിയായി മാറിയെന്നുമുള്ള പ്രവാചകവചനങ്ങൾ ജീവജാലങ്ങളോടുള്ള കാരുണ്യം പരലോകവിജയത്തിന്റെ ഭാഗമാണെന്ന് വ്യക്തമാക്കുന്നു.

## ശുചിത്വവും പരിസരപരിപാലനവും

ശുചിത്വം ഇസ്‌ലാമിന്റെ പ്രായോഗിക ജീവിതത്തിന്റെ അവിഭാജ്യ ഘടകമാണ്. 'ശുചിത്വം വിശ്വാസത്തിന്റെ പകുതിയാണ്' എന്ന അധ്യാപനം വിശ്വാസിയുടെ ആന്തരികവും ബാഹ്യവുമായ അവസ്ഥയെ ഒരുപോലെ ബാധിക്കുന്നു. വ്യക്തിശുചിത്വം പോലെ പ്രധാനമാണ് പരിസരശുചിത്വവും. വഴികളിൽ മാലിന്യങ്ങൾ തള്ളുന്നതും പൊതുജനങ്ങൾ ഉപയോഗിക്കുന്ന ജലാശയങ്ങളിൽ മലമൂത്രവിസർജ്ജനം നടത്തുന്നതും പ്രവാചകർ(സ) കർശനമായി നിരോധിച്ചു. വഴികളിൽ നിന്ന് കല്ലും മുള്ളും മാലിന്യങ്ങളും നീക്കം ചെയ്യുന്നത് വിശ്വാസത്തിന്റെ ഭാഗമാണെന്നും അത് ഓരോരുത്തരും നിർവഹിക്കേണ്ട ബാധ്യതയാണെന്നും പഠിപ്പിച്ചു. ഇത് കേവലം ഒരു ശുചീകരണ പ്രവൃത്തിയല്ല, മറിച്ച് സമൂഹത്തോടുള്ള പ്രതിബദ്ധതയും പ്രകൃതിയോടുള്ള കടമയുമാണ്.

## പൊതുവിഭവങ്ങളും ലളിതജീവിതവും

പ്രകൃതി വിഭവങ്ങൾ പൊതുമുതലാണ്. വായുവും വെളിച്ചവും വെള്ളവും ആർക്കും കുത്തകയാക്കി വെക്കാൻ അവകാശമില്ല. എല്ലാവർക്കും തുല്യമായി ലഭിക്കേണ്ട ഈ വിഭവങ്ങൾ മലിനമാക്കുന്നത് വലിയൊരു സാമൂഹിക പാപമായിട്ടാണ് ഇസ്‌ലാം കാണുന്നത്. ലാഭത്തിനുവേണ്ടി വായുവും വെള്ളവും വിഷമയമാക്കുന്ന കോർപ്പറേറ്റുകൾക്കും വ്യക്തികൾക്കും അല്ലാഹുവിന്റെ മുമ്പിൽ കടുത്ത ശിക്ഷ അനുഭവിക്കേണ്ടി വരുമെന്ന് ഇസ്‌ലാം മുന്നറിയിപ്പ് നൽകുന്നു. ലളിതമായ ജീവിതശൈലി സ്വീകരിക്കുന്നതിലൂടെ പ്രകൃതിക്കു മേലുള്ള ഭാരം കുറയ്ക്കാൻ ഓരോ മനുഷ്യനും സാധിക്കണം. ആഢംബരങ്ങളുടെ പിന്നാലെ പാഞ്ഞ് വിഭവങ്ങൾ നശിപ്പിക്കുന്നത് ഇസ്‌ലാം അനുവദിക്കുന്നില്ല.

## ആത്മീയതയും പ്രകൃതിസ്നേഹവും

ആധുനിക ലോകം പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കാൻ നിയമങ്ങളും ഉടമ്പടികളും നിർമ്മിക്കുമ്പോൾ, ഇസ്‌ലാം മനുഷ്യന്റെ മനസ്സിനെയാണ് പാകപ്പെടുത്തുന്നത്. പ്രകൃതിയോടുള്ള സ്നേഹവും കരുണയും സ്രഷ്ടാവിനോടുള്ള ആരാധനയുടെ ഭാഗമായി മാറുമ്പോൾ മാത്രമേ യഥാർത്ഥ മാറ്റം സാധ്യമാകൂ. മനുഷ്യൻ ഭൂമിയുടെ യജമാനനല്ലെന്നും പരിപാലകൻ മാത്രമാണെന്നുമുള്ള തിരിച്ചറിവ് ഓരോ വിശ്വാസിക്കുമുണ്ടാകണം. സ്രഷ്ടാവും സൃഷ്ടിയും പ്രകൃതിയും തമ്മിലുള്ള ഈ അഭേദ്യമായ ബന്ധം ഇസ്‌ലാം ഉത്തമമായ രീതിയിൽ ക്രമീകരിച്ചിരിക്കുന്നു. പ്രകൃതിയെ ദ്രോഹിക്കുന്നത് അല്ലാഹുവിനെ ദ്രോഹിക്കുന്നതിനു തുല്യമാണെന്ന ബോധം വിശ്വാസികളെ മികച്ച പരിസ്ഥിതി സംരക്ഷകരാക്കി മാറ്റുന്നു. വരുംതലമുറയ്ക്കായി പച്ചപ്പുള്ള ഒരു ലോകം ബാക്കി വെക്കുക എന്നത് ഭൗതികമായ ഒരു പദ്ധതിയല്ല, മറിച്ച് പരലോകത്ത് പ്രതിഫലം ലഭിക്കുന്ന ഒരു ആത്മീയാധ്വാനമാണ്.

ചുരുക്കത്തിൽ, ഖുർആനിലും സുന്നത്തിലും അധിഷ്ഠിതമായ പരിസ്ഥിതി ദർശനങ്ങൾ ഉൾക്കൊണ്ട് ജീവിക്കൽ ഓരോ മുസ്‌ലിമിന്റെയും മതപരമായ ബാധ്യതയാണ്. 'ഭൂമിയിലുള്ളവരോട് കരുണ കാണിച്ചാൽ മാത്രമേ ആകാശത്തുള്ളവൻ നമ്മോട് കരുണ കാണിക്കുകയുള്ളൂ' എന്ന പ്രവാചകവചനം പരിസ്ഥിതി സംരക്ഷണത്തിനായുള്ള ഏറ്റവും വലിയ പ്രായോഗിക തത്വമാണ്.

ആത്മികം

സൈനുദ്ദീൻ ശാമിൽ ഇർഫാനി

# ഹജ്ജ് മാനവികതയുടെ സമാഗമം



മനുഷ്യ-മനുഷ്യേതര സൃഷ്ടി വൈവിധ്യങ്ങളുടെ ഉദ്യാനമാണ് പ്രകൃതി. ഈ സൗന്ദര്യം സർവ്വശക്തനായ സ്രഷ്ടാവിന്റെ കലാവൈഭവത്തിന്റെ തികഞ്ഞ പ്രതിഫലനമാണ്. പ്രപഞ്ചത്തിന്റെ സൗന്ദര്യം വർണിച്ചുകൊണ്ട് വിശുദ്ധ ഖുർആൻ പറയുന്നു: 'നീ കണ്ടില്ലേ; അല്ലാഹു ആകാശത്തു നിന്ന് വെള്ളം ചൊരിഞ്ഞു. അതുമുഖേന വ്യത്യസ്തവർണ്ണങ്ങളുള്ള പഴങ്ങൾ നാം ഉല്പാദിപ്പിച്ചു. പർവ്വതങ്ങളിലുമുണ്ട് വെളുത്തതും ചുവന്നതുമായി നിറഭേദങ്ങളുള്ള പാതകൾ; കറുത്തിരുണ്ടവയുമുണ്ടതിൽ. അതുപോലെ വിഭിന്ന വർണ്ണങ്ങളുള്ളവ മനുഷ്യരിലും മൃഗങ്ങളിലും കന്നുകാലികളിലുമുണ്ട്. അല്ലാഹുവിനെ ഭയപ്പെടുന്നത് അവന്റെ ദാസന്മാരിൽ അറിവുള്ളവർ മാത്രമാകുന്നു. തീർച്ചയായും, അല്ലാഹു പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു.' (35/27,28) 'ഭുവനവാനങ്ങളെ സൃഷ്ടിച്ചതും നിങ്ങളുടെ ഭാഷകളും നിറങ്ങളും വ്യത്യസ്തമായതുമെല്ലാം അവന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതു തന്നെ. അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട് തീർച്ച.' (30/22)

മനുഷ്യേതര വർഗ്ഗങ്ങളിലെന്നപോലെ മനുഷ്യരിലുള്ള വർണ്ണവൈവിധ്യവും പ്രപഞ്ചത്തിന്റെ സൗന്ദര്യം തന്നെ. അതൊരിക്കലും പരസ്പരം വിദ്വേഷം പുലർത്താനോ സമൂഹത്തെ തട്ടുകളായി തരംതിരിക്കാനോ ഉള്ളതല്ല. അല്ലാഹു പറയുന്നു: 'മനുഷ്യരേ, ഒരു പുരുഷനിൽ നിന്നും ഒരു സ്ത്രീയിൽ നിന്നും നിങ്ങളെ നാം സൃഷ്ടിച്ചു. നിങ്ങളെ നാം വ്യത്യസ്ത വിഭാഗങ്ങളും ഗോത്രങ്ങളുമാക്കിയത് നിങ്ങൾ അന്യോന്യം അറിയാൻവേണ്ടി മാത്രമാണ്. നിങ്ങളിൽ ഏറ്റവും ഭയഭക്തിയുള്ളവനാണ് അല്ലാഹുവിന്റെയടുക്കൽ ഏറ്റവും ആദരണീയൻ. അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാണ്.' (49/13)

## ഐക്യത്തിന്റെ ആരാധന

മനുഷ്യർ ഒന്നാണെന്ന ആശയം അക്ഷരാർത്ഥത്തിൽ പ്രകടമാകുന്ന ആരാധനകളിലൊന്നാണ് വിശുദ്ധ ഹജ്ജ്. വിശ്വാസികളുടെ സൗഹൃദത്തിന്റെ സൗന്ദര്യം പ്രകടമാകുന്ന ആരാധനയാണത്. വംശീയ വിവേചനത്തിനെതിരെയുള്ള മഹിതമായ കർമം. ധനികനെന്നോ ദരിദ്രനെന്നോ ഭരണാധികാരിയെന്നോ പ്രജയെന്നോ വെളുത്തവനെന്നോ

**ജന്മമോ കുലമഹിമയോ അല്ല, ആദർശവും കർമവുമാണ് മനുഷ്യമഹത്വത്തിന്റെ അടിത്തറയെന്ന് പ്രഖ്യാപിച്ച മതമാണ് ഇസ്‌ലാം. സ്രഷ്ടാവിന്റെ മുമ്പിൽ മനുഷ്യരെല്ലാം തുല്യരാണെന്നും ദൈവഭക്തി മാത്രമാണ് അവരെ ആദരണീയരാക്കി മാറ്റുന്നതെന്നുമാണ് വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നത്. വർഗവർണ വേർതിരിവോ ജാതിവിവേചനമോ ഖുർആൻ ഒരിക്കലും അംഗീകരിക്കുന്നില്ല. മനുഷ്യരുടെയെല്ലാം സ്രഷ്ടാവ് ഒന്നു മാത്രമാണെന്നും മനുഷ്യരെല്ലാം തുല്യരാണെന്നും ഖുർആൻ പലയിടത്തും ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്.**

കറുത്തവനെന്നോ വേർതിരിവില്ലാതെ ലോകത്തിന്റ മുഴുവൻ ഭാഗങ്ങളിൽ നിന്നും അല്ലാഹുവിന്റെ അതിഥികളായെത്തുന്ന എല്ലാവരും ഏകോദര സഹോദരന്മാരെപ്പോലെ ആരാധനകളിൽ മുഴുകുന്ന വിശുദ്ധ സുകൃതമാണ് ഹജ്ജ്. എല്ലാ ഭാഷക്കാരും ദേശക്കാരും ഒരേ മന്ത്രം ഉരുവിട്ടും ഒരേ വേഷം ധരിച്ചും ഏകഇലാഹിനെ ലക്ഷ്യമാക്കി പ്രാർത്ഥനയിൽ മുഴുകുന്ന മാനവിക ഐക്യത്തിന്റെ സുന്ദരക്കാഴ്ചകളാണ് ഹജ്ജ് സമ്മാനിക്കുന്നത്. അറഫാ മൈതാനത്ത് ഒഴുകിയെത്തി മനുഷ്യസാഗരം തീർക്കുന്ന വിശ്വാസികൾ വംശീയ ദുരഭിമാനത്തിനെതിരെ ആത്മീയസമരം അനുഷ്ഠിക്കുന്നു.

ജന്മമോ കുലമഹിമയോ അല്ല, ആദർശവും കർമവുമാണ് മനുഷ്യമഹത്വത്തിന്റെ അടിത്തറയെന്ന് പ്രഖ്യാപിച്ച മതമാണ് ഇസ്‌ലാം. സ്രഷ്ടാവിന്റെ മുമ്പിൽ മനുഷ്യരെല്ലാം തുല്യരാണെന്നും ദൈവഭക്തി മാത്രമാണ് അവരെ ആദരണീയരാക്കി മാറ്റുന്നതെന്നുമാണ് വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നത്. വർഗവർണ വേർതിരിവോ ജാതിവിവേചനമോ ഖുർആൻ ഒരിക്കലും അംഗീകരിക്കുന്നില്ല. മനുഷ്യരുടെയെല്ലാം സ്രഷ്ടാവ് ഒന്നു മാത്രമാണെന്നും മനുഷ്യരെല്ലാം തുല്യരാണെന്നും ഖുർആൻ പലയിടത്തും ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. 'നിങ്ങളുടെ ആരാധ്യൻ ഏകനാണ്. അവനല്ലാതെ മറ്റൊരു ആരാധ്യനുമില്ല. മഹാകാരുണികനും കരുണാനിധിയുമാണവൻ.'(2/163) 'പറയുക. നിങ്ങളുടെ ആരാധ്യൻ ഏകനാണെന്ന് എനിക്ക് ബോധനം നൽകപ്പെടുന്നുണ്ട്. അതുകൊണ്ട് നിങ്ങൾ അവനെ അനുസരിക്കുന്നുണ്ടോ?'(21/108) 'മനുഷ്യരേ, നിങ്ങളെ നാം ഒരാണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമാണ് സൃഷ്ടിച്ചിട്ടുള്ളത്. നിങ്ങളെ ഗോത്രങ്ങളും വർഗങ്ങളുമാക്കിയത് പരസ്പരം തിരിച്ചറിയാൻ വേണ്ടി മാത്രമാണ്. നിങ്ങളിൽ ഏറ്റവും ഭക്തിയുള്ളവനാണ് അല്ലാഹുവിന്റെയടുക്കൽ ഏറ്റവും ശ്രേഷ്ഠൻ.' (49:13)

## ഇബ്‌റാഹീമി സരണി


കഅ്ബാമന്ദിരത്തിന്റെ പുനർനിർമാണം കഴിഞ്ഞ ശേഷം സ്രഷ്ടാവിന്റെ നിർദ്ദേശപ്രകാരം ഇബ്‌റാഹീം നബി(അ) നടത്തിയ പ്രഖ്യാപനത്തോടെയാണ് വാസ്തവത്തിൽ ഹജ്ജിന്റെ തുടക്കം. മാനവികതയുടെ മഹാചരിത്രത്തിനാണ് മക്കയുടെ മണലാരണ്യത്തിൽ അന്ന് ഇബ്‌റാഹീം നബി(അ) തുടക്കം കുറിച്ചത്. ഇബ്‌റാഹീം നബി(അ)യുടെ സരണി പിന്തുടരാൻ വിശുദ്ധ ഖുർആൻ മാനവലോകത്തോട് കൽപ്പിച്ചു.

'ഇബ്‌റാഹീമിന് ആ ഭവനത്തിന്റെ (കഅ്ബയുടെ) സ്ഥാനം നാം സൗകര്യപ്പെടുത്തിക്കൊടുത്ത സന്ദർഭം (ഓർക്കുക). യാതൊന്നിനെയും എന്നോട് താങ്കൾ പങ്കുചേർക്കരുതെന്നും, ത്വവാഫ് (പ്രദക്ഷിണം) ചെയ്യുന്നവർക്കു വേണ്ടിയും, നിന്നും കുനിഞ്ഞും സാഷ്ടാംഗത്തിലായിക്കൊണ്ടും പ്രാർത്ഥിക്കുന്നവർക്കു വേണ്ടിയും എന്റെ ഭവനം ശുദ്ധമാക്കി വെക്കണമെന്നും (നാം നിർദ്ദേശിച്ചു.) ജനങ്ങൾക്കിടയിൽ താങ്കൾ ഹജ്ജിനെ വിളംബരം ചെയ്യുക. നടന്നുകൊണ്ടും, വിദൂരമായ മലമ്പാതകളിലൂടെ വരുന്ന മെലിഞ്ഞ ഒട്ടകങ്ങളുടെ പുറത്തേറിയുമെല്ലാം അവർ താങ്കളുടെയടുത്ത് വന്നുകൊള്ളും. പ്രയോജനകരമായ രംഗങ്ങളിൽ അവർ സന്നിഹിതരാകുവാനും അല്ലാഹു അവർക്ക് നൽകിയിട്ടുള്ള നാൽക്കാലിമൃഗങ്ങളെ നിശ്ചിത ദിവസങ്ങളിൽ അവന്റെ നാമം ഉച്ചരിച്ചുകൊണ്ട് ബലികഴിക്കാനും വേണ്ടിയാണത്. അങ്ങനെ അവയിൽ നിന്ന് നിങ്ങൾ തിന്നുകയും, പരവശനും ദരിദ്രനുമായിട്ടുള്ളവന് ഭക്ഷിക്കാൻ കൊടുക്കുകയും ചെയ്യുക.' ഖുർആൻ 22/26-28)

## സാഹോദര്യ സംഗമം

ഇസ്‌ലാം വിഭാവനം ചെയ്യുന്ന സൗഹൃദത്തിന്റെ സൗന്ദര്യം പ്രകടിപ്പിക്കുന്ന ഹജ്ജ്, വിശ്വാസികളുടെ സാർവ്വ ദേശീയ സാഹോദര്യ സംഗമമാണ്. അല്ലാഹു പറയുന്നു: 'സത്യവിശ്വാസികൾ സഹോദരന്മാർ തന്നെയാകുന്നു. അതിനാൽ രണ്ടു സഹോദരന്മാർക്കിടയിൽ നിങ്ങൾ രഞ്ജിപ്പുണ്ടാക്കുക. അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുക; നിങ്ങൾ അനുഗൃഹീതരാവാൻ വേണ്ടി.' (49/10) 'അവരുടെ ഹൃദയങ്ങൾക്കിടയിൽ അവൻ യോജിപ്പുണ്ടാക്കി. ഭൂമിയിലുള്ളത് മുഴുവൻ ചെലവഴിച്ചാലും അവരുടെ ഹൃദയങ്ങൾക്കിടയിൽ യോജിപ്പുണ്ടാക്കാൻ താങ്കൾക്ക് കഴിയുകയില്ല. പക്ഷേ, അല്ലാഹു അവർക്കിടയിൽ യോജിപ്പുണ്ടാക്കി. അവൻ അജയ്യനും തന്ത്രജ്ഞനുമാകുന്നു.' (8/63)

'നിങ്ങൾ സംഘടിച്ചുകൊണ്ട് അല്ലാഹുവിന്റെ പാശം മുറുകെ പിടിക്കുവീൻ; ഭിന്നിച്ചുപോക



രുത്. പരസ്പരം ശത്രുക്കളായിരുന്നപ്പോൾ അല്ലാഹു ചെയ്തുതന്ന അനുഗ്രഹം നിങ്ങൾ ഓർക്കുവീൻ. ഹൃദയങ്ങൾക്കിടയിൽ അവൻ ഇണക്കമുണ്ടാക്കി. അങ്ങനെ അവന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരന്മാരായിത്തീർന്നു. നരകത്തിന്റെ വക്കിലായിരുന്നു നിങ്ങളുണ്ടായിരുന്നത്. അതിൽ നിന്ന് നിങ്ങളെ അവൻ രക്ഷിച്ചു. ഇപ്രകാരം നിങ്ങൾക്ക് അല്ലാഹു സന്ദേശങ്ങൾ വിവരിച്ചുതരുന്നു. നിങ്ങൾ സന്മാർഗ്ഗം പ്രാപിക്കുന്നതിനുവേണ്ടി.' (3/103)

മാനവിക ഐക്യത്തിന്റെ മഹിതമായ സന്ദേശമാണ് ഹജ്ജ് കൈമാറുന്നത്. ഇസ്‌ലാമിന്റെ സാമൂഹിക സൗന്ദര്യവും സാംസ്കാരിക വൈശിഷ്ട്യവും സാഹോദര്യവും ഹജ്ജിലൂടെ എല്ലാവർക്കും അനുഭവിക്കാൻ സാധിക്കുന്നു. രാജാക്കന്മാർ, മന്ത്രിമാർ, ജനസേവകർ, ജനനായകർ, പണ്ഡിതർ, പാമരർ, ധനികർ, ദരിദ്രർ, കവികൾ, കലാകാരന്മാർ തുടങ്ങി സമൂഹത്തിന്റെ എല്ലാ തട്ടിലുള്ളവർക്കും ഒരേ സ്ഥാനം നൽകുന്ന വിശുദ്ധഭവനത്തിനു സമീപത്താണ് വിശ്വാസികൾ സംഗമിക്കുന്നത്. എല്ലാവർക്കും ഒരേ ലക്ഷ്യം, ഒരേ വിചാരം. മുസ്‌ലിംകൾ മുഴുവൻ ഒറ്റശരീരം പോലെ വർത്തിക്കണമെന്ന പ്രവാചകാധ്യാപനം ശിരസാവഹിച്ചാണ് ലോക മുസ്‌ലിംകൾ ഹജ്ജ് കർമ്മത്തിനെത്തുന്നത്. 'മുസ്‌ലിംകൾ പരസ്പര സ്നേഹത്തിലും കാരുണ്യത്തിലും അനുകമ്പയിലും ഒരു ശരീരം പോലെയാണ്. അതിലൊരവയവത്തിനു രോഗം ബാധിച്ചാൽ ശരീരം മുഴുവൻ ഉറക്കമൊഴിച്ചും പനിച്ചും ആ അവയവത്തോട് അനുഭാവം പ്രകടിപ്പിക്കും.' (സ്വഹീഹ് മുസ്‌ലിം)

മുസ്‌ലിംകൾ അല്ലാഹുവിന്റെ വിധിവിലക്കുകളെ തിരസ്കരിക്കുമ്പോൾ അവരുടെ ഹൃദയങ്ങളും അകലുമെന്നും സുകൃതങ്ങൾ ചെയ്ത് അല്ലാഹുവിന്റെ സ്നേഹം സമ്പാദിക്കുമ്പോഴാണ് പരസ്പര സ്നേഹം വർധിക്കുന്നതെന്നും ഖുർആനിലുണ്ട്. 'സത്യത്തിൽ വിശ്വസിക്കുകയും സൽക്കർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്തവർക്ക് കാരുണ്യവാനായ അല്ലാഹു സ്നേഹം സ്ഥാപിച്ചുകൊടുക്കുന്നതാണ്.' (19/96) സത്യസരണിയിൽ നിലകൊള്ളുമ്പോഴുണ്ടാകുന്ന പരസ്പര സ്നേഹവും സൗഹൃദവും അതിൽനിന്നു വ്യതിചലിക്കുമ്പോൾ നഷ്ടപ്പെടുമെന്ന് ജൂതക്രൈസ്തവ ചരിത്രത്തെ വിവരിച്ചുകൊണ്ട് അല്ലാഹു പറയുന്നുണ്ട്.

എല്ലാവിധ വംശീയാഹങ്കാരത്തിന്റെയും അടിവേരറുക്കുന്ന പ്രസ്താവനകളാണ് തിരുനബി(സ) നടത്തിയിട്ടുള്ളത്. വംശീയമായ പൈതൃകസ്മരണകൾക്കു പകരം ആദർശസ്മരണകൾക്ക് പ്രാധാന്യം നൽകുമ്പോഴാണ് മനുഷ്യരാശിക്ക് ഗുണം ലഭിക്കുന്നത്. മക്കാവിജയവേളയിൽ ഹറമിൽ തടിച്ചുകൂടിയ ജനങ്ങളോട് തിരുനബി(സ) നടത്തിയ പ്രഭാഷണത്തിലെ പ്രധാന പ്രമേയം മനുഷ്യസമത്വവും പരസ്പര സ്നേഹത്തിന്റെ അനിവാര്യതയുമായിരുന്നു.

അവിടുത്തെ പ്രഭാഷണത്തിന്റെ രത്നച്ചുരുക്കം ഇങ്ങനെ വായിക്കാം: 'മനുഷ്യരേ, ഈ സുദിനം നിങ്ങൾക്ക് എത്രമേൽ പരിശുദ്ധമാണോ, ഈ മാസം (ദുൽഹജ്ജ്) നിങ്ങൾക്ക് എത്രമേൽ പവിത്രമാണോ, ഈ നാട് നിങ്ങൾക്ക് എത്രമേൽ ആദരണീയമാണോ അതുപോലെ നിങ്ങളുടെ രക്തവും സമ്പത്തും അഭിമാനവും അതീവ പരിശുദ്ധവും പവിത്രവും ആദരണീയവുമാണ്. പരസ്പരം രക്തം ചിന്തലും ധനാപഹരണവും ദുരഭിമാന പ്രകടനവുമെല്ലാം ഓരോരുത്തർക്കും നിഷിദ്ധമാണ്. ജനങ്ങളേ, അല്ലാഹു നിങ്ങളിൽ നിന്ന് അജ്ഞാനകാലത്തെ ദുരഭിമാനങ്ങളൊക്കെയും നീക്കിയിരിക്കുന്നു. നിങ്ങൾ ശ്രദ്ധിച്ചു കേൾക്കുക, ആരും അക്രമം

**അല്ലാഹു മലക്കുകളെ കഅ്ബ നിർമാണത്തിനു നിയോഗിക്കുകയും ആകാശലോകത്തെ ബൈത്തുൽമഅ്മൂർ എന്ന മന്ദിരത്തിന്റെ മാതൃകയിൽ ഭൂമിയിൽ ഒരു മന്ദിരം നിർമിക്കുവാൻ ആജ്ഞ നൽകുകയും ആകാശവാസികൾ ബൈത്തുൽ മഅ്മൂറിനെ പ്രദക്ഷിണം വയ്ക്കുന്നതുപോലെ ഭൂമിയിലെ സൃഷ്ടികൾ ഈ മന്ദിരത്തെ പ്രദക്ഷിണം വെക്കണമെന്ന് അല്ലാഹു കൽപിക്കുകയും ചെയ്തതിന്റെ ഫലമായാണ് കഅ്ബയും കഅ്ബപ്രദക്ഷിണവും ഹജ്ജും ഇസ്‌ലാമിൽ നിയമമായത്.**

ചെയ്യരുത്. കാലം കറങ്ങിക്കൊണ്ടിരിക്കുകയാണ്. നിങ്ങളുടെ നാഥനെ ആരാധിക്കുക. അഞ്ചു നേരം നിസ്കരിക്കുക. റമളാൻ മാസം നോമ്പനുഷ്ഠിക്കുക. കൽപ്പിക്കപ്പെട്ട കാര്യങ്ങൾ അനുസരിക്കുക. എന്നാൽ, നിങ്ങൾ നാഥന്റെ സ്വർഗത്തിൽ പ്രവേശിക്കും. സ്ത്രീകളുടെ കാര്യത്തിൽ നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. അവരോട് നല്ലനിലയിൽ മാത്രം വർത്തിക്കുക. സ്ത്രീകളോട് നിങ്ങൾക്ക് അനേകം ബാധ്യതകളുണ്ട്. അവർക്ക് നിങ്ങളോടുമുണ്ട് ബാധ്യതകൾ. മാന്യമായ നിലയിൽ അവർക്ക് ഭക്ഷണവും വസ്ത്രവും നൽകൽ നിങ്ങളുടെ ബാധ്യതയാണ്. നിശ്ചയം, നിങ്ങൾ അവരെ വിവാഹം ചെയ്തവരാണ്. അവരുടെ സുരക്ഷിതത്വം അല്ലാഹു നിങ്ങളെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ദുർവൃത്തികളിൽ നിന്ന് അവർ പൂർണമായും ഒഴിഞ്ഞുനിൽക്കുകയും വേണം.' (അൽബിദായത്തു വന്നിഹായ 5/225-233) തിരുനബി(സ)യുടെ ഈ പ്രഖ്യാപനമാണ് ജാതിയുടെയോ വർഗ്ഗത്തിന്റെയോ വർണ്ണത്തിന്റെയും വിവേചനമില്ലാതെ ഏകോദര സഹോദരന്മാരായി വർത്തിക്കാൻ വിശ്വാസികളെ പ്രേരിപ്പിക്കുന്നത്.

നീഗ്രോ വർഗ്ഗക്കാരനായതിന്റെ പേരിൽ ജീവിതത്തിലുടനീളം അക്രമണങ്ങൾക്കും അവഗണനകൾക്കുമിരയായി ഒടുക്കം ഇസ്‌ലാമിലേക്ക് കടന്നുവന്ന മാൽകം എക്സ് എന്ന അൽഹാജ് മാലിക് അൽശഹ്ബാസിന്റെ വാക്കുകൾ ശ്രദ്ധേയമാണ്: 'സാഹോദര്യത്തിന്റെ തെളിഞ്ഞ ചിത്രമായിരുന്നു ഹജ്ജ് യാത്രയിലുടനീളം എനിക്ക് അനുഭവേദ്യമായത്. രാജാവെന്നോ കർഷകനെന്നോ പണക്കാരനെന്നോ പാമരനെന്നോ ഭേദമന്യേ എല്ലാവരും ഒരേ വസ്ത്രത്തിൽ ഒരൊറ്റ ലക്ഷ്യത്തിനായി കഅ്ബയെ പ്രദക്ഷിണം ചെയ്യുന്നു. ഇവിടെ നിറത്തനിമയോ ജാതിമേന്മയോ ഒട്ടും പ്രാധാന്യമർഹിക്കുന്നില്ല. വെളുത്തവരും കറുത്തവരും തവിട്ടുനിറമുള്ളവരുമെല്ലാം സഹോദരങ്ങൾ, അല്ലാഹുവെന്ന ഒരേഒരുവനെ ആരാധിക്കുന്നവർ.'

## പൗരാണിക സുകൃതം

ലോകത്തിലെ ആദ്യ തീർത്ഥാടനമാണ് ഹജ്ജ്; ആദ്യത്തെ ആരാധനാലയം കഅ്ബയും. വിശുദ്ധഖുർആൻ പറയുന്നു: 'മനുഷ്യർക്കു വേണ്ടി സ്ഥാപിക്കപ്പെട്ട ഒന്നാമത്തെ ആരാധനാഗേഹം അനുഗൃഹീതമായും ലോകർക്ക് മാർഗദർശനമായും മക്കയിൽ സ്ഥാപിതമായ ഗേഹമാകുന്നു.' (3/96) പ്രവാചകശിഷ്യനായ അബൂദർറ്(റ) ഒരിക്കൽ ചോദിച്ചു: 'അല്ലാഹുവിന്റെ പ്രവാചകരേ, ഏതു പള്ളിയാണ് ഭൂമിയിൽ ആദ്യമായി സ്ഥാപിതമായത്?'

'മസ്ജിദുൽ ഹറാം.' തിരുനബി(സ) പറഞ്ഞു.

'പിന്നെ ഏതു പള്ളിയാണ്?' അബൂദർറ്(റ) ചോദിച്ചു.

'പിന്നീട് മസ്ജിദുൽഅഖ്സാ.' തിരുനബി(സ) പറഞ്ഞു.

'അവ രണ്ടിനുമിടയ്ക്ക് എത കാലദൈർഘ്യമുണ്ട്?' അബൂദർറ്(റ) വീണ്ടും ചോദിച്ചു.

'നാൽപത് വർഷം.' തിരുനബി(സ) മറുപടി നൽകി. (ബുഖാരി 3360, മുസ്‌ലിം 520)

അല്ലാഹു ഒരു സംഘം മലക്കുകളെ കഅ്ബ നിർമാണത്തിനു നിയോഗിക്കുകയും ആകാശലോകത്തെ ബൈത്തുൽമഅ്മൂർ എന്ന മന്ദിരത്തിന്റെ മാതൃകയിൽ ഭൂമിയിൽ ഒരു മന്ദിരം നിർമിക്കുവാൻ ആജ്ഞ നൽകുകയും ആകാശവാസികൾ ബൈത്തുൽ മഅ്മൂറിനെ പ്രദക്ഷിണം വയ്ക്കുന്നതുപോലെ ഭൂമിയിലെ സൃഷ്ടികൾ ഈ മന്ദിരത്തെ പ്രദക്ഷിണം വെക്കണമെന്ന് അല്ലാഹു കൽപിക്കുകയും ചെയ്തതിന്റെ ഫലമായാണ് കഅ്ബയും കഅ്ബപ്രദക്ഷിണവും അതടങ്ങുന്ന ഹജ്ജും ഇസ്‌ലാമിൽ നിയമമായത്.

പൗരാണികമായ ആരാധനാകർമങ്ങളിൽ പെട്ടതുതന്നെയാണ് ഹജ്ജ്. ആദംനബി(അ) ഇന്ത്യയിൽനിന്നു കാൽ നടയായിച്ചെന്നു നാൽപതു വർഷം ഹജ്ജ് നിർവഹിച്ചുവെന്നും 'മലക്കുകൾ താങ്കൾക്കു മുമ്പ് ഈ മന്ദിരത്തെ ഏഴു സഹസ്രാബ്ദമായി ത്വവാഫ് ചെയ്തുവരികയായിരുന്നു' എന്ന് ജിബ്‌രീൽ(അ) ആദംനബി(അ)നോട് പറഞ്ഞുവെന്നും ചില ഹദീസ് നിവേദനങ്ങളിൽ വന്നിട്ടുണ്ട്. ചരിത്രപണ്ഡിതർ പറയുന്നു: 'ഇബ്റാഹീംനബി(അ)ക്കു ശേഷം ഹജ്ജ് നിർവഹിക്കാത്ത ഒരു പ്രവാചകനും വന്നിട്ടില്ല. മറ്റു പലരും പ്രഖ്യാപിച്ചിട്ടുള്ളത്, ഹജ്ജ് നിർവഹിക്കാത്ത ഒരു പ്രവാചകനും ലോകത്ത് വന്നിട്ടില്ലെന്നാണ്. ഹിജ്റ ആറാം വർഷത്തിലാണ് നമുക്ക് ഹജ്ജ് നിർബന്ധമായത്. നബി(സ) പ്രവാചകത്വലബ്ധിക്കു മുമ്പും ശേഷവുമായി നിരവധി ഹജ്ജുകൾ ചെയ്തിട്ടുണ്ട്. അവയുടെ എണ്ണം കൃത്യമായി അറിയില്ല. ഹിജ്റക്കു ശേഷം തിരുനബി(സ) ഒരു ഹജ്ജു മാത്രമേ നിർവഹിച്ചിട്ടുള്ളൂ. അതാണ് ഹജ്ജത്തുൽവിദാഅ്. (തുഹ്ഫ)

ചരിത്രാഖ്യായിക/മൈമൂന (റ) – 10

മുഹമ്മദ് പാറന്നൂർ

# പറയാനുണ്ടേറെ വിശേഷങ്ങൾ

മൈമൂന! ഹാരിസുബ്നു ഹസനിന്റെ മോൾ ഇതുവരെ ബർറ എന്നാണ് വിളിക്കപ്പെട്ടത്. ഈ നിമിഷം മുതൽ അവൾ മൈമൂനയാണ്. അതേ, അനുഗൃഹീത! തികച്ചും അന്വർത്ഥമായ നാമം. ആ നാമം മനസ്സിൽ ഒരു നൂറുവട്ടം ഉരുക്കഴിച്ചു, അവിടെ സ്ഥിര പ്രതിഷ്ഠ നേടാനാനെന്നോണം. ഉത്തമമായ നാമം തന്നെ! റസൂലുല്ലാഹി നൽകിയ നാമം എന്ന മഹത്വം അതിന് അലങ്കാരമായിരിക്കുന്നു. ഇനിയാരും എന്നെ പഴയ നാമത്തിൽ വിളിക്കരുതെന്നായിരുന്നു പിന്നെയാഗ്രഹം.

ത്വാഇഫിനടുത്ത സറഫ് മൈമൂനയുടെ ജീവിതത്തിലെ മറ്റൊരു അത്താണിയാണ്. റസൂലുല്ലാഹിയുമായി ഇഴുകിച്ചേർന്ന ധന്യമുഹൂർത്തത്തിനു സാക്ഷിയാണല്ലോ സറഫ്. അതുകൊണ്ടുതന്നെ ഈ ദേശവും മൈമൂനയുടെ ആത്മാവുമായി അഭേദ്യബന്ധം സ്ഥാപിച്ചിരിക്കുന്നു. വഴിമധ്യേയുള്ള 'വീടുകൂടൽ' എത്ര പെട്ടെന്നാണ് കഴിഞ്ഞത്! വിശ്രമിക്കാൻ പോലും സമയമില്ലാതെ പെട്ടെന്നുതന്നെ മദീനയിലേക്ക് പുറപ്പെട്ടുകഴിഞ്ഞുവല്ലോ.

**എത്ര മനോഹരമാണ് റസൂലുല്ലാഹിയുടെ മദീന! വഴികളിലുടനീളം തലയുയർത്തി നിൽക്കുന്ന ഈന്തപ്പനകൾ, അവയിൽ നിറയെ ഈത്തപ്പഴങ്ങൾ, പടർന്നുപന്തലിച്ചു കിടക്കുന്ന മുന്തിരിത്തോട്ടങ്ങൾ, ധാന്യങ്ങൾ വിളയുന്ന താഴ്‌വരകൾ, പലതരം സസ്യലതാദികളാൽ നിബിഡമായ സമതലങ്ങൾ, കിളികളുടെ കളകൂജനങ്ങൾ...**

മദീനയുടെ അതിർത്തി കണ്ടുതുടങ്ങിയപ്പോൾ തന്നെ തനുവും മനവും കുളിർത്തു. എത്ര മനോഹരമാണ് റസൂലുല്ലാഹിയുടെ മദീന! വഴികളിലുടനീളം തലയുയർത്തി നിൽക്കുന്ന ഈന്തപ്പനകൾ, അവയിൽ നിറയെ ഈത്തപ്പഴങ്ങൾ, പടർന്നുപന്തലിച്ചു കിടക്കുന്ന മുന്തിരിത്തോട്ടങ്ങൾ, ധാന്യങ്ങൾ വിളയുന്ന താഴ്‌വരകൾ, പലതരം സസ്യലതാദികളാൽ നിബിഡമായ സമതലങ്ങൾ, കിളികളുടെ കളകൂജനങ്ങൾ, ഊർജ്ജസ്വലതയുള്ള ഒട്ടകങ്ങൾ, തടിച്ചു കൊഴുത്ത ആട്ടിൻപറ്റങ്ങൾ... പ്രകൃതി സമ്പൽസമൃദ്ധമാണിവിടെ. മക്കയെപ്പോലെ ഊഷരഭൂമിയല്ല മദീന.

മദീനയിലിറങ്ങിയപ്പോഴാവട്ടെ, ഹൃദ്യമായ സ്വീകരണമാണെങ്ങും. റസൂലുല്ലാഹിയുടെ പുതുമണവാട്ടിയെ സ്വീകരിക്കാൻ മദീനയിലെ പെണ്ണുങ്ങൾ ഇരുകരങ്ങളും നീട്ടി വന്നല്ലോ. കരുണാപൂർണവും ആദരവ് പ്രകടിപ്പിക്കുന്നതുമായ നോട്ടങ്ങൾ. അവർക്കിനി ഈ ബർറ, അല്ല മൈമൂന മാതൃസമാനയാണല്ലോ. ഉമ്മഹാത്തുൽ മുഅമിനുകളിൽ ഒരാളായിത്തീർന്നല്ലോ മൈമൂന! ഇതിലും വലിയ സൗഭാഗ്യം ഈ ദുനിയാവിലും നാളെ പരലോകത്തും മറ്റെന്താണുള്ളത്! മദീനാപള്ളിയോട് ചേർന്നുണ്ട് കുറെ കൊച്ചുഭവനങ്ങൾ; മണ്ണുവാരിത്തേച്ച ചുമരുകളിൽ പടുത്ത, ഈന്തപ്പനയോലകൾ മേഞ്ഞ ഭവനങ്ങൾ! ആ ഭവനങ്ങളിലൊന്ന് മൈമൂന ബീവിക്കും കൈ വന്നല്ലോ.

മദീനയിൽ ഏകാന്തതയോ ഒറ്റപ്പെടലോ ഒട്ടും അനുഭവിക്കേണ്ടി വന്നില്ല. മുഹാജിറുകളിൽ അധികപേരും ബന്ധുക്കളോ പരിചയക്കാരോ ഒക്കെയാണ്. മദീനക്കാരാവട്ടെ, മുഹാജിറുകളെ അത്യാദരവോടെ എതിരേറ്റ് സൗഹൃദക്കണ്ണികൾ ദൃഢമാക്കുന്നവരും. അങ്ങനെ ദിവസങ്ങൾക്കുള്ളിൽ തന്നെ മൈമൂന മദീനക്കാരിയായിക്കഴിഞ്ഞല്ലോ.

ബന്ധുക്കൾ പലരും അടുത്തുതന്നെയുണ്ട്. മക്കയിൽ അബ്ബാ



സുബ്നു അബ്ദുൽമുത്വലിബിന്റെ വീട്ടിൽ ഒന്നിച്ചുകഴിഞ്ഞ ഉമാറയും ഇപ്പോൾ ഇവിടെയുണ്ടല്ലോ. ഉമാറയെ അറിയില്ലേ? റസൂലുല്ലാഹിയുടെ പിതൃവ്യനായ ഹംസയുടെ പൊന്നുമോളാണവർ. അവളുടെ ഉമ്മ സൽമ ഉമ്മുൽഫള്ലിന്റെ അർദ്ധസഹോദരിയാണല്ലോ. ആ നിലയ്ക്ക് ഭർത്താവ് മരണപ്പെട്ടപ്പോൾ അവരുടെയും മകൾ ഉമാറയുടെയും സംരക്ഷണം അബ്ബാസാണ് ഏറ്റെടുത്തത്. ഞങ്ങളോടൊപ്പമായിരുന്നു അവർ കഴിഞ്ഞിരുന്നത്.

ഉമാറയെക്കുറിച്ചുള്ള ചില വർത്തമാനങ്ങൾ ആ തിരക്കിനിടയിൽ കേട്ടിരുന്നു. പക്ഷേ, അതൊന്നും ആ സമയത്ത് മനസ്സിനെ സ്വാധീനിക്കുന്നതായിരുന്നില്ലല്ലോ. ഉമാറയും മദീനയിലേക്ക് വരുന്നുണ്ടെന്നേ കേട്ടിരുന്നുള്ളൂ. ഇവിടെയെത്തിയപ്പോഴാണല്ലോ അവളെക്കുറിച്ചുണ്ടായ ചില വർത്തമാനങ്ങൾ വിശദമായറിഞ്ഞത്.

റസൂലുല്ലാഹി മക്കയിൽ താമസിച്ച ദിവസങ്ങളിലൊന്നിലാണ് അലി(റ) ഒരു പരാതിയുമായി അവിടുത്തെ സമീപിക്കുന്നത്. അദ്ദേഹം പറഞ്ഞത്രേ: 'അല്ലാഹുവിന്റെ ദൂതരേ, നമ്മുടെ പിതൃവ്യനായ ഹംസയുടെ മോളിവിടെയുണ്ടല്ലോ. അവളെ കുടുംബക്കാരനാണെങ്കിലും ഇസ്‌ലാമിലേക്ക് വന്നിട്ടില്ലാത്തവരുടെ വീട്ടിൽ താമസിപ്പിക്കുന്നത് ശരിയല്ലല്ലോ. അവൾ നമ്മോടൊപ്പം വളരേണ്ടവളാണ്. പിതൃവ്യനായ അബ്ബാസിനോട് അവളെ നമുക്ക് വിട്ടുതരാൻ അങ്ങ് ആവശ്യപ്പെടണം. അവൾ നമ്മുടെ കൂടെ വളരട്ടെ.'

ന്യായമായ ആവശ്യമാണ്. റസൂലുല്ലാഹിയും ആഗ്രഹിക്കുന്ന കാര്യവുമാണ്. കാര്യം ഉണർത്തിയപ്പോൾ അബ്ബാസിനുമില്ല വിരോധം. 'അങ്ങനെയെങ്കിൽ അവളെ നിങ്ങൾ കൊണ്ടുപൊയ്ക്കോളൂ' എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം. റസൂലുല്ലാഹിയുടെ മോളും അലി(റ)യുടെ ഭാര്യയുമായ ഫാത്വിമ ബീവി(റ) കൂടെയുണ്ടായിരുന്നതുകൊണ്ട് അവളെ കൊണ്ടുപോകുന്നതിൽ ഒരു പ്രയാസവുമുണ്ടായില്ല. മദീനയിലെത്തിയപ്പോഴാണ് അവളെക്കുറിച്ചുള്ള ചില അവകാശത്തർക്കങ്ങൾ ഉണ്ടായത്.

മദീനയിലെത്തി ഒന്നോ രണ്ടോ ദിവസം കഴിഞ്ഞതേയുള്ളൂ, രണ്ടുമൂന്നു പേർ എന്തോ തർക്കിച്ചു സംസാരിക്കുന്ന സ്വരം റസൂലുല്ലാഹി വീട്ടിനുള്ളിലേക്ക് കേട്ടു. അവിടുന്ന് വാതിൽ തുറന്നു ചെന്നുനോക്കി. അലിയും ജഅ്ഫറും സൈദുമാണ് തർക്കിക്കുന്നത്. റസൂലുല്ലാഹി അവരെ വിളിച്ചു കാര്യമന്വേഷിച്ചു. എന്താണ് നിങ്ങൾക്കിടയിലെ പ്രശ്നം?

'ഹംസയുടെ മകൾ ഉമാറയുടെ കാര്യമാണ്. മക്കയിൽ നിന്ന് അവളെ നാം കൊണ്ടുവന്നല്ലോ. അവൾ ഇപ്പോൾ താമസിക്കുന്ന

ത് എന്റെ വീട്ടിലാണ്. എന്റെ പിതൃവ്യപുത്രിയാണല്ലോ അവൾ. ഞാനാണ് അങ്ങയുമായി സംസാരിച്ച് അവളെ ഇങ്ങോട്ട് കൊണ്ടുവന്നത്. അവളുടെ സംരക്ഷണം ഏറ്റെടുക്കാൻ ഏറ്റവും യോഗ്യൻ ഞാൻ തന്നെയാണെന്നാണ് എന്റെ വിശ്വാസം. എന്നിട്ടിപ്പോൾ ഇവർ രണ്ടുപേരും അവളുടെമേൽ അവകാശവാദവുമായി എത്തിയിരിക്കുന്നു.' അലി(റ) കാര്യങ്ങൾ വിശദീകരിച്ചു.

അപ്പോൾ റസൂലുല്ലാഹി ജഅ്ഫറുബ്നു അബീത്വാലിബിനു നേരെ തിരിഞ്ഞു ചോദിച്ചു: 'ജഅ്ഫർ, നിനക്കെന്താണ് ഇക്കാര്യത്തിൽ പറയാനുള്ളത്?'

ജഅ്ഫർ പറഞ്ഞു തുടങ്ങി: 'അല്ലാഹുവിന്റെ ദൂതരേ, അവൾ എന്റെയും പിതൃവ്യപുത്രിയാണെന്നു മാത്രമല്ല; അവളുടെ എളാമ അഥവാ ഉമ്മയുടെ സഹോദരി എന്റെ വീട്ടിലാണുള്ളത്. എന്റെ ഭാര്യയായ അസ്മ അവളുടെ എളമയാണല്ലോ.'

ജഅ്ഫറിന്റെ ന്യായവാദം കേട്ട് റസൂലുല്ലാഹി ഒന്ന് പുഞ്ചിരിച്ചു. എന്നിട്ട് സൈദിനോട് ചോദിച്ചു: 'സൈദേ, നീയുമുണ്ടല്ലോ ഈ തർക്കത്തിൽ. നിനക്കെന്താണ് പറയാനുള്ളത്?'

'തിരുദൂതരേ, ഉമാറ എന്റെ സഹോദരന്റെ മോളാണ്. ആ നിലയ്ക്ക് അവളെ സംരക്ഷിച്ചു വളർത്തേണ്ടത് എന്റെ ചുമതലയാണല്ലോ.' സൈദ് അവകാശവാദം ഉന്നയിച്ചു. മദീനയിൽ വെച്ച് തിരുനബി(സ) ഹംസയും സൈദും തമ്മിൽ സാഹോദര്യബന്ധം സ്ഥാപിച്ച കാര്യമാണ് സൈദ് എടുത്തുപറഞ്ഞത്. ഹംസ(റ) സൈദ്(റ)വിനെ സഹോദരതുല്യം പരിഗണിക്കുകയും ചെയ്തിരുന്നു.

മൂന്നുപേർക്കുമുണ്ട് മതിയായ ന്യായങ്ങൾ. ഇനി വിധി പറയേണ്ടത് റസൂലുല്ലാഹിയാണ്. ആർക്കനുകൂലമായാണ് അവിടുന്ന് വിധി പറയുക? ഏതായാലും ആ വിധി സൂക്ഷ്മവും നീതിപൂർവ്വവുമായിരിക്കുമെന്നതിൽ സംശയമില്ല. അവിടുന്ന് അല്ലാഹുവിന്റെ റസൂലാണല്ലോ.

മൂന്നുപേരും അവിടുത്തോട് ഒരുപോലെ അടുത്തവരാണ്. ആ നിലയ്ക്ക് ആരെയും പിണക്കാനോ അസംതൃപ്തരാക്കാനോ പാടില്ല. അവിടുന്ന് ആദ്യം അവരെ മൂന്നു പേരെയും പ്രശംസിച്ചു സന്തോഷിപ്പിക്കുകയായിരുന്നു. പിന്നെ ജഅ്ഫറിനു നേരെ തിരിഞ്ഞ് അവിടുന്ന് പറഞ്ഞു: 'ജഅ്ഫറേ, നീ പെരുമാറ്റത്തിലും ഭാവത്തിലും എന്നെപ്പോലെയാണ്. നിനക്കാണ് അവളുടെ മേൽ കൂടുതൽ അവകാശമുള്ളത്. ഉമ്മയുടെ സഹോദരി ഉമ്മ തന്നെയാണല്ലോ.'

ഇതുകേട്ടപ്പോൾ ജഅ്ഫറിനുണ്ടായ ഒരു സന്തോഷം! അത് വർണ്ണിക്കാൻ വാക്കുകളില്ലല്ലോ. ജഅ്ഫർ ഇരിക്കുന്നിടത്ത് നിന്ന് ചാടിയെണീറ്റ് തിരുനബി(സ)യുടെ ചുറ്റുമായി നൃത്തം വെക്കാൻ തുടങ്ങി. അതുകണ്ട് എല്ലാവരും അമ്പരന്നുപോയി. ജഅ്ഫർ എന്താണീ കാണിക്കുന്നത്? ഇങ്ങനെയൊക്കെയുള്ള സന്തോഷപ്രകടനം ഈ നാട്ടിലൊന്നുമില്ലല്ലോ! അതും തിരുനബി(സ)യുടെ സന്നിധിയിൽ വച്ച്!

അവിടുന്ന് ചോദിക്കുക തന്നെ ചെയ്തു: 'ജഅ്ഫറേ, എന്താണിത്?'

ജഅ്ഫർ പറഞ്ഞു: 'തിരുദൂതരേ, അബ്സീനിയക്കാരുടെ സന്തോഷപ്രകടനരീതിയാണിത്. രാജാക്കന്മാരെ ആദരിക്കുന്നതിന്റെ ഭാഗമായി അവർ അദ്ദേഹത്തെ വലയം ചെയ്ത് നൃത്തം ചവിട്ടും.' ജഅ്ഫർ ഈയിടെയാണല്ലോ അബ്സീനിയിൽ നിന്ന് മദീനയിലെത്തിയത്. വർഷങ്ങളായി അദ്ദേഹം അബ്സീനിയയിലായിരുന്നു. തിരുനബി(സ) അതുകേട്ട് സന്തോഷം പ്രകടിപ്പിക്കുകയാണുണ്ടായത്.

താമസിയാതെ, അവിടുന്ന് ഉമാറക്ക് ഒരു ഭർത്താവിനെയും കണ്ടെത്തിയല്ലോ. അബൂസലമയുടെയും ഉമ്മുസലമയുടെയും മകൻ സലാമയാണ് വരൻ. അബൂസലമ ഹംസയുടെ സഹോദരി ബറാഹയുടെ മകനാണ്. ഉമ്മുസലമയിപ്പോൾ തിരുനബി(സ)യുടെ ഭാര്യയുമാണ്. കുടുംബത്തിൽ എല്ലാവർക്കും സന്തോഷം പകർന്ന ദിവസങ്ങളായിരുന്നു അത്. ഇനിയുമുണ്ടല്ലോ ഇത്തരം വിശേഷങ്ങൾ പലതും. (തുടരും)

**ജഅ്ഫർ ഇരിക്കുന്നിടത്ത് നിന്ന് ചാടിയെണീറ്റ് തിരുനബി(സ)യുടെ ചുറ്റുമായി നൃത്തം വെക്കാൻ തുടങ്ങി. അതുകണ്ട് എല്ലാവരും അമ്പരന്നുപോയി. ജഅ്ഫർ എന്താണീ കാണിക്കുന്നത്? ഇങ്ങനെയൊക്കെയുള്ള സന്തോഷപ്രകടനം ഈ നാട്ടിലൊന്നുമില്ലല്ലോ! അതും തിരുസന്നിധിയിൽ വച്ച്! അവിടുന്ന് ചോദിക്കുക തന്നെ ചെയ്തു: 'ജഅ്ഫറേ, എന്താണിത്?' ജഅ്ഫർ പറഞ്ഞു: 'തിരുദൂതരേ, അബ്സീനിയക്കാരുടെ സന്തോഷപ്രകടനരീതിയാണിത്. രാജാക്കന്മാരെ ആദരിക്കുന്നതിന്റെ ഭാഗമായി അവർ അദ്ദേഹത്തെ വലയം ചെയ്ത് നൃത്തം ചവിട്ടും.'**

**ആത്മയാനം – 17**

**അലി സഖാഫി പുൽപ്പറ്റ**

# സൂഫികളും വിവാഹവും

വിശ്വാസിയുടെ ലൈംഗികശുദ്ധി കാത്തുസൂക്ഷിക്കുന്നതിനുള്ള നിയമാനുസൃത മാർഗ്ഗമാണു വിവാഹം. സൂഫികളിൽ കുടുംബ ജീവിതം നയിക്കുന്നവരും അവിവാഹിതരായി കഴിയുന്നവരുമുണ്ട്. ശാരീരികവും മാനസികവുമായ ശക്തിദൗർബല്യങ്ങൾ അപഗ്രഥിച്ചു പഠിച്ച് അല്ലാഹുവിന്റെ പ്രീതിക്ക് അനുഗുണമെന്ന് ബോധ്യമായതെന്തോ അതിനാണ് അവർ മുൻഗണന നൽകുക. ധൃതിപ്പെട്ട് വിവാഹം കഴിക്കുകയില്ല. കുടുംബ ജീവിതമാണ് തനിക്കു ഗുണകരമെന്നു ജ്ഞാനദൃഷ്ടിയിൽ തെളിഞ്ഞാൽ മാത്രം അതു തിരഞ്ഞെടുക്കും. അല്ലെങ്കിൽ ഉപേക്ഷിക്കും.

അല്ലാഹുവിനുവേണ്ടി സർവതും ത്യജിക്കാൻ ശരീരം സന്നദ്ധമാവുകയും അവനെ അനുസരിക്കുന്നതിൽ ആനന്ദിക്കുകയും ചെയ്യുന്ന സ്ഥിതി പ്രാപിക്കുമ്പോഴാണു സൂഫി ആത്മീയപ്രായപൂർത്തി കൈവരിക്കുക. ഈ അവസ്ഥയിലേക്ക് ഉയരുന്നതുവരെ അവർ ക്ഷമിച്ചും സഹിച്ചും അവിവാഹിതരായി ജീവിക്കുന്നു. ക്രമേണ അവർക്ക് അല്ലാഹു വിവാഹത്തിനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കുകയും അവർ വിചാരിക്കാത്ത രൂപത്തിൽ ഉപജീവനമാർഗങ്ങൾ തുറന്നുകൊടുക്കുകയും ചെയ്യും.

ആത്മീയ പ്രായപൂർത്തി തികയുന്നതിനു മുമ്പ് ധൃതി കൂട്ടി വിവാഹം ചെയ്യുന്ന സൂഫികൾ ഉന്നതവിതാനത്തിൽ നിന്ന് താഴേക്കു പതിക്കും. അതവരുടെ ആത്മസമർപ്പണത്തിനു കളങ്കം ചാർത്തും, പരാജയത്തിനു നിമിത്തമാകും. വിവാഹത്തിനു പ്രേരിപ്പിക്കുന്ന പ്രാമാണിക വചനങ്ങൾ ധാരാളമുണ്ട്. അതുപോലെ ഏകാന്ത ജീവിതത്തെ പ്രോത്സാഹിപ്പിക്കുന്ന വചനങ്ങളുമുണ്ട്. വ്യക്തികളുടെ ശാരീരികവും മാനസികവും ആത്മീയവും സാമ്പത്തികവുമായ സാഹചര്യങ്ങൾ പരിഗണിച്ചാണ് അതിലൊന്നു തിരഞ്ഞെടുക്കേണ്ടത്. ചിലർക്കു കുടുംബജീവിതമാണു ശ്രേഷ്ഠമെങ്കിൽ മറ്റു ചിലർക്ക് ഏകാന്ത ജീവിതമായിരിക്കും പുണ്യം.

തഖ്‌വയുടെ ശക്തികൊണ്ട് കാമാഗ്നിയെ കെടുത്താൻ കഴിയുന്നവർക്കു വിവാഹം ഒഴിവാക്കാം. കാമഗ്നിയെ നിയന്ത്രിക്കാൻ കഴിയില്ലെന്നും അപകടത്തിൽ പെടുമെന്നും ആശങ്കയുള്ളവർ വിവാഹം ചെയ്യൽ നിർബന്ധമാണ്. ലൈംഗിക ശേഷിയില്ലാത്തവരെ സംബന്ധിച്ച് ഭിന്ന വീക്ഷണങ്ങളുണ്ട്. സൂഫികൾ തങ്ങളുടെ യോഗ്യരായ സഹോദരങ്ങളെ വിവാഹം ചെയ്യിക്കാനും വംശവർദ്ധനവ് ഉണ്ടാക്കാനും പ്രേരിപ്പിക്കണം. ആത്മീയ പൂർണ്ണത കൈവരിക്കാത്തവർ നേരത്തെ പരാമർശിച്ചതുപോലെ പ്രാപ്തരാകുന്നതു വരെ ക്ഷമിച്ചിരിക്കണം.

അവിവാഹിതരായി ജീവിക്കുന്ന സൂഫികൾക്ക് ചിന്തയെ പൂർണ്ണമായും അല്ലാഹുവിൽ കേന്ദ്രീകരിക്കാനും ആനന്ദപൂർവ്വം ഇബാദത്തെടുക്കാനും മുഴുവൻ സമയവും ആരാധനകൾക്ക് ഉപയോഗപ്പെടുത്താനും കഴിയും. പ്രാരംഭ ദശയിലുള്ള സൂഫി മുഴുവൻ ബന്ധങ്ങളും ബന്ധനങ്ങളും മുറിച്ചുമാറ്റുകയും ദേശാടനം നടത്തുകയും തനിക്കും അല്ലാഹുവിനുമിടയിൽ മറയായി വരുന്ന എല്ലാം ഉപേക്ഷിക്കുക


> തഖ്‌വയുടെ ശക്തികൊണ്ട് കാമാഗ്നിയെ കെടുത്താൻ കഴിയുന്നവർക്കു വിവാഹം ഒഴിവാക്കാം. കാമഗ്നിയെ നിയന്ത്രിക്കാൻ കഴിയില്ലെന്നും അപകടത്തിൽ പെടുമെന്നും ആശങ്കയുള്ളവർ വിവാഹം ചെയ്യൽ നിർബന്ധമാണ്. ലൈംഗിക ശേഷിയില്ലാത്തവരെ സംബന്ധിച്ച് ഭിന്ന വീക്ഷണങ്ങളുണ്ട്. സൂഫികൾ തങ്ങളുടെ യോഗ്യരായ സഹോദരങ്ങളെ വിവാഹം ചെയ്യിക്കാനും വംശവർദ്ധനവ് ഉണ്ടാക്കാനും പ്രേരിപ്പിക്കണം.

യും വേണം.

അല്ലാഹുവിനെ വിസ്മരിപ്പിക്കുന്ന ഭാര്യയും സന്താനങ്ങളും സമ്പത്തും അപകടകാരികളാണ്. തിരുദൂതർ ഒരിക്കൽ പറഞ്ഞു: ''എന്റെ കാലശേഷം പുരുഷന്മാർക്ക് സ്ത്രീകളെക്കാൾ ആഘാതമേൽപ്പിക്കുന്ന ഒരു പ്രശ്നവുമില്ല.'' (ബുഖാരി, മുസ്‌ലിം)

മുആദുബ്നു ജബൽ(റ) പറയുന്നു: ''ക്ഷാമം കൊണ്ട് പരീക്ഷിക്കപ്പെട്ടപ്പോൾ ഞങ്ങൾ ക്ഷമിച്ചു. ക്ഷേമം കൊണ്ട് പരീക്ഷിക്കപ്പെട്ടപ്പോൾ ക്ഷമ കൈവിട്ടു. കനക വളകളണിയുകയും ശാമിലെയും യമനിലെയും മൃദുലവസ്ത്രങ്ങൾ ധരിക്കുകയും ധനികഭർത്താക്കന്മാരെ വഴിപിഴപ്പിക്കുകയും ദരിദ്രഭർത്താക്കന്മാരെ അവർക്കു സാധിക്കാത്ത കാര്യങ്ങൾ പറഞ്ഞു വിഷമിപ്പിക്കുകയും ചെയ്യുന്ന ഭാര്യമാർ മൂലമുണ്ടാകുന്ന കുഴപ്പങ്ങളാണ് ഞാൻ നിങ്ങൾക്ക് ഏറ്റവും ഭയക്കുന്നത്.'' (ബൈഹഖി)

ആത്മസംസ്കരണ മുറകളിലൂടെ സ്വേച്ഛകളെ അടിച്ചൊതുക്കി സമ്പൂർണ്ണമായി അല്ലാഹുവിൽ ലയിക്കാൻ പരിശീലിക്കുന്ന പ്രാരംഭഘട്ടത്തിലുള്ള സൂഫി ഒരു ഇണയെ സ്വീകരിച്ചാൽ മനസ്സ് ശിഥിലമാകും, ലക്ഷ്യം പിഴക്കും. അതിനാൽ അവർ നോമ്പനുഷ്ഠിച്ച് കാമാഗ്നിയെ കെടുത്തുകയാണു വേണ്ടത്.



അവിടുന്ന് അരുളി: ''യുവസമൂഹമേ, നിങ്ങളിൽ ചെലവുകൾ വഹിക്കാൻ കഴിയുന്നവർ വിവാഹം ചെയ്യട്ടെ. അതിനു സാധിക്കാത്തവർ നോമ്പനുഷ്ഠിക്കട്ടെ. തീർച്ചയായും നോമ്പ് അവന് 'വിജാഅ്' ആണ്.'' (ബുഖാരി, മുസ്‌ലിം) വൃഷണം ഉടയ്ക്കുന്നതിനാണു ഭാഷാർത്ഥത്തിൽ 'വിജാഅ്'എന്നു പറയുക. നിരന്തരം വ്രതമനുഷ്ഠിച്ചാൽ വികാരം നിർവീര്യമാകും എന്നർത്ഥം.

അവിവാഹിതരായ സൂഫികൾ കാമോത്തേജക ചിന്തകൾ പിഴുതെറിയണം. സ്ത്രീ ലാവണ്യവും ലൈംഗിക ദാഹവും ഹൃദയത്തിൽ കുടിയേറുന്ന നിമിഷം അല്ലാഹുവിനോടു മാപ്പിരക്കുകയും കാവൽ തേടുകയും ചെയ്യണം. എന്നാൽ അതിന്റെ പുണ്യം കൊണ്ട് മനക്കരുത്തു ലഭിക്കും, ഹൃദയം പ്രകാശിക്കും, അശുഭചിന്തകൾ വഴിമാറും, ശരീരം സുകൃതങ്ങളിലലിയും.

ഭാര്യമാർ പൊതുവിൽ ജീവിതം ആഡംബരമാക്കാനും സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കാനും ഭർത്താക്കന്മാരിൽ സമ്മർദ്ദം ചെലുത്തും. അപ്പോൾ ധാരാളം ധനം സമ്പാദിക്കേണ്ടി വരും. രാത്രിയെ ആരാധനകളാൽ സജീവമാക്കുന്നതിനും പകലിൽ നോമ്പനുഷ്ഠിക്കുന്നതിനും അതു പ്രതിബന്ധമാകും. ദാരിദ്ര്യഭയം മനസ്സിനെ മഥിക്കും. തന്മൂലം ധനം സൂക്ഷിച്ചുവെക്കാൻ ഉത്സുകനാകും.

ക്ഷമിക്കാൻ പരമാവധി ശ്രമിച്ചിട്ടും വിവാഹചിന്ത പിടിവിടാതിരിക്കുകയും നിസ്കാരങ്ങളിലും അദ്കാറുകളിലും മറ്റും അതു തികട്ടിവരികയും ചെയ്യുന്ന സൂഫികൾ പ്രഥമമായി അല്ലാഹുവിനോടു സഹായം തേടുക. മശാഇഖുമാരോടും സൗഹൃദങ്ങളോടും ഹൃദയം തുറന്നു സംസാരിച്ച് ഗുണകരമായ തിരഞ്ഞെടുപ്പിലെത്താൻ പ്രാർത്ഥിക്കാനാവശ്യപ്പെടുക. ജീവിച്ചിരിക്കുന്ന മഹാത്മാക്കളെ സമീപിച്ച് ദുആ ചെയ്യിക്കുക. മരണപ്പെട്ടവരുടെ മഖ്ബറകൾ സന്ദർശിച്ചും പള്ളികളിലിരുന്നും നിരന്തരം പ്രാർത്ഥിക്കുക.

വിവാഹത്തെ നിസ്സാരമാ

**ഖുർആനിൽ പരാമർശിച്ച മുഴുവൻ അമ്പിയാക്കളും കുടുംബജീവിതം നയിച്ചിട്ടുണ്ട്. (ഈസാനബിയാണ് അതിനപവാദം. അദ്ദേഹം രണ്ടാം വരവിൽ വിവാഹം കഴിക്കും) അവർക്കതു ന്യൂനതയല്ല, പൂർണ്ണതയാണു സംജാതമാക്കിയത്. വിശ്വാസ ദൃഢതയുടെയും വൈജ്ഞാനിക വെളിച്ചത്തിന്റെയും പശ്ചാത്തലത്തിൽ അവർ വിവാഹത്തിന്റെ വിപത്തുകളെ മറികടന്നു. ഇബാദത്തുകൾക്ക് ഊർജ്ജം പകരാൻ അവർക്ക് ഇണകൾ തുണയായി.**



യി ഗണിക്കരുത്. സൂക്ഷ്മമായി ആലോചിച്ചും പ്രാർത്ഥിച്ചും മാത്രമേ അതിലേക്കു പാദമൂന്നാവൂ. ഖുർആൻ പറയുന്നു: ''നിശ്ചയം, നിങ്ങളുടെ ഭാര്യ സന്താനങ്ങളിൽ നിങ്ങൾക്കു ശത്രുക്കളുണ്ട്. അതിനാൽ നിങ്ങൾ അവരെ സൂക്ഷിക്കുക.'' (അത്തഗാബുൻ 14) ആകയാൽ പലയാവർത്തി 'ഇസ്തിഖാറത്തി'ന്റെ നിസ്കാരം നിർവഹിച്ച് ഗുണകരമായതു തോന്നിപ്പിക്കാൻ ദുആ ചെയ്യുക.

വിവാഹം വേണമോ വേണ്ടയോ എന്ന് സത്യസന്ധരായ സൂഫികൾക്ക് അല്ലാഹു വെളിപ്പെടുത്തിക്കൊടുക്കും. അത് ഉറക്കിലോ ഉണർവിലോ പുണ്യപുരുഷന്മാരുടെ നാവിലൂടെയോ ആയിരിക്കാം. വിവാഹത്തിനാണു നിർദ്ദേശം ലഭിക്കുന്നതെങ്കിൽ അവർക്കതു ഗുണകരമായിരിക്കും. അവർക്ക് ഭൗതികമോ ആത്മീയമോ ആയ ഒരു കാര്യത്തിലും ഖേദിക്കേണ്ടി വരില്ല.

ദീർഘകാലം ക്ഷമിച്ചും പ്രാർത്ഥിച്ചും കഴിഞ്ഞെങ്കിലും അനുമതി നൽകുന്ന അറിയിപ്പുകളൊന്നും ഒരാൾക്കു ലഭിച്ചില്ല. ഖണ്ഡിത തീരുമാനത്തിലെത്താനും കഴിയുന്നില്ല. മോഹം അനിയന്ത്രിതവുമായിരിക്കുന്നു. എങ്കിൽ സദുദ്ദേശ്യത്തോടെ സർവ്വം അല്ലാഹുവിലർപ്പിച്ച് വിവാഹം ചെയ്യുക. ''യുവാവ് വിവാഹം കഴിക്കുന്നതു വരെ അവന്റെ ഇബാദത്തുകൾ സമ്പൂർണ്ണമാവുകയില്ല'' (അബൂനുഐം, അൽഹിൽയ 4/6) എന്ന് ഇബ്നുഅബ്ബാസ്(റ) പ്രസ്താവിച്ചതു കാണാം.

ദൃഢചിത്തരായ ആത്മജ്ഞാനികൾക്കു വിവാഹ സംബന്ധമായി വ്യത്യസ്ത അവസ്ഥകളും നിലപാടുകളുമുണ്ട്. ദീർഘമായ വിവിധ മുജാഹദകളും രിയാളകളും മുറാഖബകളും കഴിഞ്ഞശേഷം അവരുടെ ആത്മാക്കൾക്കു വിശ്രാന്തി ലഭിക്കും. അങ്ങനെ ശാന്തത കൈവരിച്ചാൽ ദേഹത്തിന്റെ ചതിയിൽ പെടുകയില്ല. വിവാഹത്തിലൂടെ അവർക്ക് ധാരാളം നേട്ടങ്ങൾ കൊയ്തെടുക്കാൻ സാധിക്കും.

ഖുർആനിൽ പരാമർശിച്ച മുഴുവൻ അമ്പിയാക്കളും കുടുംബജീവിതം നയിച്ചിട്ടുണ്ട്. (ഈസാ നബിയാണ് അതിനപവാദം. അദ്ദേഹം രണ്ടാം വരവിൽ വിവാഹം കഴിക്കും) അവർക്കതു ന്യൂനതയല്ല, പൂർണ്ണതയാണു സംജാതമാക്കിയത്. വിശ്വാസ ദൃഢതയുടെയും വൈജ്ഞാനിക വെളിച്ചത്തിന്റെയും പശ്ചാത്തലത്തിൽ അവർ വിവാഹത്തിന്റെ വിപത്തുകളെ മറികടന്നു. ഇബാദത്തുകൾക്ക് ഊർജ്ജം പകരാൻ അവർക്ക് ഇണകൾ തുണയായി. ഭാര്യമാരുടെ ദുസ്വഭാവങ്ങൾ സഹിച്ച് ക്ഷമയുടെ കൂലിയും ചെലവുകൾ നൽകി ദാനത്തിന്റെ പുണ്യവും കരസ്ഥമാക്കി.

തിരുദൂതർ പറയുന്നു: ''എന്റെ ചര്യയാണു വിവാഹം. എന്റെ സുന്നത്ത് നിർവഹിക്കാത്തവൻ എന്റെ വിഭാഗത്തിൽ പെട്ടവനല്ല. നിങ്ങൾ വിവാഹം കഴിക്കുക. ഇതര സമുദായങ്ങൾക്കു മുമ്പിൽ നിങ്ങളുടെ അംഗവർദ്ധനവു കാരണം ഞാൻ അഭിമാനിക്കും. ശേഷിയുള്ളവർ വിവാഹം ചെയ്യട്ടെ. ആവതില്ലാത്തവർ വ്രതം പതിവാക്കുക. കാരണം വ്രതം അവന്റെ വികാരത്തെ നിർവീര്യമാക്കും.'' (ഇബ്നുമാജ 1846)

വിവാഹിതരായ സൂഫികൾ രണ്ടുതരം പരീക്ഷണങ്ങളെ അഭിമുഖീകരിക്കേണ്ടി വരും. ഒന്ന് പൊതുവിലുള്ള പരീക്ഷണമാണ്. ഉപജീവനമാർഗ്ഗത്തെ പ്രതിയുള്ള ഉത്കണ്ഠയാണത്. ഒരു ഹദീസിൽ കാണാം: 'ഭാര്യ, മാതാപിതാക്കൾ, സന്താനങ്ങൾ എന്നിവർ മൂലം പുരുഷൻ നശിക്കുന്ന കാലം വരാനുണ്ട്. ദാരിദ്ര്യം കാരണം അവർ അയാളെ ആക്ഷേപിക്കുകയും കഴിയാത്ത കാര്യങ്ങൾക്കു നിർബന്ധിക്കുകയും തൽഫലമായി അയാൾ നിഷിദ്ധമാർഗ്ഗങ്ങളിൽ പ്രവേശിക്കുകയും അവസാനം നാശമടയുകയും ചെയ്യും.'' (ബൈഹഖി 439)

സഹധർമ്മിണിയെ തൃപ്തിപ്പെടുത്താൻ വേണ്ടി നേർരേഖ ലംഘിക്കാതിരിക്കാൻ ബദ്ധശ്രദ്ധരാകണം. വിശ്വാസികൾ പൊതുവിൽ നേരിടുന്ന വിപത്താണിത്. സൂഫികൾ സവിശേഷം അഭിമുഖീകരിക്കുന്ന പരീക്ഷണമാണു രണ്ടാമത്തേത്. ഭാര്യമാരുമായി അതിരുവിട്ട കാമ ലീലകളിലും നർമ്മസല്ലാപത്തിലും ഏർപ്പെട്ടാൽ ശാരീരിക മോഹങ്ങൾ കയർ പൊട്ടിക്കും. വികാരം മനസ്സിനെ ഭരിക്കും. ആരാധനകളിൽ മറവിയും അശ്രദ്ധയും മുടക്കവും നീട്ടിവെപ്പും വർദ്ധിക്കും. തദ്വാരാ ആത്മീയനേട്ടങ്ങളിൽ വൻ ഇടിവുണ്ടാകും.

ഉപര്യുക്ത രണ്ടു പരീക്ഷണങ്ങളെക്കാൾ സൂക്ഷ്മമായ മറ്റൊരു പരീക്ഷണം കൂടിയുണ്ട്. ഉന്നതാവസ്ഥയിലെത്തിയ സൂഫികളാണ് ഇതഭിമുഖീകരിക്കുക. ഭിന്ന ധ്രുവങ്ങളിലുള്ള രണ്ടു ദേഹങ്ങൾ സംയോജിക്കുന്ന പ്രക്രിയയാണു വിവാഹം. ആത്മശിക്ഷണത്തിലൂടെ മെരുക്കിയെടുത്ത സൂഫിയുടെ ദേഹവും ഒരു വിധ ശിക്ഷണവുമില്ലാത്ത ഇണയുടെ ദേഹവും തമ്മിൽ സംഗമിക്കുമ്പോൾ അവനിൽ കെട്ടടങ്ങിയ മോഹങ്ങളുടെ കനൽതരികൾക്കു ചൂടേൽക്കുകയും തീ പിടിക്കുകയും ചെയ്തേക്കും.

**ദിവ്യദർശനം (മുശാഹദ) ലഭിക്കുന്നുണ്ടെന്ന് അവകാശപ്പെടുന്ന ചില കപടസൂഫികളുണ്ട്. അന്യസ്ത്രീകൾ തങ്ങളുടെ സഹോദരിമാരാണ്, അവരെ ദർശിക്കുന്നതും സ്പർശിക്കുന്നതും അനുവദനീയമാണ് എന്നവർ ജല്പിക്കുന്നു. അവരുടെ പാട്ടും ആട്ടവും ആസ്വദിക്കുന്നു. ബാഹ്യദൃഷ്ടികളാൽ മാത്രമാണു ഞങ്ങൾ അവരെ നോക്കുന്നതെന്നും അകക്കണ്ണുകൾ അല്ലാഹുവിൽ ലയിച്ചിരിക്കുകയാണെന്നും അവർ തട്ടിവിടും.**

ബാഹ്യനേത്രങ്ങളാൽ ഭാര്യയെ നോക്കുമ്പോൾ അകക്കണ്ണുകൾ കൊണ്ട് സൂക്ഷ്മമായി അല്ലാഹുവിനെ ശ്രദ്ധിക്കുകയും ഹൃദയത്തിൽ അവനെ മാത്രം കുടിയിരുത്തുകയും ചെയ്താൽ ഈ അപകടത്തെ മറികടക്കാം.

അതിനെക്കാൾ വലിയൊരു അപകടമുണ്ട്. സ്രഷ്ടാവിന്റെ സൗന്ദര്യത്തിൽ ആകൃഷ്ടനായ സൂഫി സൃഷ്ടിയായ ഭാര്യയുടെ ആകാര സൗഷ്ഠവത്തിൽ മതി മറന്നാൽ ദിവ്യപ്രേമത്തിന്റെ പ്രഭ കെടും. ആത്മാവ് ഊഷരമാകും. അല്ലാഹുവിന്റെ അനുഗ്രഹ കവാടങ്ങളടയാൻ ഇത് ഇടവരുത്തും.


ദിവ്യദർശനം (മുശാഹദ) ലഭിക്കുന്നുണ്ടെന്ന് അവകാശപ്പെടുന്ന ചില കപടസൂഫികളുണ്ട്. അന്യസ്ത്രീകൾ തങ്ങളുടെ സഹോദരിമാരാണ്, അവരെ ദർശിക്കുന്നതും സ്പർശിക്കുന്നതും അനുവദനീയമാണ് എന്നവർ ജല്പിക്കുന്നു. അവരുടെ പാട്ടും ആട്ടവും ആസ്വദിക്കുന്നു. ബാഹ്യദൃഷ്ടികളാൽ മാത്രമാണു ഞങ്ങൾ അവരെ നോക്കുന്നതെന്നും അകക്കണ്ണുകൾ അല്ലാഹുവിൽ ലയിച്ചിരിക്കുകയാണെന്നും അവർ തട്ടിവിടും. ഭാര്യമാരുമായുള്ള അനുവദനീയ സമ്പർക്കം പോലും അല്ലാഹുവിനോടുള്ള അനുരാഗത്തിനു മങ്ങലേൽപ്പിക്കാൻ സാധ്യതയുണ്ടെന്നിരിക്കെ അന്യസ്ത്രീകളുമായുള്ള അവിഹിത സമ്പർക്കം എങ്ങനെയാണ് ആത്മീയ ശാന്തി നേടിത്തരുക? അത്തരം വാദക്കാർ തനി വ്യാജന്മാരും കപട വിശ്വാസികളും ദുർനടപ്പുകാരുമാണ്. കാമപൂരണത്തിനു കുറുക്കു വഴികൾ കണ്ടെത്തുന്നവരാണവർ.

വിവാഹിതരാകുന്ന സൂഫികൾ അഭിമുഖീകരിക്കുന്ന അപകടങ്ങളാണ് മുകളിൽ വിവരിച്ചത്. അവിവാഹിതർ അകപ്പെടാറുള്ളത് മറ്റൊരു കുഴപ്പത്തിലാണ്. സ്ത്രീകൾ മനസ്സിൽ ചേക്കേറുകയും അവരുമായി മനോരതിയിൽ ഏർപ്പെടുകയും ചെയ്യുക എന്നതാണത്. എന്നാൽ സ്ഫുടം ചെയ്തെടുത്ത വിശുദ്ധ ഹൃദയം അശുഭചിന്തകളാൽ മലിനമാവുകയില്ല. വല്ല ദുർവിചാരവും കടന്നു വന്നാൽ തന്നെ ഉടനെ ഖേദം പ്രകടിപ്പിച്ച് അവർ ശുദ്ധീകരിക്കും. ഇപ്രകാരം ദുർവികാരങ്ങളെ പ്രതിരോധിക്കുന്നത് ആന്തരിക സുകൃതമാണ്. മഹാത്മാക്കളെ സംബന്ധിച്ചിടത്തോളം അത്തരം ദുഷ്ചിന്തകൾ മനസ്സിലുദിക്കുന്നതു തന്നെ പാപമാണ്. ആധ്യാത്മിക ജ്ഞാനികളുടെ ദുർവിചാരങ്ങൾ അവ ചെയ്യുന്നവരുടേതിനു സമാനമാണ് എന്നാണു മഹദ്വചനം.

ആത്മികം

സൈനുൽആബിദ് ബുഖാരി
കൽപകഞ്ചേരി

# ദീവാനുൽ ഹദ്ദാദിലെ പ്രമേയ വൈവിധ്യങ്ങൾ




ഇസ്ലാമിക വൈജ്ഞാനിക പാരമ്പര്യത്തിൽ ആത്മീയസാഹിത്യങ്ങൾക്ക് എക്കാലത്തും സവിശേഷവും നിർണ്ണായകവുമായ സ്ഥാനമാണുള്ളത്. കേവലം ബുദ്ധിപരമായ അന്വേഷണങ്ങൾക്കപ്പുറം, മനുഷ്യഹൃദയത്തെ സ്രഷ്ടാവിലേക്ക് അടുപ്പിക്കുകയും ആന്തരികശുദ്ധീകരണം സാധ്യമാക്കുകയും ചെയ്യുക എന്നതാണ് ഇത്തരം രചനകളുടെ അടിസ്ഥാന ലക്ഷ്യം. വരണ്ടതും സങ്കീർണ്ണവുമായ ദാർശനിക സിദ്ധാന്തങ്ങളെ കാവ്യാത്മകവും വൈകാരികവുമായ ഭാഷയിലേക്ക് സന്നിവേശിപ്പിച്ച്, സാധാരണക്കാരിലേക്കെത്തിക്കാൻ ഈ സാഹിത്യശാഖയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

പ്രാദേശിക അതിരുകൾ ഭേദിച്ച് ആഗോളതലത്തിൽ തന്നെ ഈ സാഹിത്യശാഖ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. പാശ്ചാത്യ അക്കാദമിക ലോകത്തും ഇംഗ്ലീഷ് സാഹിത്യത്തിലും ഇസ്ലാമിക ആത്മീയതയുടെയും സൂഫീദർശനങ്ങളുടെയും വേരുകൾ ആഴത്തിൽ പതിഞ്ഞതായി കാണാം. നൊബേൽ സമ്മാന ജേതാവായ ഡോറിസ് ലെസ്സിംഗ്, പ്രമുഖ കവി റോബർട്ട് ഗ്രേവ്സ് തുടങ്ങിയ ഇംഗ്ലീഷ് സാഹിത്യകാരന്മാരുടെ രചനകളിൽ ഈ ആത്മീയ ദർശനങ്ങളുടെ സ്വാധീനം പ്രകടമാണ്. കൂടാതെ, ഇസ്ലാമിക ആത്മീയതയെ പാശ്ചാത്യലോകത്തിന് പരിചയപ്പെടുത്തുന്നതിൽ എ.ജെ ആർബെറിയുടെ 'Sufism: An Account of the Mystics of Islam', മാർട്ടിൻ ലിങ്സിന്റെ 'A Sufi Saint of the Twentieth Century', റെയ്നോൾഡ് എ. നിക്കോൾസൺ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത ജലാലുദ്ദീൻറൂമിയുടെ കാവ്യങ്ങൾ തുടങ്ങിയ ഗ്രന്ഥങ്ങൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്. വാൾട്ട് വിറ്റ്മാനെയും വില്യം ബ്ലേക്കിനെയും പോലുള്ള കവികളുടെ ആത്മീയ ദർശനങ്ങളെ ഇസ്ലാമിക കാവ്യങ്ങളോട് പാശ്ചാത്യലോകം പലപ്പോഴും താരതമ്യം ചെയ്യാറുമുണ്ട്.

ഇത്തരത്തിൽ ലോകവ്യാപകമായി സ്വാധീനം ചെലുത്തിയ ഇസ്ലാമിക ആത്മീയസാഹിത്യങ്ങളുടെ ചരിത്രത്തിൽ, സവിശേഷമായ സ്ഥാനമർഹിക്കുന്ന ഒരു കാവ്യസമാഹാരമാണ് ഇമാം അബ്ദുല്ലാ ഹിബ്നു അലവിയ്യിൽ ഹദ്ദാദ്(റ) രചിച്ച 'അദ്ദുർറുൽ മൻളൂം ലി ദവിൽഉഖൂലി വൽ ഫുഹൂം.' കേവലമൊരു സാഹിത്യസൃഷ്ടി എന്നതിലുപരി, ആത്മീയ അന്വേഷകർക്കുള്ള കൃത്യമായ മാർഗ്ഗരേഖയാണിത്. പതിനേഴാം നൂറ്റാണ്ടിലെ യമനീ സൂഫീപാരമ്പര്യത്തിന്റെ ദാർശനികവും പ്രായോഗികവുമായ ആശയങ്ങളെ കാവ്യാത്മകമായി അവതരിപ്പിക്കുന്ന ഈ ഗ്രന്ഥം, സങ്കീർണ്ണമായ സൂഫീദാർശനിക തലങ്ങളെ സാധാരണക്കാരുടെ ദൈനംദിന ആത്മീയ ജീവിതവുമായി ബന്ധിപ്പിക്കുന്ന ഒരു പ്രായോഗിക രചനയായാണ് വിലയിരുത്തപ്പെടുന്നത്.

ഇമാം ഹദ്ദാദ്(റ)വിന്റെ രചനകളെ വിലയിരുത്തുമ്പോൾ, യമനിലെ ഹളർമൗത്ത് കേന്ദ്രീകരിച്ചു വളർന്നുവന്ന ആത്മീയ പാരമ്പര്യത്തിന്റെ പശ്ചാത്തലം മനസ്സിലാക്കേണ്ടത് അനിവാര്യമാണ്. കർമ്മശാസ്ത്രപരമായ നിഷ്കർഷതയും ആത്മീയമായ വിശുദ്ധിയും സന്തുലിതമായി കൊണ്ടുപോകുന്ന 'ബാ അലവി' സിൽസിലയുടെ ആശയപരമായ അടിത്തറയിലാണ് ഈ കാവ്യങ്ങളെല്ലാം രൂപപ്പെട്ടിട്ടുള്ളത്. ഹളർ

മൗത്തിലെ തരീം നഗരം ഇത്തരം വൈജ്ഞാനിക വ്യവഹാരങ്ങളുടെ ആഗോളകേന്ദ്രമായിരുന്നു. ഇവിടുത്തെ ഈ സാമൂഹിക – ചരിത്ര ചുറ്റുപാടുകൾ, പ്രത്യേകിച്ച് പണ്ഡിതന്മാർ സമൂഹത്തിൽ വഹിച്ചിരുന്ന നൈതികമായ നേതൃത്വം, ഇവയെല്ലാം ദീവാനിലെ വരികളിൽ ആഴത്തിൽ പ്രതിഫലിക്കുന്നുണ്ട്.

ഇമാം ഹദ്ദാദ്(റ)വിന്റെ കവിതകൾ പഠിക്കുകയും അവയുടെ അർത്ഥതലങ്ങളിലൂടെ സഞ്ചരിക്കുകയും ചെയ്യുമ്പോൾ, അദ്ദേഹത്തിന്റെ രചനാശൈലി, ഉപമകളുടെ കരുത്ത്, ഭാവനാസമ്പന്നത, ഭാഷാപരമായ സൂക്ഷ്മത എന്നിവയിൽ അവ വിഖ്യാതമായ 'മുഅല്ലഖകളെ' പോലും അതിശയിപ്പിക്കുന്നതാണെന്ന് ബോധ്യപ്പെടും. പ്രത്യേകിച്ച് അദ്ദേഹത്തിന്റെ താഇയ്യത്തുൽ കുബ്റാ, റാഇയ്യത്തുൽ കുബ്റാ, മീമിയ്യത്തുൽ കുബ്റാ, ഐനിയ്യത്തുൽ കുബ്റാ തുടങ്ങിയ കവിതകൾ.

**'മഹബ്ബത്തുല്ലാഹ്' (ദൈവിക സ്നേഹം) എന്നതാണ് ദീവാനുൽഹദ്ദാദിലെ കേന്ദ്ര പ്രമേയം. സ്രഷ്ടാവിനോടുള്ള അചഞ്ചലമായ അനുരാഗവും നിരുപാധികമായ അടിമത്തബോധവും ഈ കവിതകളിലുടനീളം നമുക്ക് ദർശിക്കാനാകും. തൗഹീദ് (ഏകദൈവ വിശ്വാസം) കേവലം വിശ്വാസപരമായ ഒരു സിദ്ധാന്തമെന്നതിനപ്പുറം ഹൃദയത്തെ സ്രഷ്ടാവിലേക്ക് തിരിച്ചുവിടുന്ന നിരന്തരമായ ആത്മീയാനുഭൂതിയായാണ് ഇമാം അവതരിപ്പിക്കുന്നത്.**



പ്രാർത്ഥനകൾ, പ്രകീർത്തനങ്ങൾ, ഉപദേശങ്ങൾ, സാമൂഹിക വിഷയങ്ങൾ തുടങ്ങി കവികൾ സാധാരണയായി കൈകാര്യം ചെയ്യുന്ന മിക്ക വിഷയങ്ങളും അദ്ദേഹം കവിതകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നന്മയിലേക്കും വിജയത്തിലേക്കുമുള്ള ക്ഷണം, ഇസ്‌ലാമിക പ്രബോധനത്തോടുള്ള പ്രതിബദ്ധത തുടങ്ങി നിരവധി ഉന്നതമായ ആശയങ്ങൾ കവിതകളിൽ കൊണ്ടുവരാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ശരീഅത്തിന്റെ കൽപ്പനകൾ പാലിക്കാനും മറ്റുള്ളവരെ അപകീർത്തിപ്പെടുത്താതിരിക്കാനും സമൂഹത്തെ നശിപ്പിക്കുന്ന നിഷിദ്ധമായ കാമവികാരങ്ങളിലേക്കും സുഖലോലുപതയിലേക്കും വഴിതെറ്റിക്കുന്ന കാര്യങ്ങളിൽ നിന്ന് വിട്ടുനിൽക്കാനും നിരന്തരമായി ഉണർത്തുന്നതാണ് അദ്ദേഹത്തിന്റെ കവിതകൾ. തന്റെ മനോഹരവും ഗാംഭീര്യവുമുള്ള കവിതകളെ ഇസ്‌ലാമിക ദഅ്‌വത്തിന്റെ ആകർഷകമായ ഒരു മാർഗ്ഗമാക്കി മാറ്റുകയും അതുവഴി അറിവും സത്യവും നന്മയും സന്മാർഗ്ഗവും അന്വേഷിക്കുന്നവർക്ക് എക്കാലത്തും വഴികാട്ടിയായ വിലയേറിയ ഉപദേശങ്ങൾ നൽകുകയുമാണ് അദ്ദേഹം ചെയ്തത്.

'മഹബ്ബത്തുല്ലാഹ്' (ദൈവിക സ്നേഹം) എന്നതാണ് ദീവാനുൽഹദ്ദാദിലെ കേന്ദ്ര പ്രമേയം. സ്രഷ്ടാവിനോടുള്ള അചഞ്ചലമായ അനുരാഗവും നിരുപാധികമായ അടിമത്തബോധവും ഈ കവിതകളിലുടനീളം നമുക്ക് ദർശിക്കാനാകും. തൗഹീദ് (ഏകദൈവ വിശ്വാസം) കേവലം വിശ്വാസപരമായ ഒരു സിദ്ധാന്തമെന്നതിനപ്പുറം ഹൃദയത്തെ സ്രഷ്ടാവിലേക്ക് തിരിച്ചുവിടുന്ന നിരന്തരമായ ആത്മീയാനുഭൂതിയായാണ് ഇമാം അവതരിപ്പിക്കുന്നത്. എല്ലാം അല്ലാഹുവിൽ നിന്നാണെന്നുള്ള ബോധ്യം മനുഷ്യനെ ഭൗതികമായ ആശ്രിതത്വങ്ങളിൽ നിന്ന് മോചിപ്പിക്കുന്നുവെന്നാണ് ഓരോ വരികളും സമർത്ഥിക്കുന്നത്.

'എന്റെ രക്ഷിതാവിന്റെ അറിവ് എന്റെ ചോദ്യങ്ങൾക്കും ആഗ്രഹങ്ങൾക്കും മീതെ എനിക്ക് മതിയായതാണ്.

എന്റെ പ്രാർത്ഥനകളും കേഴലുകളും അവന്റെ മുന്നിലുള്ള എന്റെ നിസ്സഹായതയുടെയും ദാരിദ്ര്യത്തിന്റെയും സാക്ഷ്യങ്ങളാണ്.'

ആഗ്രഹങ്ങളെക്കാളുപരി സ്രഷ്ടാവിന്റെ തീരുമാനത്തിലുള്ള അചഞ്ചലമായ വിശ്വാസമാണ് യഥാർത്ഥ സ്നേഹം എന്നാണ് ഇമാം ഹദ്ദാദ്(റ) ഈ വരികളിലൂടെ പ്രതിപാദിക്കുന്നത്.

തിരുനബി(സ)യോടുള്ള അപാരമായ സ്നേഹവും ആദരവും ഈ കാവ്യസമാഹാരത്തിന്റെ മറ്റൊരു നെടുംതൂണാണ്. പ്രവാചകരെ പ്രപഞ്ചത്തിന്റെ കാരുണ്യമായും ആത്മീയപാതയിലെ സർവ്വോത്തമ വഴികാട്ടിയുമായാണ് വാഴ്ത്തുന്നത്. സൂഫി ദർശനത്തിൽ പ്രവാചകസ്നേഹം സ്വതന്ത്രമായ മറ്റൊരു വികാരമല്ല, മറിച്ച് ഇലാഹീ സ്നേഹത്തിലേക്കുള്ള അവിഭാജ്യ ഘടകവും മാർഗ്ഗവുമാണ് എന്ന ആശയമാണ് ദീവാനിൽ പ്രകടമാക്കുന്നത്. പ്രവാചകചര്യയോടുള്ള പൂർണ്ണമായ വിധേയത്വത്തിലൂടെ മാത്രമേ ആത്മീയോത്കർഷം സാധ്യമാകൂ എന്നും ഇമാം ഹദ്ദാദ്(റ) വ്യക്തമാക്കുന്നു:

'നബിയേ, അങ്ങ് അല്ലാഹുവിലേക്കുള്ള കവാടമാണ്, അങ്ങയെ മുറുകെ പിടിക്കുന്നവർ വിജയവും നന്മയും നേടുന്നു.

അങ്ങയുടെ സാന്നിധ്യത്താൽ എല്ലാ ദുരിതങ്ങളും നീങ്ങുന്നു.' ആത്മീയ പ്രതിസന്ധികളിൽ തിരുനബി(സ്വ)യുടെ സാന്നിധ്യത്തെയും മധ്യസ്ഥതയെയുമാണ് ഇമാം തന്റെ വരികളിലൂടെ സമീപിക്കുന്നത്.

സൂഫീസാഹിത്യത്തിലെ അടിസ്ഥാന സ്വഭാവങ്ങളിലൊന്നായ 'സുഹ്ദ്' (പ്രപഞ്ച ത്യാഗം) ദീവാനുൽഹദ്ദാദിൽ ശക്തമായി പ്രതിപാദിക്കപ്പെടുന്നുണ്ട്.

ഭൗതികലോകത്തിന്റെ ക്ഷണികതയും അതിന്റെ വഞ്ചനാത്മകമായ സ്വഭാവവും കവി നിരന്തരം ഓർമ്മിപ്പിക്കുന്നു. എന്നാൽ ഈ വിരക്തി ലോകത്തിൽ നിന്നുള്ള പൂർണ്ണമായ ഒളിച്ചോട്ടമല്ല, മറിച്ച് ഹൃദയത്തിൽ ഭൗതികതയ്ക്ക് സ്ഥാനം നൽകാതിരിക്കുക എന്നതാണ്. പാരത്രിക ജീവിതത്തെക്കുറിച്ചുള്ള നിരന്തരമായ ചിന്തയിലൂടെ മനുഷ്യജീവിതത്തിന്റെ താൽക്കാലികതയെ വിവേകത്തോടെ നേരിടാനാണ് ദീവാൻ ആഹ്വാനം ചെയ്യുന്നത്.

'നിന്ദ്യമായ ദുൻയാവിനോടുള്ള സ്നേഹം സർവ്വ നന്മകളെയും ഇല്ലാതാക്കുന്നതാണ്. അതിൽ പരീക്ഷണങ്ങൾ സ്ഥിരമായി കുടികൊള്ളുന്നു; അത് മുഴുവനും ആപത്തുകളും വ്യർത്ഥമായ തിരക്കുകളുമാണ്.'

ഭൗതികലോകത്തിന്റെ ആകർഷണങ്ങൾ ആത്യന്തികമായി ആത്മീയ പുരോഗതിയെ തടസ്സപ്പെടുത്തുന്ന വ്യർത്ഥമായ തിരക്കുകളാണെന്ന് സൂചന.

ആത്മസംസ്കരണമാണ് ദീവാനുൽഹദ്ദാദിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം. സ്വന്തം ഹൃദയത്തെ ദുർഗുണങ്ങളിൽ നിന്ന് ശുദ്ധീകരിക്കാനും നിരന്തരമായ ആത്മപരിശോധന നടത്താനും ഇമാം ആഹ്വാനം ചെയ്യുന്നു. അഹങ്കാരം, അസൂയ, ലോകമാന്യം എന്നീ ആന്തരിക വ്യാധികളിൽ നിന്നുള്ള മോചനമാണ് ഒരു വ്യക്തിയുടെ യഥാർത്ഥ സ്വാതന്ത്ര്യം എന്ന് കവിതകൾ യുക്തിസഹമായി വിശദീകരിക്കുന്നു.

'എന്റെ രക്ഷിതാവേ, എന്റെ ഹൃദയത്തിന്റെ രോഗങ്ങൾ സുഖപ്പെടുത്താൻ ഞാൻ നിന്നോട് സഹായം തേടുന്നു. എന്റെ പ്രയാസങ്ങളുടെ കുരുക്കഴിച്ചുതരേണമേ; നീ കടാക്ഷിച്ചാൽ ഈ സങ്കടങ്ങളെല്ലാം ഇല്ലാതാകും.'


ഹൃദയത്തെ ശുദ്ധീകരിക്കാൻ നിരന്തരമായ ആത്മപരിശോധനയും സ്രഷ്ടാവിനോടുള്ള സഹായാർത്ഥനയും അനിവാര്യമാണെന്നു ചുരുക്കം.

മനുഷ്യസഹജമായ വീഴ്ചകളിൽ നിന്നു സ്രഷ്ടാവിലേക്കുള്ള നിരുപാധികമായ മടക്കമാണ് പശ്ചാത്താപം. പാപബോധത്താൽ നീറുന്ന മനസ്സുകൾക്ക് ദൈവകാരുണ്യത്തിലുള്ള പ്രതീക്ഷ പകരുന്ന ഒട്ടേറെ വരികൾ ഈ സമാഹാരത്തിലുണ്ട്. നിരാശയെ ആത്മീയ പരാജയമായാണ് കവി കാണുന്നത്. എത്ര വലിയ വീഴ്ചകൾ സംഭവിച്ചാലും ആത്മാർത്ഥമായി മടങ്ങുന്നവരെ സ്രഷ്ടാവ് സ്വീകരിക്കുമെന്ന ദർശനം ആത്മീയയാത്രികർക്ക് വലിയ ആശ്വാസം നൽകുന്നു.

'ഞങ്ങളുടെ രഹസ്യങ്ങൾ അറിയുന്നവനേ, നീ ഞങ്ങളുടെ രഹസ്യങ്ങളുടെ മറ നീക്കരുതേ. ഞങ്ങൾക്ക് നീ സൗഖ്യം നൽകുകയും ഞങ്ങളോട് പൊറുക്കുകയും ചെയ്യേണമേ; ഞങ്ങൾ എവിടെയായിരുന്നാലും നീ ഞങ്ങൾക്ക് തുണയായിരിക്കേണമേ.'

സമ്പൂർണ്ണമായ ദൈവിക സമർപ്പണത്തിന്റെ അഗാധതലങ്ങളെ അനാവരണം ചെയ്യുന്ന വരികളാണിവ. മനുഷ്യന്റെ ആന്തരിക

**ഭൗതികലോകത്തിന്റെ ക്ഷണികതയും അതിന്റെ വഞ്ചനാത്മകമായ സ്വഭാവവും കവി നിരന്തരം ഓർമ്മിപ്പിക്കുന്നു. എന്നാൽ ഈ വിരക്തി ലോകത്തിൽ നിന്നുള്ള പൂർണ്ണമായ ഒളിച്ചോട്ടമല്ല, മറിച്ച് ഹൃദയത്തിൽ ഭൗതികതയ്ക്ക് സ്ഥാനം നൽകാതിരിക്കുക എന്നതാണ്. പാരത്രിക ജീവിതത്തെക്കുറിച്ചുള്ള നിരന്തരമായ ചിന്തയിലൂടെ മനുഷ്യജീവിതത്തിന്റെ താൽക്കാലികതയെ വിവേകത്തോടെ നേരിടാനാണ് ദീവാൻ ആഹ്വാനം ചെയ്യുന്നത്.**



ദുർബലതകളും സ്രഷ്ടാവിന്റെ സർവ്വജ്ഞാനവും തമ്മിലുള്ള അഭേദ്യമായ ബന്ധമാണ് ഇവിടെ മുഖ്യമായും ആവിഷ്കരിക്കപ്പെടുന്നത്.

ക്ഷമ, നന്ദി എന്നീ രണ്ട് ഗുണങ്ങളെ വിശ്വാസിയുടെ ജീവിതത്തിലെ പരസ്പരപൂരകങ്ങളായ അവസ്ഥകളായാണ് ഇമാം ഹദ്ദാദ്(റ) വിശേഷിപ്പിക്കുന്നത്. ജീവിതത്തിലെ പ്രതിസന്ധികളിലും പരീക്ഷണങ്ങളിലും ക്ഷമ കൈക്കൊള്ളാനും, ലഭിക്കുന്ന അനുഗ്രഹങ്ങളിൽ അഹങ്കരിക്കാതെ സ്രഷ്ടാവിനോട് നന്ദി കാണിക്കാനുമാണ് ഇമാം കവിതകളിലൂടെ ഉദ്ബോധിപ്പിക്കുന്നത്. ഈ രണ്ട് ഗുണങ്ങളുടെ സമന്വയമാണ് മനഃശാന്തിയുടെ അടിസ്ഥാനം എന്ന് സമർത്ഥിക്കുകയും ചെയ്യുന്നു.

'നിരന്തരം വന്നുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾക്ക് അല്ലാഹുവിന് നന്ദിയും സ്തുതിയും. രഹസ്യമായും പരസ്യമായും, രാവുകളിലും പകലുകളിലും ഞങ്ങൾ അവനെ സ്തുതിക്കുന്നു.'

ഇടമുറിയാതെ വർഷിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളെക്കുറിച്ചുള്ള പൂർണ്ണമായ ബോധ്യത്തിൽ നിന്നാണ് ഈ സ്തുതികീർത്തനം ഉത്ഭവിക്കുന്നത്. ഭൗതികവും ആത്മീയവുമായ ഔദാര്യങ്ങൾക്ക് സ്രഷ്ടാവിനോടുള്ള കടപ്പാട് വെളിപ്പെടുത്തുന്ന വരികളാണിത്.

വ്യക്തിപരമായ ആത്മീയതയോടൊപ്പം സാമൂഹിക സദാചാരത്തിനും ഈ കാവ്യങ്ങൾ വലിയ പ്രാധാന്യം നൽകുന്നുണ്ട്. കേവലം ആരാധനാകർമ്മങ്ങളിൽ ഒതുങ്ങുന്നതല്ല ഇസ്‌ലാമിക ആത്മീയത. കുടുംബബന്ധങ്ങൾ പുലർത്തുക, അയൽവാസികളോടും ദരിദ്രരോടും കരുണ കാണിക്കുക, സമൂഹത്തിൽ നന്മ കൽപ്പിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുക തുടങ്ങിയ പ്രായോഗികവും നൈതികവുമായ ഉപദേശങ്ങൾ കവിതകളുടെ ഉള്ളടക്കമാണ്.

'അല്ലയോ കൂട്ടുകാരാ, നീ വേവലാതിപ്പെടുകയോ അക്ഷമനാകുകയോ അരുത്; നിനക്ക് പ്രതിഫലവും സ്തുതിയും ലഭിക്കാൻ വിധികളെ പൂർണ്ണമായി ഏൽപ്പിക്കുക. റബ്ബിന്റെ തീരുമാനത്തിൽ നീ തൃപ്തിപ്പെടുക, അർശിന്റെ നാഥനായ അല്ലാഹുവിന്റെ വിധിയിൽ നീ കോപിക്കരുത്.'

മനുഷ്യജീവിതത്തിലെ അനിവാര്യമായ പ്രതിസന്ധികളെയും പരീക്ഷണങ്ങളെയും ആത്മീയമായ ഉൾക്കാഴ്ചയോടെ നേരിടാൻ ആഹ്വാനം ചെയ്യുന്ന അർത്ഥസമ്പുഷ്ടമായ കാവ്യശകലങ്ങളാണിവ.

യഥാർത്ഥത്തിൽ, ഇസ്‌ലാമിക ആത്മീയ സാഹിത്യത്തിൽ, വിശേഷിച്ചും ബാഅലവി പാരമ്പര്യത്തിൽ ദീവാനുൽ ഹദ്ദാദ് ചെലുത്തിയ സ്വാധീനം ചരിത്രപരമാണ്. കേവലമൊരു കാവ്യസമാഹാരം എന്നതിലുപരി, ആത്മീയ അന്വേഷകർക്കും അക്കാദമിക വിദ്യാർത്ഥികൾക്കുമുള്ള മികച്ച വഴികാട്ടിയാണിത്.

നോവൽ

മുജ്തബ നസ്വീഹ്

# അസർമുല്ലപ്പൂക്കൾ

18

പുറത്ത് മഴ കോരിച്ചൊരിയുന്നുണ്ട്; കൂടെ കാറ്റും കണ്ണഞ്ചിപ്പിക്കുന്ന മിന്നലും കാതടിപ്പിക്കുന്ന ഇടിനാദവും. റഹീമ ഉമ്മയോട് ഒന്നുകൂടി ഒട്ടിയിരുന്നു. അവളുടെ കരങ്ങൾ വിറയ്ക്കുന്നുണ്ടല്ലോ; തണുപ്പുകൊണ്ടോ അതോ ഭയന്നിട്ടോ? ഇടിമിന്നലുകളെയൊന്നും അവൾക്ക് പേടിയില്ല. പിന്നെ എന്തിനാവാം അവളിങ്ങനെ പേടിച്ചു വിറയ്ക്കുന്നത്? റസിയ അവളെ ഒന്നുകൂടി അണച്ചുകൂട്ടി ചോദിച്ചു: 'മോളേ, മോൾക്കെന്താണ് പേടി?'

## ആ കഥയും പറഞ്ഞ്

'ഉമ്മാ, എനിക്കെന്തോ പേടിയാവുന്നു. ഉപ്പ വന്നില്ലെങ്കിൽ പിന്നെ, നമ്മൾക്കാരാണുള്ളത്! ഉമ്മ സത്യം പറയ്, നമ്മളെ ഉപ്പ ഇങ്ങോട്ട് വരുമോ?'

'വരും മോളേ, ഞാൻ പറഞ്ഞില്ലേ ഉപ്പ ഇക്കൊല്ലം വരും. അസർമുല്ല പൂക്കും നേരം വരാമെന്നു പറഞ്ഞാണ് മോളേ ഉപ്പ ഗൾഫിലേക്കു പോയത്. നമ്മുടെ മുറ്റത്തെ അസർമുല്ലച്ചെടികളൊക്കെ നന്നായി വളരുന്നുണ്ടല്ലോ. അവ പൂക്കുമ്പോഴേക്കും മോളെ ഉപ്പ ഇങ്ങെത്തും.'

'ഉമ്മ ഇങ്ങനെ മുമ്പും പറഞ്ഞിട്ടുണ്ടല്ലോ. അസർമുല്ല പിന്നെയും പൂത്തിരുന്നല്ലോ. അന്നൊന്നും ഉപ്പ വന്നില്ലല്ലോ.'

ഉത്തരം മുട്ടിക്കുന്ന ചോദ്യമാണ്. ഒരു മറുപടി കണ്ടെത്താനാവാതെ റസിയ വിയർത്തു. ഇനി എന്തു പറഞ്ഞാണ് റഹീമമോളെ സമാധാനിപ്പിക്കുക? ആലോചിച്ചിരിക്കുന്നതിനിടയിൽ ഒന്നുകൂടി പിടിച്ചുകുലുക്കിക്കൊണ്ട് അവൾ ചോദിച്ചു: 'ഉമ്മാ, ഉമ്മ എന്റെ കണ്ണിൽ നോക്കി സത്യം പറയ്. നമ്മുടെ ഉപ്പാക്കെന്താ പറ്റിയത്? ഉപ്പ ഗൾഫിൽ ജീവിച്ചിരിക്കുന്നുണ്ടോ?'

പലപ്പോഴും വിചാരിച്ചതാണ്, കാര്യങ്ങളെല്ലാം അവളോട് തുറന്നുപറയണമെന്ന്. ഇപ്പോഴിതാ അവൾ തുറന്നുചോദിക്കുന്നു. ഇനിയും അത് മറച്ചുവെക്കേണ്ടതില്ലല്ലോ. റസിയ സ്വരം ഒന്നു കടുപ്പിച്ചുകൊണ്ട് പറഞ്ഞു തുടങ്ങി: 'മോളേ, ഞാൻ സത്യമാണ് പറയുന്നത്. മോളുടെ ഉപ്പ ഗൾഫിൽ ജീവിച്ചിരിപ്പുണ്ട്. പക്ഷേ, ഇങ്ങോട്ടു വരാനോ നമ്മളുമായി



ബന്ധപ്പെടാനോ കഴിയില്ല.'

'അതെന്താണുമ്മാ അങ്ങനെ?'

'മോളുടെ ഉപ്പ ജയിലിലാണ്.'

'ജയിലിലോ? അപ്പോ അവരൊക്കെ പറയുന്നത് ശരിയാണല്ലേ? കുറ്റവാളികളെയല്ലേ ജയിലിലിട്ട് അടക്കുക? നമ്മുടെ ഉപ്പ എന്തു കുറ്റമാണ് ചെയ്തത്?'

'മോളേ, മോള്ടെ ഉപ്പ ഒരു തെറ്റും ചെയ്തിട്ടില്ല. തെറ്റു ചെയ്യാതെ ജയിലിലകപ്പെട്ട പാവമാണ്.'

റഹീമക്കത് ഒട്ടും വിശ്വാസമായില്ലെന്ന് തോന്നുന്നു. അവൾ മുഖത്തുനോക്കി ചോദിച്ചു: 'തെറ്റൊന്നും ചെയ്യാതെ വെറുതെ ആരെങ്കിലും പിടിച്ചു ജയിലിലിടുമോ? ഉപ്പ എന്തു തെറ്റാണ് ചെയ്തതെന്ന് തുറന്നു പറ ഉമ്മാ.' അവളുടെ സ്വരം കരച്ചിലിന്റെ വക്കിലെത്തിയിരിക്കുന്നു.

'മോളേ, അതൊരു കഥയാണ്. മോൾക്ക് രണ്ടു വയസ്സായപ്പോഴാണ് ഉപ്പ ഗൾഫിൽ നിന്ന് വന്നത്; കുഞ്ഞുമോളെ കാണണമെന്ന മോഹത്തോടെ കഷ്ടപ്പെട്ട് വന്നതാണ്. ഒരു മാസത്തെ ലീവേ ഉണ്ടായിരുന്നുള്ളൂ.'

'എനിക്കോർമ്മയില്ലല്ലോ ഉപ്പയുടെ മുഖം.'

'പറഞ്ഞില്ലേ, നിനക്കന്നു രണ്ടു വയസ്സേ ആയിട്ടുള്ളൂ. മോളേ, നിന്റെ ഉപ്പ ഒരു നിർഭാഗ്യവാനായിപ്പോയി; അതുകൊണ്ട് നമ്മളും നിർഭാഗ്യത്തിലായി. ഞാൻ പറഞ്ഞിരുന്നില്ലേ മോളോട്, ഉപ്പ ഗൾഫിലേക്കു പോയി രണ്ടുമാസം കഴിഞ്ഞപ്പോഴേക്കും ഉപ്പയുടെ ഉപ്പ മരിച്ചു. അന്നേ വരാൻ ഒരുങ്ങിയതാണ്. പക്ഷേ, വരാൻ കഴിഞ്ഞില്ല. പിന്നെ നീയുണ്ടായി. നിന്നെ കാണാനുള്ള പൂതിയുമായി ലീവിന് കാത്തിരുന്നു. ആ കാത്തിരിപ്പിന്നിടയിൽ ഉപ്പയുടെ ഉമ്മയും പോയി.'

'വരും മോളേ, ഞാൻ പറഞ്ഞില്ലേ ഉപ്പ ഇക്കൊല്ലം വരും. അസർമുല്ല പൂക്കും നേരം വരാമെന്നു പറഞ്ഞാണ് മോളേ ഉപ്പ ഗൾഫിലേക്കു പോയത്. നമ്മുടെ മുറ്റത്തെ അസർമുല്ലച്ചെടികളൊക്കെ നന്നായി വളരുന്നുണ്ടല്ലോ. അവ പൂക്കുമ്പോഴേക്കും മോളെ ഉപ്പ ഇങ്ങെത്തും.'

'ഇങ്ങനെയൊക്കെ കഷ്ടമായിട്ടും പിന്നെയും എന്തിനാണുമ്മാ ഉപ്പ പോയത്?'

'പോവേണ്ടി വന്നതാണ്. ജോലി ചെയ്യുന്ന കമ്പനിയിൽ നിന്ന് ശമ്പളം ഒരുപാട് കിട്ടാനുണ്ടായിരുന്നു. പോയിട്ടില്ലെങ്കിൽ അതെല്ലാം നഷ്ടമാവും. ഇവിടെയാണെങ്കിൽ ഉള്ള ജോലിയും ഒഴിവാക്കിയാണല്ലോ പോയത്. അങ്ങനെയാണ് ഒരു മാസത്തെ ലീവ് തീരാറായപ്പോഴേക്കും പുറപ്പെട്ടത്.'

'പിന്നെ എന്താണ് പറ്റിയതെന്ന് പറയ്.'



'ഉപ്പ ഗൾഫിലേക്ക് പോകുന്നെന്ന് കേട്ടപ്പോൾ ആരൊക്കെയോ പൊതികളുമായി വന്നു; ഗൾഫിലുള്ള അവരുടെ ആൾക്കാർക്ക് എത്തിച്ചുകൊടുക്കാൻ. അച്ചാറും പലഹാരങ്ങളും മറ്റും മറ്റും. ഒരു സഹായമല്ലേ എന്നു കരുതി ഉപ്പ അതെല്ലാം വാങ്ങി വച്ചു. എല്ലാം കൂടിയായപ്പോൾ ഉപ്പയ്ക്ക് ആവശ്യമായത് കൊണ്ടുപോകാൻ പോലും വയ്യാതായി. എന്നിട്ടും ആരെയും പ്രയാസപ്പെടുത്തുന്നത് സഹിക്കാൻ കഴിയാതെ നിന്റെ ഉപ്പ പെട്ടി നിറയെ സാധനങ്ങളുമായി പുറപ്പെട്ടു. അവർ കൊണ്ടുവന്നേൽപ്പിച്ച സാധനങ്ങൾ എന്താണെന്നു പോലും നോക്കാതെയാണ് പെട്ടി കെട്ടിയത്.'

‘എന്നിട്ടോ?’

‘അവിടെ വിമാനത്താവളത്തിൽ കസ്റ്റംസിൽ ഉപ്പയെ തടഞ്ഞുവച്ചു പെട്ടി പരിശോധിച്ചു. ഉപ്പയുടെ പെട്ടിയിൽ നിന്ന് കുറെ മയക്കുമരുന്നുകൾ പിടിച്ചെടുത്തെന്നാ കേട്ടത്. മയക്കുമരുന്ന് കടത്തുന്നത് വലിയ കുറ്റമാണല്ലോ. ആരോ കൊണ്ടുപോവാൻ ഏൽപ്പിച്ച അച്ചാറുകുപ്പിയിൽ നിറയെ മയക്കുമരുന്നായിരുന്നത്രെ. അന്നവർ പിടിച്ചു ജയിലിലിട്ടതാണ് മോളേ നിന്റെ ഉപ്പയെ.’

‘അപ്പോ അവരോട് സത്യം തുറന്നുപറഞ്ഞാ പോരേ?’

‘അതൊന്നും നടക്കൂല മോളേ. ആരിൽ നിന്നാണോ പിടിച്ചെടുത്തത് അവരാണ് കുടുങ്ങുക. പിന്നെ കാര്യം തുറന്നുപറയാനും മറ്റും ഭാഷ ഒരു തടസ്സമാണല്ലോ. മോളേ, ഉപ്പയുടെ കാര്യത്തിൽ ആരൊക്കെയോ ഇടപെട്ടിട്ടുണ്ട്. ഉപ്പ നിരപരാധിയാണെന്ന് തെളിയിക്കാൻ ശ്രമിച്ചിട്ടുണ്ട്. രക്ഷയ്ക്കായി ആരൊക്കെയോ പടച്ചവനോട് ദുആ ഇരന്നിട്ടുണ്ട്. അതുകൊണ്ടൊക്കെത്തന്നെയാവാം കഠിനശിക്ഷയിൽ നിന്ന് രക്ഷപ്പെട്ടത്.’

‘ഉപ്പയെ അവർ വിട്ടയക്കുമോ ഉമ്മാ?’

‘വിട്ടയക്കും മോളേ, ഇനിയും എത്ര കാലം ജയിലിൽ കിടക്കണമെന്നറിയില്ല. ഒരു ദിവസം അവർ ഉപ്പയെ ജയിലിൽ നിന്ന് വിട്ടയക്കും. പുറത്തുവന്നാൽ ഉപ്പ പറന്നിങ്ങെത്തുമല്ലോ മോളെ കാണാൻ.’

പെട്ടെന്ന് ഒരു ഭയങ്കര ഇടി പൊട്ടി; ഭൂമിയാകെ ഒന്ന് കുലുങ്ങിയ പോലെ. മഴയുടെ ആരവവും കൂടി. ഇടിയെ പേടിയില്ലാത്ത റഹീമമോളും പേടിച്ചുപോയോ? അവൾ ഒന്നുകൂടി മുറുകെ പുണർന്ന് ശിരസ്സ് റസിയയുടെ നെഞ്ചത്തേക്ക് ചേർത്തുവച്ചു.

എത്ര നേരമങ്ങനെ ഇരുന്നുവെന്നറിയില്ല. കോളിംഗ്ബെല്ലിന്റെ ശബ്ദം കേട്ട് രണ്ടുപേരും ഞെട്ടിപ്പിടഞ്ഞ് എഴുന്നേറ്റെങ്കിലും ഡോറിനു നേരെ നടക്കാൻ രണ്ടുപേർക്കും പേടി. ആരാണീ പെരുമഴയത്ത്? അങ്ങോട്ടുമിങ്ങോട്ടും വിളിച്ചാൽ കേൾക്കാത്ത സാഹചര്യത്തിൽ വാതിൽ തുറക്കുന്നതെങ്ങനെ? മെല്ലെ ചെന്ന് ജനലിലൂടെ പുറത്തേക്ക് കണ്ണയച്ചു. മുറ്റത്തുണ്ടൊരാൾ, കുട ചൂടിയിട്ടുണ്ടെങ്കിലും പർദ്ദയൊക്കെ നനഞ്ഞൊട്ടി. സൂക്ഷിച്ചു നോക്കിയപ്പോഴാണ് മനസ്സിലായത്, ജമീലയാണ്.

പടച്ചവനേ, ഇവളെന്താ ഈ അസമയത്ത്, ആരും പുറത്തിറങ്ങാൻ മടിക്കുന്ന നേരത്ത് വന്നിരിക്കുന്നത്? വല്ലതും സംഭവിച്ചോ? എന്നും പ്രയാസവും സങ്കടവുമാണവൾക്ക്. വരുമ്പോഴൊക്കെ നൂറുനൂറ് പ്രശ്നങ്ങളും സങ്കടങ്ങളും പറയാനുണ്ടാവും. ഓരോന്നായി എണ്ണിപ്പറഞ്ഞ് സങ്കടഭാരങ്ങളെല്ലാം ഇറക്കിവച്ചാണവൾ പോവുക. പോകുമ്പോൾ പറയുകയും ചെയ്യും, റസിയക്കുട്ടീ, എന്റെ സങ്കടങ്ങളെല്ലാം ഇങ്ങനെ തുറന്നുപറയാൻ ഒരാളുണ്ടായത് എന്റെ ഭാഗ്യമാണ്. അല്ലെങ്കിൽ ഇതെല്ലാം ഉള്ളിൽ കിടന്നു പുകഞ്ഞ് വീർപ്പുമുട്ടി ഞാൻ തകർന്നുപോകുമല്ലോ. എന്നിട്ടൊന്നു തുറന്നു ചിരിച്ച്, പലപ്പോഴും ഒന്ന് കെട്ടിപ്പിടിച്ച്, റഹീമമോൾക്ക് ഒരു ഉമ്മ കൊടുത്താണ് അവൾ ഇറങ്ങിപ്പോവുക. ശരീരമാകെ മെലിഞ്ഞൊട്ടി എല്ലും തോലുമായി ഒരു കോലം. അതു കാണുമ്പോൾ സങ്കടം സഹിക്കാനാവില്ല. കണ്ണുനിറയും. അതു കണ്ടാൽ അവൾ പറയും:

‘റസിയക്കുട്ടീ, നിയെന്റെ കോലം കണ്ടിട്ടല്ലേ കരയണത്? അതെനിക്കിഷ്ടമല്ലാ ട്ടോ. നിന്റെ ചിരി കാണാനാ ഞാനിങ്ങോട്ട് വര്ന്നത്; എന്നിട്ടൊന്നു സന്തോഷിക്കാൻ. നീയും എന്നെ വിഷമിപ്പിക്കരുത് ട്ടോ.’

ഇടയ്ക്ക് ചിലപ്പോൾ പറയും: ‘എല്ലാം എന്റെ വിധിയാണ് മോളേ. ഞാൻ ചോദിച്ചുവാങ്ങിയ വിധിയാണ്. നിങ്ങളുടെയൊക്കെ ഉപദേശവും നല്ല വാക്കുകളും ചെവിക്കൊള്ളാത്തതിന്റെ ശിക്ഷ. എല്ലാം ഞാൻ അനുഭവിച്ചു തീർക്കണം മോളേ. ഇനിയാരും നന്നാവുമെന്ന പ്രതീക്ഷയൊന്നുമില്ല. എന്നാലും ഞാനെപ്പോഴും കണ്ണീരൊഴുക്കി ദുആ ചെയ്യാറുണ്ട്. പടച്ചവൻ കരുണ കാണിച്ചെങ്കിലോ.’

ജമീല വീണ്ടും സ്വിച്ച്ബോർഡിലേക്ക് കൈ നീട്ടിയപ്പോഴേക്കും ഓടിച്ചെന്ന് വാതിൽ തുറന്നു. ചിരിച്ചുകൊണ്ടവൾ സലാം പറഞ്ഞു വരാന്തയിലേക്ക് കയറി. പർദ്ദയിൽ നിന്ന് വെള്ളം ഒലിച്ചിറങ്ങുന്നുണ്ട്. അതഴിച്ചുകൊണ്ട് അവൾ പറഞ്ഞു:

‘റസിയക്കുട്ടീ, ഇന്ന് ഞാൻ വന്നത് സങ്കടപ്പെടുത്താനായിട്ടല്ല ട്ടോ. ചില സന്തോഷങ്ങളൊക്കെ പറയാനുണ്ട്. അതുകൊണ്ടാ ഈ വൈകുന്നേരം തന്നെ പെരുമഴയത്ത് ഇറങ്ങിപ്പുറപ്പെട്ടത്.’

അൽഹംദുലില്ലാഹ്! എന്ത് സന്തോഷവാർത്തയായിരിക്കും ജമീലക്ക് പറയാനുള്ളത്?

(തുടരും)

**ആരാണീ പെരുമഴയത്ത്? അങ്ങോട്ടുമിങ്ങോട്ടും വിളിച്ചാൽ കേൾക്കാത്ത സാഹചര്യത്തിൽ വാതിൽ തുറക്കുന്നതെങ്ങനെ? മെല്ലെ ചെന്ന് ജനലിലൂടെ പുറത്തേക്ക് കണ്ണയച്ചു. മുറ്റത്തുണ്ടൊരാൾ, കുട ചൂടിയിട്ടുണ്ടെങ്കിലും പർദ്ദയൊക്കെ നനഞ്ഞൊട്ടി. സൂക്ഷിച്ചു നോക്കിയപ്പോഴാണ് മനസ്സിലായത്, ജമീലയാണ്.**

ചോദ്യോത്തരം/ ശാഫിഈ

ചെറുശ്ശോല അബ്ദുൽ ജലീൽ സഖാഫി

# വിദേശിയുടെ ഉള്ഹിയ്യത്ത് നാട്ടിലാകാമോ?

***ചോദ്യം:** വിദേശത്തുള്ളവർ നാട്ടിലുള്ളവരെ ഉള്ഹിയ്യത്ത് കർമത്തിന് ഏൽപ്പിക്കുകയാണെങ്കിൽ ഉള്ഹിയ്യത്തിന്റെ സമയമായതിനു ശേഷം ഏൽപ്പിക്കണമെന്നുണ്ടോ? ബലിപെരുന്നാളിനു മുമ്പു തന്നെ വകാലത്ത് ഏൽപിച്ചതിന്റെ അടിസ്ഥാനത്തിൽ പെരുന്നാളിന് ഇവിടെ അറവ് നടത്തിയാൽ ആ ഉള്ഹിയ്യത്ത് ശരിയാവുകയില്ലേ? വിദേശത്തുള്ളവർക്കു വേണ്ടി ഉള്ഹിയ്യത്ത് അറുക്കുമ്പോൾ അവരുള്ള രാജ്യത്തെ സമയം പാലിക്കണമെന്നുണ്ടോ? ഇവിടത്തെ സമയമനുസരിച്ച് അവർക്കു വേണ്ടി ഉള്ഹിയ്യത്ത് നടത്തിയാൽ മതിയാകുമോ?*

**സൈതലവി മുസ്‌ലിയാർ**
**തിരൂർ**

**ഉത്തരം:** ഒരാൾക്കു വേണ്ടി മറ്റൊരാൾ ഉള്ഹിയ്യത്ത് നിർവ്വഹിക്കണമെങ്കിൽ അദ്ദേഹത്തിന്റെ സമ്മതം നിർബന്ധമാണ്. മറ്റൊരാൾക്കു വേണ്ടി അദ്ദേഹത്തിന്റെ സമ്മതമില്ലാതെ ഉള്ഹിയ്യത്ത് അനുവദനീയമല്ല. സമ്മതമില്ലാതെ അറവ് നടത്തിയാൽ അത് അദ്ദേഹത്തിനുള്ള ഉള്ഹിയ്യത്തായി പരിഗണിക്കുകയില്ല. (തുഹ്ഫ 9/367 നിഹായ 8/143) അദ്ദേഹത്തിന്റെ സമ്മതപ്രകാരം ഉള്ഹിയത്ത് നിർവ്വഹിക്കാവുന്നതും അത് അദ്ദേഹത്തിനുള്ള ഉള്ഹിയ്യത്തായി പരിഗണിക്കപ്പെടുന്നതുമാണ്. ഈ സമ്മതം നൽകൽ ഉള്ഹിയ്യത്തിന്റെ സമയമായതിനു ശേഷമാവണമെന്ന നിർബന്ധമില്ല. അതേസമയം, വകാലത്ത് എന്നത് താൻ ചെയ്യാവുന്നതും മറ്റൊരാളെ ഏൽപിക്കാവുന്നതുമായ ഒരു കാര്യം തനിക്ക് വേണ്ടി തന്റെ ജീവിതകാലത്തു തന്നെ ചെയ്യാൻ മറ്റൊരാളെ ഏൽപ്പിക്കുന്ന ഒരു പ്രത്യേക ഇടപാടാണ്. അതിന് നിശ്ചിത നിബന്ധനകളുണ്ട്.

വകാലത്ത് ഏൽപ്പിക്കുന്ന സമയം ഏൽപ്പിക്കുന്നവന് ചെയ്യാവുന്ന കാര്യമായിരിക്കണമെന്നത് പൊതുവെ വകാലത്തിന്റെ നിബന്ധനകളിൽപ്പെട്ടതാണ്. അതനുസരിച്ച് ഉള്ഹിയ്യത്തിനുള്ള വകാലത്ത് സ്വഹീഹാകണമെങ്കിൽ അത് ഉള്ഹിയ്യത്തിന്റെ സമയം പ്രവേശിച്ചതിനു ശേഷമായിരിക്കണം. ഉള്ഹിയ്യത്തിനുള്ള വകാലത്ത് സ്വഹീഹാവണമെങ്കിൽ സമയം പ്രവേശിക്കൽ നിർബന്ധമാണെന്നു തന്നെയാണ് വകാലത്തിന്റെ നിയമങ്ങളിൽ നിന്ന് അറിയപ്പെടുന്നത് എന്ന് ഇമാം ഇബ്നുഹജർ(റ) വ്യക്തമാക്കിയിട്ടുമുണ്ട്. (അൽഫതാവൽ കുബ്റാ 3/89) സമയമാകുന്നതിനു മുമ്പ് ഉള്ഹിയ്യത്തിനുള്ള വകാലത്ത് ബാത്വിലാണെന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

പക്ഷേ, അതുകൊണ്ട് മാത്രം സമയത്തിന് മുമ്പുള്ള വകാലത്തനുസരിച്ച് ഏൽപ്പിക്കപ്പെട്ടവൻ ഉള്ഹിയ്യത്ത് നിർവ്വഹിച്ചാൽ ആ ഉള്ഹിയ്യത്ത് ശരിയല്ലെന്നോ അത് ഏൽപ്പിച്ചവനു വേണ്ടിയാവില്ലെന്നോ പറഞ്ഞുകൂടാ. കാരണം, വകാലത്ത് ബാത്വിലാണെങ്കിലും ഏൽപ്പിക്കപ്പെട്ടവൻ ഏൽപ്പിക്കപ്പെട്ട കാര്യം ചെയ്താൽ അക്കാര്യം സ്വഹീഹാകുമെന്ന് നിരവധി മസ്അലകളിൽ ഇമാമുകൾ വ്യക്തമാക്കിയിട്ടുണ്ട്. വകാലത്ത് എന്ന നിലയിൽ അത് ബാത്വിലാണെങ്കിലും അതുൾക്കൊള്ളുന്ന സമ്മതം സ്വീകാര്യമാണെന്നതാണ് കാരണം. ഉദാഹരണമായി, 'റമളാൻമാസമായാൽ എന്റെ ഫിത്വർ സകാത്ത് നീ നൽകണം' എന്നിങ്ങനെ വകാലത്താക്കിയാൽ ആ വകാലത്ത് ബാത്വിലാണ്. എന്നാൽ, റമളാൻ മാസം പ്രവേശിച്ചതിനു ശേഷം ഏൽപ്പിക്കപ്പെട്ടവൻ സകാത്ത് നൽകിയാൽ ഏൽപ്പിച്ചവന്റെ സകാത്ത് വീടുന്നതുമാണ്.

'എന്റെ ഫിത്വർ സകാത്ത് നൽകാൻ നിന്നെ ഞാൻ വകാലത്താക്കി; റമളാൻ പ്രവേശിച്ചാൽ നീ അത് നൽകണം' എന്നിങ്ങനെ റമളാനിനു മുമ്പു തന്നെ വകാലത്താക്കിയാൽ ആ വകാലത്ത് സ്വഹീഹാണെന്നും സ്വഹീഹല്ലെന്നും അഭിപ്രായമുണ്ട്. സ്വഹീഹല്ലെന്നതനുസരിച്ചും ഏൽപ്പിക്കപ്പെട്ടവൻ അത് റമളാനിൽ നൽകിയാൽ സകാത്ത് വീടുന്നതാണെന്നും വകാലത്ത് ബാത്വിലാണെങ്കിലും അതുൾക്കൊള്ളുന്ന സമ്മതം സ്വീകാര്യമാണെന്നും ഇമാമുകൾ വ്യക്തമാക്കിയിരിക്കുന്നു. (തുഹ്ഫ 5/312 നിഹായ 5/29)

ചുരുക്കത്തിൽ ഉള്ഹിയ്യത്തിന്റെ സമയമാകുന്നതിനു മുമ്പുള്ള വകാലത്ത് ബാത്വിലാണെന്നു വന്നാൽപോലും ഏൽപ്പിക്കപ്പെട്ടവൻ ഏൽപ്പിച്ചവനു വേണ്ടി ഉള്ഹിയ്യത്ത് നിർവ്വഹിച്ചാൽ അത് ഏൽപിച്ചവനുള്ള ഉള്ഹിയ്യത്തായി പരിഗണിക്കപ്പെടുന്നതാണ്.

പൊതുവെ, കർമ്മം നിർവ്വഹിക്കുന്നിടത്തെ സമയം പരിഗണിക്കുകയാണ് വേണ്ടത്. അതനുസരിച്ച് വിദേശത്തുള്ളവർക്കു വേണ്ടിയാണെങ്കിലും ഇവിടെ വെച്ച് ഉള്ഹിയ്യത്ത് നടത്തുകയാണെങ്കിൽ ഇവിടുത്തെ സമയമനുസരിച്ച് നടത്തിയാൽ അവർക്കുള്ള ഉള്ഹിയ്യത്തായി വീടുന്നതാണ്.

***ചോദ്യം: ദുൽഹജ്ജ് ആദ്യ പത്തിൽ ഉള്ഹിയ്യത്ത് മൃഗങ്ങളെ കാണുമ്പോൾ തക്ബീർ ചൊല്ലൽ സുന്നത്താണല്ലോ. ഇതിന്റെ ഉദ്ദേശ്യം ഉള്ഹിയ്യത്തിനായി വാങ്ങിയ മൃഗത്തെ കാണുമ്പോൾ എന്നാണോ? അല്ല, എല്ലാ ആട്, മാട്, ഒട്ടകങ്ങളെയും കാണുമ്പോൾ തക്ബീർ സുന്നത്താണോ?***

**ഉത്തരം:** ഉള്ഹിയ്യത്തിനുള്ള താവണമെന്നില്ല; ആട്, മാട്, ഒട്ടകങ്ങളിൽപ്പെട്ട മൃഗത്തെ കാണുമ്പോഴും അവയുടെ ശബ്ദം കേൾക്കുമ്പോഴും തക്ബീർ സുന്നത്താണ്. ശൈഖ് മഖ്ദൂം(റ) എഴുതുന്നു: ദുൽഹിജ്ജ ആദ്യപത്തിൽ ആട്, മാട്, ഒട്ടകങ്ങളിൽപ്പെട്ട മൃഗത്തെ കാണുമ്പോഴും അതിന്റെ ശബ്ദം കേൾക്കുമ്പോഴും തക്ബീർ സുന്നത്തുണ്ട്. (ഫത്ഹുൽമുഈൻ)



***ചോദ്യം: മാസപ്പിറ കണ്ടതായി സാക്ഷികൾ പറഞ്ഞതിനാൽ ഖാളി നോമ്പോ പെരുന്നാളോ ഉറപ്പിച്ചു. പക്ഷേ, ആ സാക്ഷികൾ കളവു പറഞ്ഞതാണെന്ന് നമുക്കറിയാമെങ്കിൽ ആ ഖാളിയുടെ തീരുമാനപ്രകാരം നമുക്ക് നോമ്പ് നിർബന്ധമാകുമോ?***

**ഉത്തരം:** സാക്ഷിമൊഴിയുടെ അടിസ്ഥാനത്തിൽ ഖാളി വിധി പ്രസ്താവിച്ചതിനുശേഷം അത് സംബന്ധമായുള്ള സംശയങ്ങൾക്ക് പരിഗണനയില്ല. ഖാളിയുടെ വിധി സ്വീകരിച്ചു പ്രവർത്തിക്കൽ നിർബന്ധമാണ്. എന്നാൽ, ഖാളി അവലംബിച്ച സാക്ഷികൾ ഫാസിഖുകളാണെന്നോ അവർ കളവു പറഞ്ഞതാണെന്നോ അറിയുന്നവർ ആ വിധി സ്വീകരിക്കൽ നിർബന്ധമില്ല. അവർക്ക് നോമ്പ് നിർബന്ധമില്ല. ഇമാം ഇബ്നുഹജർ(റ) തുഹ്ഫ 3/379 ലും ഇമാം റംലി(റ) നിഹായ 3/153 ലും ഇക്കാര്യം പറഞ്ഞിട്ടുണ്ട്.

***ചോദ്യം: ഉള്ഹിയ്യത്തിന്റെ ഏഴ് ഓഹരികളിൽ ഒരു ഓഹരിയുടെ പണം ഒരു അമുസ്‌ലിം തരാമെന്ന് പറയുന്നു. അത് സ്വീകരിക്കാമോ? അമുസ്‌ലിമിന്റെ ഉള്ഹിയ്യത്ത് ശരിയാകുമോ? ശരിയാവുകയില്ലെങ്കിൽ മറ്റുള്ള ആറു പേരുടെ ഉള്ഹിയ്യത്ത് നഷ്ടപ്പെടുമോ? അദ്ദേഹത്തിന്റെ വിഹിതമായ മാംസം അദ്ദേഹത്തിനോ മറ്റു അമുസ്‌ലിംകൾക്കോ നൽകാമോ?***

**ഉത്തരം:** ഏഴുപേരിൽ ഒരാൾ അമുസ്‌ലിമാണെന്നത് ഉള്ഹിയ്യത്തിന് തടസ്സമല്ല. ആറുപേരുടെ ഉള്ഹിയ്യത്തിനെ അത് ബാധിക്കുകയില്ല. അവർ നിയമാനുസൃതം നിയ്യത്ത് ചെയ്തിട്ടുണ്ടെങ്കിൽ അവർക്ക് ഉള്ഹിയ്യത്ത് ലഭിക്കുന്നതാണ്. അമുസ്‌ലിമിന്റെ ഏഴിലൊന്നിന് ഉള്ഹിയ്യത്തിന്റെ വിധിയില്ല. അറവിനു ശേഷം അദ്ദേഹത്തിന്റെ ഏഴിലൊന്ന് വേർതിരിച്ചു നൽകിയാൽ അത് അദ്ദേഹത്തിന് ഭക്ഷിക്കുകയോ മറ്റാർക്കെങ്കിലും നൽകുകയോ ചെയ്യാം. മൃഗത്തിൽ അമുസ്‌ലിമിന് പങ്കുണ്ടെന്നത് ഉള്ഹിയ്യത്തിനെ ബാധിക്കുകയില്ലെന്ന് ശാഫിഈ ഫിഖ്ഹ് ഗ്രന്ഥങ്ങളിൽ നിന്ന് വ്യക്തമാണ്. (ഹാശിയതുൽ ബാജൂരി 2-445)

ആത്മികം

മുഹമ്മദ് ആസിം വിളയൂർ

# ശുക്ർ: സൗഭാഗ്യങ്ങളുടെ അളവുകോൽ

എണ്ണിത്തിട്ടപ്പെടുത്താനാവാത്ത വിധം പരകോടി അനുഗ്രഹങ്ങൾക്കു വിധേയനാണ് ഓരോ മനുഷ്യനും. 'അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നിങ്ങൾക്ക് എണ്ണിക്കണക്കാക്കാനാവില്ല'(സൂറത്തുന്നഹ്ൽ: 18) എന്നാണ് ഖുർആൻ അധ്യാപനം. ആയുഷ്കാലം മുഴുവൻ നന്ദി പ്രകടിപ്പിച്ചാലും തീരാത്തത്ര കടപ്പാടുകൾ സ്രഷ്ടാവിനോട് നമുക്കുണ്ട്. അതുകൊണ്ടു തന്നെ സാധ്യമാം വിധം കൃതജ്ഞത പ്രകടിപ്പിക്കൽ ഓരോ മനുഷ്യന്റെയും ബാധ്യതയാണ്. ശുക്റിന്റെ പ്രാധാന്യവും പ്രായോഗികതയും നന്ദികേടിന്റെ പരിണിതഫലവുമെല്ലാം ഖുർആനും ഹദീസും സവിസ്തരം ബോധ്യപ്പെടുത്തുന്നുണ്ട്.

'നിങ്ങൾ അല്ലാഹുവിനെ മാത്രം ആരാധിക്കുന്നവരാണെങ്കിൽ അവനോട് നന്ദി കാണിക്കുക' എന്നാണ് സൂറത്തുൽബഖറ 172-ാം വചനം. സത്യസന്ധമായി അല്ലാഹുവിനെ ആരാധിക്കുന്നവരുടെ ലക്ഷണമാണ് ശുക്റെന്ന് ഈ സൂക്തം വ്യക്തമാക്കുന്നു.

കാലിൽ നീരുകെട്ടി വീർത്ത നിലയിൽ കണ്ണീരൊഴുക്കി നിസ്കരിക്കുന്ന മുത്ത്നബി(സ)യെ കണ്ട് ആഇശ(റ) ചോദിച്ചപ്പോൾ 'ഞാൻ നന്ദിയുള്ള ഒരു അടിമയാവേണ്ടേ' എന്നായിരുന്നു തിരുദൂതരുടെ പ്രതികരണം.

## അനുഗ്രഹങ്ങളിലെ ഏറ്റക്കുറച്ചിലുകൾ

ലൗകികമോ പാരത്രികമോ ആയ അനുഗ്രഹങ്ങൾ ജീവിതത്തിൽ നിന്ന് നീങ്ങിപ്പോയവർക്ക് അവ തിരികെ ലഭിക്കാനുള്ള മാർഗ്ഗത്തെ സംബന്ധിച്ച് താജുദ്ദീനുസ്സുബ്കി(റ)വിനോട് ഒരിക്കൽ ചോദിച്ചപ്പോൾ മഹാൻ പ്രതികരിച്ചത് ഇങ്ങനെ: 'എവിടെയാണ് പിഴച്ചതെന്ന് ആത്മപരിശോധന നടത്തി അതിൽനിന്ന് തൗബ ചെയ്തു മടങ്ങുക, അല്ലാഹുവിന്റെ പരീക്ഷണത്തിൽ ഭംഗിയായി ക്ഷമിക്കുക, വിനയപൂർവ്വം പ്രാർത്ഥിക്കുക.' അനുഗ്രഹങ്ങൾക്ക് പ്രത്യുപകാരമായി ചെയ്യേണ്ട നന്ദിപ്രകടനത്തിൽ ഭംഗം വരുത്തിയതാണ് ആദ്യം പരാമർശിക്കപ്പെട്ട, അനുഗ്രഹങ്ങൾ നീങ്ങിപ്പോയതിന്റെ കാരണമെന്ന് ബോധപ്പെടും. അനുഗ്രഹങ്ങൾ ലഭിച്ചിട്ട് അതിന് ശുക്ർ ചെയ്തില്ലെങ്കിൽ അത് ജീവിതത്തിൽ നിന്ന് നീങ്ങിപ്പോവാൻ സാധ്യത കൂടുതലാണെന്ന് ഇമാം സുബ്കി(റ) പഠിപ്പിക്കുന്നു.

ആഢംബരത്തിൽ മുഴുകി അല്ലാഹുവിനെ മറന്ന ഖാറൂന്റെയും വരദാനമായി ലഭിച്ച മഹത്തായ പദവി സ്വർണനാണയത്തുട്ടുകൾക്ക് മുമ്പിൽ അടിയറവ് വെച്ച ബൽആമുബ്നു ബാഊറയുടെയും കഥകളിലൂടെ നന്ദികേടിന്റെ പരിണതി എത്രത്തോളം ഭീതിതമാണെന്ന് ഖുർആൻ വ്യക്തമാക്കുന്നു.

ശുക്ർ ഇല്ലാതിരിക്കുമ്പോൾ അനുഗ്രഹം നീങ്ങിപ്പോകും എന്നതുപോലെ ശുക്ർ ചെയ്യുമ്പോൾ അവയിൽ വർദ്ധനവ് ഉണ്ടാവുകയും ചെയ്യും. 'നന്ദികാണിച്ചാൽ തീർച്ചയായും ഞാൻ നിങ്ങൾക്ക് (അനുഗ്രഹം) വർദ്ധിപ്പിച്ചുതരുന്നതാണ്' എന്ന് അല്ലാഹു സൂറത്തു ഇബ്റാഹീമിൽ വ്യക്തമാക്കിയിട്ടുണ്ട്. മഹാനായ സുബ്കി ഇമാം ഈ ആയത്ത് സംബന്ധമായി നടത്തിയ നിരീക്ഷണം ശ്രദ്ധേയമാണ്: ഐശ്വര്യം, പാപമോചനം, വിളിക്ക് ഉത്തരം നൽകൽ, രിസ്ഖ് നൽകൽ എന്നിവ പരാമർശിക്കുമ്പോൾ ഖുർആനിൽ 'അവൻ ഉദ്ദേശിച്ചിച്ചവർക്ക്' അല്ലെങ്കിൽ 'അവൻ ഉദ്ദേശിച്ചാൽ' എന്നിങ്ങനെയുള്ള ഉപാധികൾ പറഞ്ഞതായി കാണാം. എന്നാൽ ശുക്ർ ചെയ്യുന്നവർക്ക് വർധിപ്പിച്ചുനൽകും എന്നിടത്ത് അല്ലാഹുവിന്റെ ഉദ്ദേശ്യം ഒരു ഉപാധിയായി പറയുന്നില്ല.

അനുഗ്രഹങ്ങളുടെയെല്ലാം യഥാർത്ഥ ഉറവിടം അല്ലാഹുവാണെന്നും അവന്റെ ഔദാര്യമാണ് സർവ്വ അനുഗ്രഹങ്ങളുമെന്ന തിരിച്ചറിവാണ് ഖൽബ് കൊണ്ടുള്ള ശുക്റ്. മഹാനായ മൂസാനബി(അ) ത്വൂരിസീനാ പർവ്വതത്തിൽ നിന്ന് അല്ലാഹുവിനോട് പറഞ്ഞു: 'ഞാൻ നിസ്കരിക്കുന്നത് നിന്റെ ഔദാര്യമാണ്, ഞാൻ ദാനധർമ്മം ചെയ്യുന്നതും നിന്റെ ഔദാര്യമാണ്, നിന്റെ സന്ദേശം എത്തിച്ചുകൊടുക്കാൻ എനിക്കു കഴിയുന്നതും നിന്റെ ഔദാര്യം കൊണ്ടാണ്. പിന്നെങ്ങനെയാണ് നിനക്ക് ഞാൻ ശുക്ർ ചെയ്യേണ്ടത്?'

അല്ലാഹു പറഞ്ഞു: 'മൂസാ നബിയേ, ഇപ്പോൾ നീ എനിക്ക് ശുക്റ് ചെയ്തിരിക്കുന്നു.' അനുഗ്രഹങ്ങളെല്ലാം അല്ലാഹുവിൽ നിന്നാണെന്ന് തിരിച്ചറിഞ്ഞ് അവനെ സ്തുതിക്കലാണ് ശുക്ർ. ആപൽഘട്ടങ്ങളിൽ സഹായഹസ്തവുമായി വരുന്നവർ, പട്ടിണി അകറ്റുന്നവർ തുടങ്ങി ഒരുപാട് നല്ല മനുഷ്യരെ നാം ജീവിതത്തിൽ കണ്ടിട്ടുണ്ടാവും. അവരോട് വലിയ കടപ്പാടുണ്ടായിരിക്കണം. എന്നാൽ, ഇത്തരം ആളുകളെ ദൈവസമാനരായി കാണുകയും അല്ലാഹുവിനെ മറന്നുപോവുകയും ചെയ്യുന്ന അവസ്ഥയുണ്ടാകരുത്.


അവരെ നമ്മിലേക്കെത്തിച്ചതും അവരുടെ മനസ്സിൽ നമ്മെ സഹായിക്കാനുള്ള പ്രേരണയുണർത്തിയതുമെല്ലാം സ്രഷ്ടാവായ അല്ലാഹുവാണ്. അല്ലാഹുവിന്റെ സഹായം കൊണ്ടല്ലാതെ സ്വന്തം ശരീരത്തിനു പോലും ഒന്നും ചെയ്യാൻ കഴിയുകയില്ല. അതിനാൽ, സൃഷ്ടികളിൽ നിന്ന് ലഭിക്കുന്ന സഹായങ്ങളുടെയെല്ലാം യഥാർത്ഥ ദാതാവ് അല്ലാഹുവാണെന്നും അവനോട് കൂടെ മറ്റൊരാളെ പങ്കാളിയാക്കൽ നന്ദികേടാണെന്നുമുള്ള ബോധം അത്യാവശ്യമാണ്.

നമ്മെ സഹായിക്കുന്നവരോട് നന്ദികാണിക്കരുതെന്നല്ല ഈ പറഞ്ഞതിന്റെ അർത്ഥം. നബി(സ) പറയുന്നു: 'ജനങ്ങളോട് നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോട് നന്ദി കാണിക്കുകയില്ല.' ജനങ്ങളുടെ സഹായത്തിന് കൃതജ്ഞത അറിയിക്കൽ കൂടുതൽ സൽകർമ്മങ്ങൾ ചെയ്യാൻ അവരെ പ്രേരിപ്പിക്കുന്നതുകൊണ്ടും അതിൽ അല്ലാഹുവിന്റെ കല്പനയുള്ളതുകൊണ്ടും അവരോട് നന്ദി കാണിക്കണം. എന്നാൽ യഥാർത്ഥത്തിൽ അനുഗ്രഹം ചെയ്യുന്നത് അവരാണെന്ന വിശ്വാസത്തോടെയാവരുത്.

ജീവിതത്തിൽ ലഭിച്ച അനുഗ്രഹങ്ങൾ നീങ്ങിപ്പോകാൻ കാരണമാകുന്ന മറ്റൊരു പ്രവൃത്തിയാണ് അനുഗ്രഹങ്ങളെ നിസ്സാരപ്പെടുത്തൽ. 'ഞാൻ അല്ലാഹുവിൽ നിന്നുള്ള ഒരനുഗ്രഹത്തിനും അർഹനല്ലെന്ന ബോധ്യമാണ് ശുക്ർ' എന്നാണ് ജുനൈദുൽ ബഗ്ദാദി(റ) പറഞ്ഞത്. പ്രപഞ്ചം മുഴുവൻ നിയന്ത്രിച്ചു പരിപാലിക്കുന്ന അല്ലാഹു നിസ്സാരനായ തന്റെ ദാസനെ പരിഗണിച്ചുവെന്ന ബോധ്യം ഒരനുഗ്രഹത്തെ പോലും ചെറുതാക്കിക്കാണാൻ നമ്മെ അനുവദിക്കില്ല.

ഇമാം സുബ്കി(റ) ഒരു ഉപമയിലൂടെ വ്യക്തമാക്കുന്നതു നോക്കൂ: രാജാവ് പ്രജകളിൽ ചിലർക്ക് കുതിരകളെ സമ്മാനമായി നൽകിയെന്നു കരുതുക. മൂന്നു രൂപത്തിൽ അതിൽ സന്തോഷം പ്രകടിപ്പിക്കുന്നവരുണ്ടാവും. രാജാവിനൊപ്പം യാത്ര ചെയ്യാനും സേവനം ചെയ്യാനും രാജാവിനോട് കൂടുതൽ അടുക്കാനും

ആപൽഘട്ടങ്ങളിൽ സഹായഹസ്തവുമായി വരുന്നവർ, പട്ടിണി അകറ്റുന്നവർ തുടങ്ങി ഒരുപാട് നല്ല മനുഷ്യരെ നാം ജീവിതത്തിൽ കണ്ടിട്ടുണ്ടാവും. അവരോട് വലിയ കടപ്പാടുണ്ടായിരിക്കണം. എന്നാൽ, ഇത്തരം ആളുകളെ ദൈവസമാനരായി കാണുകയും അല്ലാഹുവിനെ മറന്നുപോവുകയും ചെയ്യുന്ന അവസ്ഥയുണ്ടാകരുത്. അവരെ നമ്മിലേക്കെത്തിച്ചതും അവരുടെ മനസ്സിൽ നമ്മെ സഹായിക്കാനുള്ള പ്രേരണയുണർത്തിയതുമെല്ലാം സ്രഷ്ടാവായ അല്ലാഹുവാണ്.



അത് ഒരു മാർഗമായല്ലോ എന്ന ചിന്തയിൽ സന്തോഷിക്കുന്നവരാണ് ഒന്നാം വിഭാഗം. ഇവരാണ് ഉത്തമ വിഭാഗം. രാജാവ് എന്നെ പരിഗണിച്ചല്ലോ എന്ന ചിന്തയിൽ സന്തോഷിക്കുന്നവരാണ് രണ്ടാം വിഭാഗം. സഞ്ചരിക്കാൻ ഒരു വാഹനമായല്ലോ എന്നു മാത്രം കരുതി സന്തോഷിക്കുന്നവരാണ് മൂന്നാം വിഭാഗം. സ്വാഭാവികമായും രാജാവിന്റെ കൂടുതൽ സ്നേഹവും പരിഗണനയുമുണ്ടാവുക ആദ്യ രണ്ടു വിഭാഗങ്ങൾക്കാണ്. കാരണം, നൽകപ്പെട്ട വസ്തു എന്തുതന്നെയായാലും അതിലേക്ക് നോട്ടമില്ലാതെ നൽകിയയാളുടെ മഹത്വം മനസ്സിലാക്കി വിനയാന്വിതരാവുകയാണ് അവർ ചെയ്തത്. നേർവിപരീതമാണ് മൂന്നാം വിഭാഗത്തിന്റെ അവസ്ഥ.

ഈ മൂന്ന് വിഭാഗങ്ങളുടെയും മനോഭാവം രാജാവ് അറിയുകയാണെങ്കിൽ സ്വാഭാവികമായും ആദ്യ രണ്ട് വിഭാഗത്തിനു കൂടുതൽ പരിഗണനയും സ്നേഹവും നൽകുകയും മൂന്നാമത്തവരോട് നീരസം പ്രകടിപ്പിക്കുകയും ചെയ്യും.

## അനുഗ്രഹങ്ങൾ പറയാം

അല്ലാഹുവിനോട് ശുക്ർ ചെയ്യേണ്ട മറ്റൊരു മാർഗ്ഗമാണ് അല്ലാഹു തന്ന ഔദാര്യങ്ങൾ എടുത്തുപറയുക എന്നത്. 'അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ പറയൽ ശുക്റാണ്' എന്ന് നബി(സ) പഠിപ്പിച്ചിട്ടുണ്ട്. സൂറത്തുള്ളുഹായുടെ അവസാന സൂക്തത്തിൽ അല്ലാഹു കൽപ്പിക്കുന്നു: 'നിന്റെ രക്ഷിതാവിന്റെ അനുഗ്രഹങ്ങളെ പറയുക.' എന്നാൽ, ഇത് ലോകമാന്യത്തിനോ പ്രശംസക്കോ വേണ്ടിയാകരുത്. അല്ലാഹുവിനെ സ്തുതിക്കുക എന്ന ചിന്തയിൽ മാത്രമാവണം. സച്ചരിതരായ പല പണ്ഡിതരും അല്ലാഹു ചെയ്തുതന്ന അനുഗ്രഹങ്ങളെക്കുറിച്ച് ദീർഘനേരം സംസാരിക്കാറുണ്ടായിരുന്നുവെന്ന് കിതാബുകളിൽ കാണാം. മഹാനായ സുയൂത്വി ഇമാം(റ) തനിക്ക് ലഭിച്ച അനുഗ്രഹങ്ങളെ സംബന്ധിച്ച് ഒരു ഗ്രന്ഥം തന്നെ രചിച്ചു. ജീവിതത്തിലെ സൗഭാഗ്യഘട്ടങ്ങളിൽ അല്ലാഹുവിനെ സ്തുതിക്കലും അവനോടുള്ള ശുക്റാണ്.

അനസ്(റ) നിവേദനം ചെയ്ത ഹദീസിൽ കാണാം. നബി(സ) പറഞ്ഞു: 'അടിമ ഒരു പിടി ഭക്ഷണം കഴിക്കുമ്പോഴും ഒരു തുള്ളി പാനം ചെയ്യുമ്പോഴും അല്ലാഹുവിനെ സ്തുതിക്കുകയാണെങ്കിൽ (അൽഹംദുലില്ലാഹ് എന്ന് പറയുകയാണെങ്കിൽ), തീർച്ചയായും അല്ലാഹു അവനെ തൃപ്തിപ്പെടും.' ജീവിതത്തിലെ എല്ലാ സന്തോഷ നിമിഷങ്ങളിലും 'അൽഹംദുലില്ലാഹ്' എന്ന് പറയുന്ന ശീലം നാം വളർത്തിയെടുക്കണം.

സൂറത്തുള്ളുഹായുടെ അവസാന സൂക്തത്തിൽ അല്ലാഹു കൽപ്പിക്കുന്നു: 'നിന്റെ രക്ഷിതാവിന്റെ അനുഗ്രഹങ്ങളെ പറയുക.' എന്നാൽ, ഇത് ലോകമാന്യത്തിനോ പ്രശംസക്കോ വേണ്ടിയാകരുത്. അല്ലാഹുവിനെ സ്തുതിക്കുക എന്ന ചിന്തയിൽ മാത്രമാവണം. സച്ചരിതരായ പല പണ്ഡിതരും അല്ലാഹു ചെയ്തുതന്ന അനുഗ്രഹങ്ങളെക്കുറിച്ച് ദീർഘനേരം സംസാരിക്കാറുണ്ടായിരുന്നുവെന്ന് കിതാബുകളിൽ കാണാം. മഹാനായ സുയൂത്വി ഇമാം(റ) തനിക്ക് ലഭിച്ച അനുഗ്രഹങ്ങളെ സംബന്ധിച്ച് ഒരു ഗ്രന്ഥം തന്നെ രചിച്ചു.

## കർമങ്ങളിലെ ശുക്ർ

അനുഗ്രഹങ്ങൾ ചെയ്തുതന്ന അല്ലാഹുവിന്റെ കല്പനകൾക്ക് വഴിപ്പെടുകയും അനുസരിക്കുകയും നിരോധങ്ങൾ ഒഴിവാക്കുകയും ചെയ്യലാണ് കർമ്മങ്ങൾ കൊണ്ടുള്ള ശുക്ർ. ഇത് ഓരോ അനുഗ്രഹത്തിനനുസരിച്ചും വ്യത്യസ്തമായിരിക്കും. അനുഗ്രഹങ്ങൾ നൽകുന്നതു കൊണ്ട് അല്ലാഹു ഉദ്ദേശിക്കുന്നതെന്താണോ ആ വഴിയിൽ മാത്രം അവയെ വിനിയോഗിക്കുമ്പോഴാണ് ശുക്റാവുന്നത്. കാഴ്ചയും കേൾവിയുമുള്ള മനുഷ്യർ നിഷിദ്ധമായവ കാണുകയും കേൾക്കുകയും ചെയ്യാതെ അല്ലാഹുവിന്റെ മാർഗത്തിൽ അവ വിനിയോഗിക്കൽ അത്യാവശ്യമാണ്. ഹറാമായ ദൃശ്യങ്ങൾ കാണുന്നതോടൊപ്പം രണ്ട് കണ്ണുകൾ തന്നതിന് ശുക്റായി എല്ലാ രാത്രിയിലും രണ്ടു റക്അത്ത് നിസ്കരിച്ചാൽ അത് യഥാർത്ഥ ശുക്റാവുകയില്ല. ഭരണാധികാരംകൊണ്ട് അല്ലാഹു ഒരാളെ അനുഗ്രഹിച്ചിട്ടുണ്ടെങ്കിൽ അതിന് നന്ദിയായി അയാൾ ഭരണകാര്യങ്ങളിൽ ശ്രദ്ധിക്കണം. അതിനു തയ്യാറാവാതെ ആരാധനനിമഗ്നരായി കഴിഞ്ഞു കൂടിയാൽ മതിയാവില്ല; നീതിപൂർവമായ ഭരണം നടപ്പിലാക്കിക്കൊണ്ടാകണം അതിനുള്ള നന്ദിപ്രകടനം. സമ്പന്നരും പണ്ഡിതരും സ്വാർത്ഥ താല്പര്യങ്ങളിൽ നിന്നു മാറി സമൂഹത്തിന് ഉപകാരം ചെയ്യുമ്പോഴാണ് കടമ നിറവേറ്റുന്നത്. മഹാനായ സുബ്കി ഇമാം(റ) 'മുഈദുന്നിഅം വ മുബീദുന്നിഖം' എന്ന ഗ്രന്ഥത്തിൽ പല മേഖലയിലുമുള്ള ആളുകൾ എങ്ങനെയാണ് കടപ്പാടുകൾ നിറവേറ്റേണ്ടതെന്നതിനെ പറ്റി വിവരിച്ചിട്ടുണ്ട്.

ചുരുക്കത്തിൽ, നമ്മുടെ മനസ്സും സംസാരവും പ്രവർത്തനങ്ങളുമെല്ലാം അല്ലാഹുവിനോടുള്ള കടപ്പാടുകൾ നിറവേറ്റുന്നതാവണം. അതിന് തൗഫീഖ് ലഭിക്കൽ മറ്റൊരനുഗ്രഹമാണ്.

ചോദ്യോത്തരം/ ഹനഫീ

ഡോ. അബ്ദുൽ ഹകീമിൽ കനാഫലി

# ത്വലാഖും മഹ്റും

***ചോദ്യം: നഷ്ടപ്പെട്ട വിത്ർ നിസ്കാരം ഖളാഅ് വീട്ടണ്ട തുണ്ടോ?***
***നസ്വീറ ജലാൽ, കാഞ്ഞിരപ്പള്ളി***

**ഉത്തരം:** അതേ. അഞ്ചു നേരത്തെ നിസ്കാരങ്ങൾ, വിത്ർ നിസ്കാരം എന്നിവയിൽ ഏതെങ്കിലുമൊന്ന് സമയത്ത് നിർവഹിച്ചിട്ടില്ലെങ്കിൽ പിന്നീട് ഖളാഅ് വീട്ടൽ നിർബന്ധമാണ്. (അൽഫിഖ്ഹുൽ ഹനഫി വ അദില്ലതുഹു 1/219)

***ചോദ്യം: രോഗം, വാർദ്ധക്യം എന്നീ കാരണങ്ങളാൽ നഷ്ടപ്പെട്ട നോമ്പ് ഖളാഅ് വീട്ടിയാൽ മതിയോ? അതിനോടൊപ്പം ഫിദ്‌യ കൊടുക്കേണ്ടതുണ്ടോ? ഉണ്ടെങ്കിൽ എത്രയാണ് കൊടുക്കേണ്ടത്?***
***സുമയ്യ നാസർ, വൈക്കം.***

**ഉത്തരം:** നഷ്ടപ്പെട്ട നോമ്പ് ഖളാഅ് വീട്ടിയാൽ മതി. ഖളാഅ് വീട്ടാൻ കഴിഞ്ഞില്ലെങ്കിൽ ഒരു നോമ്പിന് ഒരു മുദ്ദ് എന്ന നിലയിൽ ദാനം ചെയ്യണം. (അല്ലുബാബ് പേ:168, റദ്ദുൽ മുഹ്താർ 3/404-405)

***ചോദ്യം: വിവാഹമോചനം നടന്നാൽ വധുവിന് ലഭിച്ച മഹ്ർ തിരികെ കൊടുക്കേണ്ടതുണ്ടോ?***
***സ്വലാഹുദ്ദീൻ, കൽപ്പറ്റ***

**ഉത്തരം:** ഏറ്റവും ചുരുങ്ങിയ മഹ്ർ പത്ത് ദിർഹം (പഴയകാല വെള്ളിനാണയം) ആണ്. (ഇത് 35 ഗ്രാം വെള്ളിക്ക് തുല്യമാണ്. ഫിഖ്ഹുൽ ഇബാദാത്ത് പേ. 160) ഇത്രയും വെള്ളിക്ക് തുല്യമോ ഇതിനെക്കാൾ അധികമോ വില വരുന്ന വസ്തുവാണ് മഹ്ർ ആയി പറഞ്ഞിട്ടുള്ളതെങ്കിൽ ഭാര്യയുമായി ശാരീരികബന്ധം പുലർത്തുകയോ ഭാര്യഭർത്താക്കന്മാർ ശാരീരികബന്ധം നടത്താൻ സൗകര്യപ്രദമാകും വിധം ഒരിടത്ത് തനിച്ചാവുകയോ ചെയ്തതിനുശേഷം അവരിലൊരാൾ മരണപ്പെടുകയോ ത്വലാഖ് ചൊല്ലുകയോ ചെയ്താൽ അത് പൂർണ്ണമായും ഭാര്യയുടെ അവകാശമാണ്. ശാരീരികബന്ധം പുലർത്തുന്നതിനും രണ്ടാളും ഒരു സ്ഥലത്ത് തനിച്ചാകുന്നതിനും മുമ്പ് ത്വലാഖ് നടന്നാൽ മഹ്റിന്റെ പകുതി ഭാര്യക്ക് അവകാശപ്പെട്ടതും ബാക്കി പകുതി തിരിച്ചു കൊടുക്കേണ്ടതുമാണ്. എന്നാൽ, 35 ഗ്രാം വെള്ളിയുടെ വിലയെക്കാൾ കുറവുള്ള വസ്തുവാണ് മഹ്റായി പറഞ്ഞിട്ടുള്ളതെങ്കിൽ 10 ദിർഹം (35 ഗ്രാം) വെള്ളിയുടെ വിലക്ക് തുല്യമായത് മഹ്റായി നൽകേണ്ടതാണ്. ശാരീരികബന്ധമോ തനിച്ചാകലോ സംഭവിച്ചതിനുശേഷം ഒരാൾ മരണപ്പെടുകയോ ത്വലാഖ് സംഭവിക്കുകയോ ചെയ്താൽ പ്രസ്തുത മഹ്ർ പൂർണ്ണമായും ഭാര്യക്കുള്ളതാണ്. ശാരീരിക ബന്ധം നടക്കുന്നതിനും തനിച്ചാകുന്നതിനും മുമ്പ് ത്വലാഖ് സംഭവിച്ചാൽ അതിന്റെ പകുതി ഭാര്യക്കുള്ളതും ബാക്കി തിരിച്ചുകൊടുക്കേണ്ടതുമാണ്.

എന്നാൽ, മഹ്ർ പറയാതെയോ മഹ്ർ ഇല്ലെന്ന് പറഞ്ഞുകൊണ്ടോ നികാഹ് നടന്ന ശേഷം ശാരീരികബന്ധമോ തനിച്ചാകലോ ഉണ്ടായതിനു ശേഷം ഒരാൾ മരണപ്പെടുകയോ ത്വലാഖ് സംഭവിക്കുകയോ ചെയ്താൽ അവളുടെ തുല്യനിലയിലുള്ള സ്ത്രീകൾക്ക് ലഭിക്കുന്ന മഹ്റാണ് നൽകേണ്ടത്. ശാരീരികബന്ധത്തിനും തനിച്ചാകലിനും മുമ്പ് ത്വലാഖ് സംഭവിച്ചാൽ മുത്അത്ത് എന്ന മൂന്ന് വസ്ത്രമാണ് അവളുടെ അവകാശം. ശരീരം മറയ്ക്കുന്നത്, തല മറയ്ക്കുന്നത്, തലയുടെ ഉച്ചി മുതൽ കാൽപാദം വരെ മറയ്ക്കുന്നത് എന്നിവയാണ് ആ മൂന്ന് വസ്ത്രങ്ങൾ. (അല്ലുബാബ് 420-421)

***ചോദ്യം: സൂക്ഷിക്കാനേൽപ്പിച്ച സ്വർണ്ണത്തിന് ഏൽപ്പിക്കപ്പെട്ടയാൾ സകാത്ത് നൽകേണ്ടതുണ്ടോ?***
***ഹാജറ, ചിറയിൻകീഴ്***

ഉത്തരം: ഇല്ല. സകാത്ത് നിർബന്ധമാകുന്ന നിശ്ചിതസ്വത്തിന്റെ പൂർണ്ണമായ ഉടമസ്ഥാവകാശമുള്ളയാൾക്കാണ് സകാത്ത് നിർബന്ധമാകുന്നത്. (അല്ലുബാബ് പേ. 149)

***ചോദ്യം: പെരുന്നാളും ജുമുഅയും ഒന്നിച്ചുവന്നാൽ***

***ജുമുഅ നിർബന്ധമില്ലെന്ന് ഒരു പ്രഭാഷണത്തിൽ കേട്ടു. ഹനഫീ മദ്ഹബിൽ എന്താണ് നിയമം?***

***മുബശ്ശിർ, ഏറ്റുമാനൂർ***

**ഉത്തരം:** ചെറിയ പെരുന്നാളോ വലിയ പെരുന്നാളോ വെള്ളിയാഴ്ച ആയാൽ രണ്ടു നിസ്കാരവും നിർവഹിക്കേണ്ടതാണ്. ഒന്നിനെയും ഉപേക്ഷിക്കാൻ പാടില്ല. (അൽഇനായ ശർഹുൽ ഹിദായ 2/418)

***ചോദ്യം: ദീനീസ്ഥാപനങ്ങളിലെ റസീവർമാർക്ക് ലഭിക്കുന്ന കളക്ഷൻ തുകയ്ക്ക് നിശ്ചിത ശതമാനം കമ്മീഷൻ നൽകുന്നതിന്റെ വിധിയെന്താണ്?***

***കമാലുദ്ദീൻ, ഒറ്റപ്പാലം***

ഉത്തരം: റസീവർമാർ ചെയ്യുന്ന ജോലിയുടെ കൂലിയായിട്ടാണല്ലോ കളക്ഷൻ തുകയുടെ നിശ്ചിത വിഹിതം നൽകുന്നത്. സ്ഥാപനത്തിലെ മറ്റു ജോലിക്കാർക്കൊക്കെ കൂലി നൽകുന്നതുപോലെ തന്നെയാണല്ലോ ഇതും. തൊഴിലിന് കൂലി നിശ്ചയിക്കുന്ന ഇടപാട് ഇജാറത്ത്, ജിആലത്ത് എന്നിങ്ങനെ രണ്ടിനമുണ്ട്. ഇതിൽ ഒന്നാമത്തേതിൽ തൊഴിലും കൂലിയും കൃത്യമായി പറഞ്ഞു കൊണ്ടാണ് ഇടപാട് നടത്തേണ്ടത്. (അല്ലുബാബ് പേ. 177) രണ്ടാമത്തേതിൽ ജോലിയും സമയവും കൃത്യമായി നിശ്ചയിച്ച് പറയേണ്ടതില്ല. (ശർഹുൽ വിഖായഃ/ അലിയ്യുൽ ഹനഫി 4/254) കൂലി എത്രയാണെന്നറിയുകയും വേണം.

റസീവർമാർ ചെയ്യുന്ന തൊഴിൽ കൃത്യമായി എത്രയാണെന്ന് നിശ്ചയിക്കാൻ കഴിയാത്തതിനാൽ രണ്ടാമത്തെ ഇനത്തിലാണ് അവരുടെ ഇടപാട് വരുന്നത്. കൂലി പത്ത് ശതമാനം എന്ന് നിശ്ചയിച്ചാൽ ആയിരം രൂപ പിരിച്ചാൽ നൂറ് രൂപ കൂലി എന്ന് വ്യക്തമാണല്ലോ.

**ആത്മികം**

**യാസിർ കൊടുവള്ളി**



# തഹജ്ജുദിന്റെ മാധുര്യം

സ്രഷ്ടാവുമായി നടത്തുന്ന രഹസ്യസംഭാഷണങ്ങളാണ് വിശ്വാസിയുടെ ജീവിതത്തിലെ ഏറ്റവും ധന്യമായ നിമിഷങ്ങൾ. ലോകം നിദ്രയിലാകുന്ന അർദ്ധരാത്രിയുടെ അന്ത്യയാമങ്ങളിൽ, സ്രഷ്ടാവിനു മുന്നിൽ സുജൂദിൽ വീഴുന്ന മധുരമുഹൂർത്തമാണ് വിശ്വാസിക്ക് തഹജ്ജുദ്. നിർബന്ധകർമ്മങ്ങൾക്കു പുറമെ അല്ലാഹുവിന്റെ സാമീപ്യം ലഭിക്കാൻ വിശ്വാസിക്ക് ലഭിച്ച ഏറ്റവും വലിയ അനുഗ്രഹമാണത്.

തഹജ്ജുദ് പതിവാക്കുന്നവർക്ക് 'മഖാമുൻ മഹ്മൂദ്' അഥവാ, സ്തുത്യർഹമായ പദവിയുണ്ടെന്ന് വിശുദ്ധഖുർആൻ വ്യക്തമാക്കുന്നു: 'രാത്രിയിൽ നിന്ന് അല്പസമയം നീ ഉറക്കമുണർന്ന് ഖുർആൻ പാരായണത്തോടെ നിസ്ക്കരിക്കുക. അത് നിനക്ക് കൂടുതലായുള്ള ഒരു പുണ്യകർമ്മമാകുന്നു. രക്ഷിതാവ് നിന്നെ സ്തുത്യർഹമായ ഒരു സ്ഥാനത്തേക്ക് നിയോഗിച്ചേക്കാം.' (സൂറത്തുൽ ഇസ്റാഅ്: 79)

യഥാർത്ഥ വിശ്വാസികളെ വിശേഷിപ്പിച്ച് അല്ലാഹു പറയുന്നു: 'അവരുടെ പാർശ്വങ്ങൾ കിടപ്പറകളിൽ നിന്ന് വിട്ടുമാറുന്നതാണ്. അവർ തങ്ങളുടെ രക്ഷിതാവിനോട് ഭയത്തോടെയും പ്രതീക്ഷയോടെയും പ്രാർത്ഥിക്കുന്നു.' (സൂറത്തുസ്സജദ: 16)

നബി(സ) തഹജ്ജുദ് നിസ്കാരത്തിന് വലിയ പ്രാധാന്യം നൽകിയിരുന്നു. തിരുനബി(സ) പറഞ്ഞു: 'നിർബന്ധ നിസ്കാരങ്ങൾക്കു ശേഷം ഏറ്റവും ശ്രേഷ്ഠമായത് രാത്രിയുടെ യാമങ്ങളിലുള്ള നിസ്കാരമാണ്' (സ്വഹീഹ് മുസ്ലിം 1163) മറ്റൊരു ഹദീസിൽ ഇപ്രകാരം കാണാം: 'നിങ്ങൾ രാത്രി നിസ്കാരം പതിവാക്കുക, അത് പൂർവ്വസൂരികളുടെ മാതൃകയാണ്. അത് നിങ്ങളെ അല്ലാഹുവിലേക്ക് അടുപ്പിക്കുകയും തിന്മകളിൽ നിന്ന് തടയുകയും പാപങ്ങൾ പൊറുപ്പിക്കുകയും രോഗങ്ങളെ അകറ്റുകയും ചെയ്യും.' (തിർമുദി 3549)

അബ്ദുല്ലാഹിബ്നു സലാം(റ) നിവേദനം. നബി(സ) പറഞ്ഞു: 'ജനങ്ങളേ, നിങ്ങൾ സലാം വ്യാപിപ്പിക്കുക, ഭക്ഷണം നൽകുക, കുടുംബബന്ധം ചേർക്കുക, ജനങ്ങൾ ഉറങ്ങുന്ന രാത്രിനേരങ്ങളിൽ നിസ്കരിക്കുക; എങ്കിൽ നിങ്ങൾക്ക് സമാധാനത്തോടെ സ്വർഗ്ഗത്തിൽ പ്രവേശിക്കാം.' (തിർമുദി 2485) പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കുന്ന സുവർണ്ണസമയം കൂടിയാണ് തഹജ്ജുദിന്റെ സമയം.

### കേരള മുസ്‌ലിം ജമാഅത്ത്

## ഖമറുൽ ഉലമ, ബദ്‌റുസ്സാദാത്ത്, കരീം ഹാജി വീണ്ടും സാരഥികൾ

കോഴിക്കോട്: കേരള മുസ്‌ലിം ജമാഅത്ത് സംസ്ഥാന പ്രസിഡന്റായി കാന്തപുരം എപി അബൂബക്കർ മുസ്‌ലിയാരും ജന. സെക്രട്ടറിയായി ഇബ്‌റാഹീം ഖലീലുൽ ബുഖാരിയും ട്രഷററായി ചാലിയം അബ്ദുൽകരീം ഹാജിയും വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. കുറ്റ്യാടി സിറാജുൽ ഹുദായിൽ രണ്ടു ദിവസങ്ങളിലായി നടന്ന സംസ്ഥാന കൗൺസിൽ 11 വൈസ് പ്രസിഡന്റുമാരും 10 സെക്രട്ടറിമാരുമടക്കം 66 അംഗ പ്രവർത്തകസമിതിയെ തെരഞ്ഞെടുത്തു. സമസ്ത വൈസ് പ്രസിഡന്റ് കുമ്പോൽ കെ എസ് ആറ്റക്കോയ തങ്ങൾ പുനഃസംഘടനക്ക് നേതൃത്വം നൽകി.

കഴിഞ്ഞ നിയമസഭ തെരഞ്ഞെടുപ്പ് സാഹചര്യങ്ങൾ വിശദമായി വിലയിരുത്തിയ കൗൺസിൽ സംഘടനയുടെ സ്വതന്ത്രമായ രാഷ്ട്രീയ നിലപാട് തുടരുമെന്ന് വ്യക്തമാക്കി. സാമൂഹിക ക്ഷേമപദ്ധതികളുടെ സുഗമമായ തുടർച്ച ഉറപ്പുവരുത്താൻ സർക്കാർ തയ്യാറാകണമെന്ന് ആവശ്യപ്പെട്ടു. വരാനിരിക്കുന്ന ഒരു വർഷത്തേക്കുള്ള വിപുലമായ കർമ്മപദ്ധതികൾക്ക് അന്തിമരൂപം നൽകി. പ്രതിനിധി സമ്മേളനത്തിന്റെ സമാപന സംഗമം കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ ഉദ്ഘാടനം ചെയ്തു. പട്ടുവം കെ പി അബൂബക്കർ മുസ്‌ലിയാർ അധ്യക്ഷത വഹിച്ചു. വിപിഎം വില്യാപ്പള്ളി, എം എൻ കുഞ്ഞഹമ്മദ് ഹാജി, അബൂഹനീഫൽ ഫൈസി, താഴപ്ര മുഹിയുദ്ദീൻ കുട്ടി മുസ്‌ലിയാർ പ്രസംഗിച്ചു. ചർച്ചകൾക്ക് സയ്യിദ് ഇബ്‌റാഹീം ഖലീലുൽ ബുഖാരി, പേരോട് അബ്ദുറഹ്മാൻ സഖാഫി, വണ്ടൂർ അബ്ദുറഹ്മാൻ ഫൈസി മറുപടി പറഞ്ഞു.

## മുഅല്ലിംകൾ ജാഗ്രത പുലർത്തണം: വി പി എം

കോഴിക്കോട്: സമസ്തയുടെ ആശയാദർശങ്ങളും നയങ്ങളും സംരക്ഷിക്കുന്നതിൽ മുഅല്ലിംകൾ ജാഗ്രത പുലർത്തണമെന്നും കിംവദന്തികളിലും തെറ്റായ പ്രചാരണങ്ങളിലും അകപ്പെട്ടുപോകരുതെന്നും എസ് ജെ എം ട്രഷറർ വി പി എം വില്യാപ്പള്ളി. സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ ജില്ലാ പ്രസിഡന്റ്, സെക്രട്ടറിമാരുടെ സംസ്ഥാനതല സംഗമത്തിൽ അധ്യക്ഷപ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം.

സമസ്തസെന്ററിൽ നടന്ന സംഗമം 2026-27 വർഷത്തിലേക്കുള്ള വാർഷിക പ്രവർത്തനപദ്ധതി അവതരണവും വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളും ചർച്ച ചെയ്തു. സുലൈമാൻ സഖാഫി കുഞ്ഞുകുളം പദ്ധതി അവതരിപ്പിച്ചു. സി എം യൂസുഫ് സഖാഫി ഉദ്ഘാടനം ചെയ്തു. അബ്ദുറഹ്മാൻ മദനി ജപ്പു കർണാടക, അബ്ദുന്നാസിർ ഹിശാമി തമിഴ്നാട്, ഹാരിസ് നിസാമി മഹാരാഷ്ട്ര, കെ ഉമർ മദനി പാലക്കാട്, നുജൂമുദ്ദീൻ അമാനി കൊല്ലം, എസ് എം കെ തങ്ങൾ തൃശ്ശൂർ, സലീം അൽഹസനി എറണാകുളം, ബശീർ അൽഹസനി ആലപ്പുഴ, അബ്ദുൽജബ്ബാർ ബാഖവി മലപ്പുറം വെസ്റ്റ്, കുഞ്ഞീതു മുസ്‌ലിയാർ മലപ്പുറം ഈസ്റ്റ്, ശംസുദ്ദീൻ സഖാഫി കണ്ണൂർ, അബ്ദുന്നാസർ സഖാഫി കോഴിക്കോട് സൗത്ത്, സയ്യിദ് ജമലുല്ലൈലി കോഴിക്കോട് നോർത്ത്, അബ്ദുറസാഖ് സഖാഫി കാസർഗോഡ് സംസാരിച്ചു. ചെറൂപ്പ ബശീർ മുസ്‌ലിയാർ സ്വാഗതവും വി വി അബൂബക്കർ സഖാഫി നന്ദിയും പറഞ്ഞു.

## 641 മുഅല്ലിംകൾക്ക് ധനസഹായവും 14 മുഅല്ലിംകൾക്കു കൂടി ഭവനവും അനുവദിച്ചു

കോഴിക്കോട് : സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ ക്ഷേമനിധിയിൽ നിന്ന് സഹായാർഹരായ 641 മുഅല്ലിംകൾക്ക് ധനസഹായം അനുവദിച്ചു. മകളുടെ വിവാഹം, ഭവനനിർമ്മാണം, അറ്റകുറ്റപ്പണി, കിണർനിർമ്മാണം, രോഗചികിത്സ, മുഅല്ലിമിന് മഹർ, വിലാദ, ആശ്വാസധനം എന്നീ ഇനങ്ങളിലാണ് പ്രസ്തുത സഹായം അനുവദിച്ചത്. മുഅല്ലിം ഭവനപദ്ധതി രണ്ടാംഘട്ടത്തിന്റെ ഭാഗമായി 14 മുഅല്ലിംകൾക്കു കൂടി ഭവനം അനുവദിക്കുവാൻ തീരുമാനിച്ചു. ഇതു സംബന്ധമായി സമസ്ത സെന്ററിൽ ചേർന്ന ക്ഷേമനിധി ബോർഡ് യോഗത്തിൽ വിപിഎം വില്യാപ്പള്ളി അധ്യക്ഷത വഹിച്ചു. അബൂഹനീഫൽ ഫൈസി, കെ പി എച്ച് തങ്ങൾ, കുഞ്ഞുകുളം സുലൈമാൻ സഖാഫി, കെ ഉമർ മദനി, വി വി അബൂബക്കർ സഖാഫി, ചെറുപ്പ ബശീർ മുസ്‌ലിയാർ ചർച്ചകൾക്ക് നേതൃത്വം നൽകി.

## 16 മദ്റസകൾക്ക് കൂടി അംഗീകാരം

കോഴിക്കോട്: സമസ്ത കേരള സുന്നി വിദ്യാഭ്യാസ ബോർഡ് പുതുതായി 16 മദ്റസകൾക്കു കൂടി അംഗീകാരം നൽകി. മലപ്പുറം, ആലപ്പുഴ, കൊല്ലം, കാസർഗോഡ്, തിരുവനന്തപുരം ജില്ലകളിൽ നിന്നും കർണാടക, ഗൾഫ് എന്നിവിടങ്ങളിൽ നിന്നുമുള്ള മദ്റസകളാണ് പുതുതായി അംഗീകാരം നേടിയത്.

സമസ്തസെന്ററിൽ നടന്ന ബോർഡ് എക്സിക്യൂട്ടീവ് യോഗത്തിൽ പ്രസിഡന്റ് സയ്യിദ് അലി ബാഫഖി അധ്യക്ഷത വഹിച്ചു. പ്രൊഫ. എ കെ അബ്ദുൽഹമീദ് സ്വാഗതവും പ്രൊഫ. കെ എം എ റഹീം നന്ദിയും പറഞ്ഞു. സിപി സൈതലവി മാസ്റ്റർ വരവ് ചെലവ് കണക്കും എൻ അലി അബ്ദുള്ള വാർഷിക റിപ്പോർട്ടും അവതരിപ്പിച്ചു. സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലി, സയ്യിദ് അബ്ദുൽ ഫത്താഹ് അവേലം, സയ്യിദ് ഫസൽ തങ്ങൾ, അബൂഹനീഫൽ ഫൈസി, വിപിഎം വില്യാപ്പള്ളി, ഡോ. അബ്ദുൽ അസീസ് ഫൈസി, പി എസ് കെ മൊയ്തു ബാഖവി, മുഹമ്മദലി സഖാഫി തൃക്കരിപ്പൂർ, കൂറ്റമ്പാറ അബ്ദുറഹ്മാൻ ദാരിമി, കെ കെ അബ്ദുറഹ്മാൻ മുസ്‌ലിയാർ, പിസി ഇബ്‌റാഹീം മാസ്റ്റർ, സുലൈമാൻ സഖാഫി കുഞ്ഞുകുളം, ഇ യഅ്ഖൂബ് ഫൈസി, അബ്ദുറഹ്മാൻ മദനി ജപ്പു, കെ കെ എം കാമിൽ സഖാഫി, ശാദുലി ഫൈസി, ഡോ ഹാജി എം എ നാസിർ ഹിശാമി, കെ കെ മുഹമ്മദലി ഫൈസി, വിഎച്ച് അലി ദാരിമി സംബന്ധിച്ചു.

## അലി ബാഫഖി, കാന്തപുരം, സയ്യിദ് കെ എസ് വീണ്ടും സാരഥികൾ

കോഴിക്കോട്: സമസ്ത കേരള സുന്നി വിദ്യാഭ്യാസ ബോർഡ് സാരഥികളായി സയ്യിദ് അലി ബാഫഖി(പ്രസി.) കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ (ജന. സെക്ര.) സയ്യിദ് കെ എസ് ആറ്റക്കോയ (ട്രഷ.) വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു.

സമസ്തസെന്റർ ഓഡിറ്റോറിയത്തിൽ നടന്ന ബോർഡ് ജനറൽ കൗൺസിൽ 5 വൈസ് പ്രസിഡണ്ടുമാരും 6 സെക്രട്ടറിമാരും ഉൾക്കൊള്ളുന്ന 50 അംഗപ്രവർത്തക സമിതിയെയും 21 അംഗ സെക്രട്ടറിയേറ്റിനെയും വിവിധ സബ്കമ്മിറ്റികളെയും തിരഞ്ഞെടുത്തു. സയ്യിദ് അലി ബാഫഖി അധ്യക്ഷത വഹിച്ചു. പട്ടുവം കെ പി അബൂബക്കർ മുസ്‌ലിയാർ ഉദ്ഘാടനം ചെയ്തു. കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ മുഖ്യപ്രഭാഷണം നടത്തി. പ്രൊഫ. എ കെ അബ്ദുൽഹമീദ് സ്വാഗതം പറഞ്ഞു. എൻ അലി അബ്ദുല്ല റിപ്പോർട്ടും സിപി സൈതലവി മാസ്റ്റർ വരവ് ചെലവ് കണക്കും അവതരിച്ചു.

സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലി, സി മുഹമ്മദ് ഫൈസി, വിപിഎം വില്യാപ്പള്ളി, വണ്ടൂർ അബ്ദുറഹ്മാൻ ഫൈസി, അബൂഹനീഫൽ ഫൈസി, മാരായമംഗലം അബ്ദുറഹ്മാൻ ഫൈസി തുടങ്ങിയവർ ചർച്ചകൾക്ക് നേതൃത്വം നൽകി.

## അറിവുപോലെ പ്രധാനമാണ് അച്ചടക്കവും: കാന്തപുരം

### ജാമിഅ മർകസ് പഠനാരംഭം പ്രൗഢമായി

കോഴിക്കോട് : കാരന്തൂർ ജാമിഅ മർകസ് വിദ്യാർത്ഥികളുടെ ഈ വർഷത്തെ പഠനാരംഭം ഇഫ്തിതാഹ് പ്രൗഢമായി. ചാൻസിലർ കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ ഹദീസുറഹ്മ ചൊല്ലിക്കൊടുത്തുകൊണ്ട് ഉദ്ഘാടനം ചെയ്തു. ഇസ്‌ലാമിക ജ്ഞാന പാരമ്പര്യത്തിൽ അറിവു പോലെ പ്രാധാന്യമർഹിക്കുന്ന മൂല്യങ്ങളാണ് അച്ചടക്കവും അനുധാവനവുമെന്ന് അദ്ദേഹം പറഞ്ഞു. ഗുരുമുഖങ്ങളിൽ നിന്നു നേടുന്ന അറിവുകൾക്കൊപ്പം തിരുചര്യയിലൂടെ കൈമാറിപ്പോന്ന അച്ചടക്കവും അനുധാവനവും ശീലിക്കുമ്പോഴാണ് പണ്ഡിതർക്ക് സമൂഹത്തിൽ മാറ്റങ്ങൾ സൃഷ്ടിക്കാൻ സാധിക്കുകയെന്നും അദ്ദേഹം പറഞ്ഞു.

19 സംസ്ഥാനങ്ങളിൽ നിന്നായി ആയിരത്തിലധികം വിദ്യാർത്ഥികൾ പഠിതാക്കളായെത്തി. മർകസ് കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ വിവിധ ഡിപ്പാർട്ട്മെന്റ് മേധാവികളും അധ്യാപകരും പങ്കെടുത്തു.

തഖസ്സുസ്, കുല്ലിയ്യ ഉസൂലുദ്ദീൻ, കുല്ലിയ്യ ശരീഅ, കുല്ലിയ്യ ലുഗ അറബിയ്യ, കുല്ലിയ്യ ദിറാസത്തുൽ ഇസ്‌ലാമിയ്യ വൽ ഇജ്തിമാഇയ്യ തുടങ്ങിയ ഫാക്കൽട്ടികളിലായി 620 വിദ്യാർത്ഥികളാണ് ഈ വർഷം പുതുതായി പ്രവേശനം നേടിയത്. സമീപകാലത്ത് വിടപറഞ്ഞ അധ്യാപകരെയും മർകസ് സ്ഥാപക നേതാക്കളെയും ചടങ്ങിൽ അനുസ്മരിച്ചു.

ചാൻസിലർ സി മുഹമ്മദ് ഫൈസി അധ്യക്ഷത വഹിച്ചു. പ്രോ ചാൻസിലർ ഡോ. ഹുസൈൻ സഖാഫി ചുള്ളിക്കോട് സന്ദേശപ്രഭാഷണം നടത്തി. സീനിയർ മുദരിസ് വിപിഎം വില്യാപ്പള്ളി പ്രാർത്ഥനക്ക് നേതൃത്വം നൽകി. കുഞ്ഞിമുഹമ്മദ് സഖാഫി പറവൂർ സ്വാഗതം പറഞ്ഞു. അബ്ദുൽ അസീസ് സഖാഫി, പിസി അബ്ദുള്ള ഫൈസി, അബ്ദുള്ള സഖാഫി മലയമ്മ, സയ്യിദ് ജസീൽ കാമിൽ സഖാഫി, ഉമറലി സഖാഫി, മുഹ്‌യിദ്ദീൻ സഅദി, നൗശാദ് സഖാഫി, അബ്ദുൽഗഫൂർ അസ്ഹരി, ബശീർ സഖാഫി, സൈനുദ്ദീൻ അഹ്സനി, അബൂബക്കർ കൗസർ സഖാഫി, അബ്ദുറഹ്മാൻ സഖാഫി, സുഹൈൽ അസ്ഹരി, ഇ കെ മുസ്തഫ സഖാഫി സംബന്ധിച്ചു.

## ഗൾഫ് സെക്ടർ, ഇംഗ്ലീഷ് മീഡിയം പൊതുപരീക്ഷാ ഫലങ്ങൾ

കോഴിക്കോട്: ഇസ്‌ലാമിക് എജ്യൂക്കേഷണൽ ബോർഡ് 2026 ഏപ്രിൽ 3, 4, 5 തീയതികളിൽ യുഎഇ, ഒമാൻ, ബഹ്റൈൻ, സൗദി അറേബ്യ, കുവൈത്ത്, ഖത്തർ എന്നീ ഗൾഫ് രാജ്യങ്ങളിൽ നടത്തിയ അഞ്ച്, ഏഴ്, പത്ത്, പന്ത്രണ്ട് ക്ലാസുകളിലെ മദ്റസ പൊതുപരീക്ഷ ഫലം പ്രഖ്യാപിച്ചു. 98 സെന്ററുകളിലായി 2516 വിദ്യാർത്ഥികൾ പരീക്ഷ എഴുതിയതിൽ 2503 പേർ ഉപരിപഠനത്തിന് അർഹരായി. 160 സൂപ്പർവൈസർ മാരുടെയും 15 സൂപ്രണ്ടുമാരുടെയും നേതൃത്വത്തിലാണ് പരീക്ഷകൾ നടത്തിയത്. അഞ്ചാംതരത്തിൽ 98.25 ശതമാനവും ഏഴാംതരത്തിൽ 99.03 ശതമാനവും പത്താംതരത്തിൽ 99 ശതമാനവും പന്ത്രണ്ടാം തരത്തിൽ 100 ശതമാനവും കുട്ടികൾ ഉപരിപഠനത്തിന് അർഹത നേടി.

2026 മാർച്ച് 7, 8 തീയതികളിൽ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ നടത്തിയ അഞ്ച്, ഏഴ് ക്ലാസുകളിലെ മദ്റസ പൊതുപരീക്ഷ ഫലം പ്രഖ്യാപിച്ചു. മൊത്തം പരീക്ഷയെഴുതിയ വിദ്യാർത്ഥികളിൽ 98 ശതമാനം തുടർപഠനത്തിന് യോഗ്യത നേടി. www.samastha.in എന്ന വെബ്സൈറ്റിൽ പരീക്ഷാഫലം ലഭ്യമാണ്.

## കമാലുദ്ദീൻ മുസ്‌ലിയാർ മാതൃകാ നേതാവ്

കണ്ണൂർ: സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ ആശയാദർശങ്ങൾ അടിസ്ഥാനമാക്കി സുന്നി സംഘടനകളുടെ പ്രചാരണരംഗത്ത് പ്രായം വകവെക്കാതെ പ്രവർത്തിക്കുകയും നേതൃത്വം നൽകുകയും ചെയ്ത കെ പി കമാലുദ്ദീൻ മുസ്‌ലിയാർ പ്രവർത്തകർക്ക് മാതൃകയായിരുന്നുവെന്ന് എസ് ജെ എം സംസ്ഥാന ട്രഷറർ വി പി എം വില്യാപ്പള്ളി. കമാലുദ്ദീൻ മുസ്‌ലിയാരുടെ ചരമത്തിന്റെ നാല്പതാം ദിവസം കണ്ണൂർ അബ്റാറിൽ എസ് ജെ എം ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച അനുസ്മരണം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വി വി അബൂബക്കർ സഖാഫി അധ്യക്ഷത വഹിച്ചു. പട്ടുവം കെ പി അബൂബക്കർ മുസ്‌ലിയാർ അനുസ്മരണ പ്രഭാഷണം നടത്തി. അലികുഞ്ഞി ദാരിമി, അബ്ദുറശീദ് ദാരിമി, റഫീഖ് അമാനി, ആർ അബ്ദുറഹ്മാൻ സഖാഫി, ബി മഹ്മൂദ് മൗലവി, ശംസുദ്ദീൻ സഖാഫി പ്രസംഗിച്ചു. സമസ്ത കേന്ദ്രമുശാവറ അംഗം എംവി അബ്ദുല്ല മുസ്‌ലിയാർ പ്രാർത്ഥനക്ക് നേതൃത്വം നൽകി.

റൈഹാൻ

# മാഞ്ഞുപോകാത്ത മധുരങ്ങൾ



വൃദ്ധൻ പാതയോരത്തെ
തേന്മാവിന്റെ തണലിലിരുന്ന്
വിശ്രമിക്കുകയായിരുന്നു.
വിയർപ്പിന്റെ കറപിടിച്ച മുണ്ടും
മണ്ണിൽ പൊതിഞ്ഞ പാദങ്ങളും
മണ്ണിനോട് മല്ലിട്ട് തേഞ്ഞുപോയ
പഴയൊരു മൺവെട്ടിയും
അധ്വാനത്തിന്റെ കഥ പറഞ്ഞു.

ഞെട്ടറ്റു വീണാ മാത്രയിൽ,
ഒരു തേനൂറും മാമ്പഴം.
തൊലി ചുളിഞ്ഞെല്ലിച്ച വിരലുകൾ
വാരിയെടുത്തതിനെ വേഗം
ഒരു കുഞ്ഞിനെയെന്നപോൽ!

കന്നിന് പുല്ലുവെട്ടാനുള്ള
കുഞ്ഞരിവാൾ കൊണ്ട് കീറി
ഒരു തുണ്ട് വായിൽ വച്ചുനോക്കി!
ഹാ! മധുരം, മനോഹരം!
അധ്വാനത്തിന്റെ രുചി
വിയർപ്പിന്റെ സുഗന്ധം!
ദൈവത്തിനായിരം സ്തുതി.

ഉപ്പുപ്പ നട്ട മരത്തിൽ നിറയെ
മധുരമൂറുന്ന കനികളുണ്ടാകുന്നു,
അവയിന്നെന്റെ വിശപ്പകറ്റുന്നു.
ചെറുവണ്ടും കിളികളും അണ്ണാനും
മറ്റനേകം അവകാശികളും
ആ മധുരം നുണയുന്നു,
ഉപ്പുപ്പയും ഖബ്റിൽ അതിന്റെ
മധുരം ആസ്വദിക്കുന്നു.

ആത്മഗതത്തിനിടെ,
ഓടിയെത്തിയ കുഞ്ഞുമോൻ
ഉപ്പുപ്പാ, ഉപ്പുപ്പാ എന്നുവിളിച്ച്
മാമ്പഴത്തിനു ചാട്ടമായി!
അതവന്റെ കുഞ്ഞിക്കൈകളിൽ
വെച്ചുകൊടുത്തു ഉപ്പുപ്പ.

പിന്നെ, മൺവെട്ടിയുമായി
മണ്ണിലേക്കിറങ്ങി; വെയിലിലേക്കും.
ഈ ചൂടിനെല്ലാം നാളെ,
നാവിൽ നിന്നു മാഞ്ഞുപോകാത്ത
മധുരമുണ്ടാകുമല്ലോ എന്നോർത്ത്!
അകലെ, തണലിലിരുന്ന്
മാമ്പഴം നുണയുന്ന ബാല്യമപ്പോൾ
അത് കാണുന്നുണ്ടായിരുന്നു.

Printed & Published by Kunhalavi musliyar on behalf of Samastha Isalamic Centre, Jaferkhan Colony, P.O Eranhipalam
Kozhikode - 673006 and printed at Al kamal offset, East Nadakkavu, Kozhikode, Editor : VP Moidu Faizy Villyapally